H 48
K 13

പിതാവിൻ പക്കലേക്ക് – 4



# ക്രിസ്തു നമ്മെ നയിക്കുന്നു

# ക്രിസ്തു നമ്മെ നയിക്കുന്നു

## നാലാം ക്ലാസ്സ്

DHARMARAM COLLEGE LIBRARY
34022
BANGALORE
H48
K13

P. O. C. PUBLICATIONS NO. 8

# പിതാവിൻ പക്കലേയ്ക്കു്—IV

# ക്രിസ്തു നമ്മെ നയിക്കുന്നു

## നാലാം ക്ലാസ്സ്

**TEXT BOOK COMMITTEE**

Mgr. Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L. D., Ph. D.
Fr. Joseph Kannath, (Diploma-Lumen Vitae)
Mr. Kurian Vempeni, B. O. L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Sadhu Ittiavirah
Fr. Sebastian Thuruthel, M. A.
Miss Thressiakutty, (Diploma-Munich)
Fr. Xavier Cherupallikkatt, M. A.

P. O. C. Publications No. 8

| | |
|---|---|
| Nihil Obstat | Very Rev. Fr. Dominic, O. C. D., and Rev. Fr. John Kunnappally |
| Imprimatur | Cardinal Joseph Parecattil, Abp. of Ernakulam<br>Dr. Joseph Attipetty, Abp. of Verapoly<br>Dr. Benedict Mar Gregorios, Abp. of Trivandrum<br>Dr. Mathew Kavukatt, Abp. of Changanacherry |
| Date | May 1, 1969 |
| Published | by Pastoral Orientation Centre, Kerala - India |
| Copyright | (c) 1969 Pastoral Orientation Centre, Kerala - India<br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |
| Printed | at The Orient Litho Press, Sivakasi |

# ഉള്ളടക്കം


(പേജ്)

1 നമ്മുടെ നേതാവായ ക്രിസ്തു 1

2 ദൈവമക്കൾക്കുള്ള നേട്ടങ്ങൾ 5

3 സമരത്തിനുള്ള ഒരുക്കം 8

4 ഏററവും വലിയ തിന്മ 12

5 മക്കൾക്കുള്ള കല്പനകൾ 16

6 സ്നേഹത്തിൻെറ പ്രമാണം 20

7 ഞാനാകുന്നു നിൻെറ ദൈവമായ കർത്താവ് 24

8 സർവ്വോപരി ദൈവം 28

9 ദൈവത്തിൻെറ നാമം പരിശുദ്ധമാകുന്നു 31

10 കർത്താവിൻെറ ദിവസം 35

11 നമ്മുടെ സമർപ്പണം 38

12 നമ്മുടെ കുർബാന
- A. മലബാർ ക്രമത്തിൽ 41
- B. ലത്തീൻ ക്രമത്തിൽ 51
- C. മലങ്കര ക്രമത്തിൽ 59

13 മാതാപിതാക്കളെ ബഹുമാനിക്കണം 68

14 നിൻെറ സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കുക 72

15 ശുദ്ധതയുടെ ശക്തി 76

16 വസ്തുക്കളുടെ വിനിയോഗം 79

17 സത്യസന്ധത 82

18 സഭയുടെ കല്പനകൾ 85

19 പഠനവും ജോലിയും 89

20 പ്രകാശത്തിൻെറ മക്കൾ 93

21 പാപമോചനവും ഹൃദയസമാധാനവും 97

22 നിത്യസമ്മാനം 101

ഏതാനും നമസ്കാരങ്ങൾ 105

"പിതാവിൻപക്കലേയ്ക്കു്"

# Catechetical Text Book Series for All Kerala

**Sponsored by**

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr. Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

# ആമുഖം

സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയിലൂടെ നമ്മെ നയിക്കുന്ന ക്രിസ്തു വിനെ അനുഗമിക്കാൻ കുട്ടികളെ സഹായിക്കുകയാണ് ഈ ചെറുഗ്രന്ഥത്തിന്റെ ദൗത്യം. ക്രിസ്തുവിനെ അനുഗമിക്കുന്നതിനും ദൈവത്തിന്റെ മക്കളായി ജീവിക്കുന്നതിനും ആവശ്യകമായ എല്ലാ അനുഗ്രഹങ്ങളും നമുക്ക് ഓരോരുത്തർക്കും ലഭിക്കുന്നുണ്ട്.

ക്രിസ്തുനാഥൻ ഏററം മഹാനായ നേതാവാണ്. വിശ്വ സ്തതയും ധീരതയും ഉള്ള അനുഗാമികളെയാണ് അവിടുന്ന് അന്വേഷിക്കുന്നത്. അവിടുത്തെ അനുഗമിക്കുന്നവർ ഓരോ ദിവസവും അവിടുത്തെപ്പോലെയാകുന്നതിനു പരിശ്രമിക്കണം.

കുട്ടികൾ വളർന്നുകൊണ്ടാണിരിക്കുക. വത്സരങ്ങൾ കടന്നു പോകുംതോറും തങ്ങളിലും അന്യരിലും ലോകത്തിലും നന്മ കണ്ടെത്തുവാൻ കഴിയും കുട്ടികൾക്ക്. എങ്കിലും ജീവിതത്തിൽ അവർ കണ്ടെത്തുന്നതെല്ലാം നന്മമാത്രമല്ല. തിന്മയുടെ വശീക രണങ്ങളും കെണികളും എമ്പാടും വലയംചെയ്തിരിക്കുന്നതും അവർ കാണും.

നന്മ പുലരുന്നതിനും തിന്മ തളരുന്നതിനും ഓരോരുത്തരും പരിശ്രമിക്കണം എല്ലാവർക്കും, വിശിഷ്യ, ക്രൈസ്തവർക്കുമുള്ള വിശിഷ്ടമായ ദൈവവിളിയാണിത്. ദൈവത്തിൽനിന്നുള്ള ഈ വിളി സ്വീകരിക്കുന്നതിനുതകിയ മാർഗ്ഗം ദൈവപ്രമാണങ്ങ ളുടെ അനുഷ്ഠാനമാണ്. മതപഠനത്തിന്റെ നാലാം വത്സരത്തിൽ ദൈവപ്രമാണങ്ങളാണു പഠനവിഷയം. ദൈവത്തിന്റെ സ്നേഹ ത്തിനും ദാനങ്ങൾക്കും നന്ദി പ്രദർശിപ്പിക്കുന്നതിന് ഏററവും നല്ല മാർഗ്ഗം അവിടുത്തെ തിരുച്ചിത്തം നിറവേററുകത്രേ.

''പിതാവിൻപക്കലേയ്ക്കു'' എന്ന ഗ്രന്ഥപരമ്പരയുടെ ആദ്യ ത്തെ മൂന്നു പുസ്തകങ്ങളിലെന്നതുപോലെ ഈ നാലാം പുസ്തക ത്തിലും ഓരോ പാഠത്തിനും മൂന്നു പ്രധാന ഭാഗങ്ങളുണ്ട്: തയ്യാ റെടുപ്പ്, സന്ദേശം, സന്ദേശത്തിന്റെ സ്വീകരണം. ഈ ഭാഗ ങ്ങളും മതാഭ്യസനത്തിൽ കുട്ടികളെ സഹായിക്കാൻ മാതാപിതാ ക്കൾ കൈക്കൊള്ളേണ്ട മാർഗ്ഗങ്ങളും മുൻപുസ്തകങ്ങളിൽ വിവരി

ച്ചിട്ടുള്ളതു് ഓർക്കുമല്ലൊ. മതപഠനത്തിൻെറ നാലാം വത്സരത്തിലും മാതാപിതാക്കന്മാരുടെ സഹകരണത്തിനു വലിയ സ്ഥാനമുണ്ടെന്നു വിസ്മരിക്കരുതു്. ഫലപ്രദമായി ഇതിലെ പാഠങ്ങൾ മനസ്സിലാക്കുന്നതിനും കൈകാര്യംചെയ്യുന്നതിനും ഇതിൻെറ ''അദ്ധ്യാപക സഹായി'' ആവശ്യകമാണു്.

''പിതാവിൻ പക്കലേയ്ക്കു്'' എന്ന പൊതുശീർഷകത്തിൽ ''പാസ്റ്റോറൽ ഓറിയെൻറേഷൻ സെൻറർ'' പ്രസിദ്ധീകരിക്കുന്നനാലാമത്തെ ഗ്രന്ഥമാണു്, ''ക്രിസ്തു നമ്മെ നയിക്കുന്നു.'' ഈപരമ്പര On Our Way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ അനുകരണമത്രേ.


കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടേയും പ്രയത്നവും ഫലമണിഞ്ഞതാണു് ഈ ഗ്രന്ഥപരമ്പര. പോരായ്മകൾ ഇവയിൽ പലതുണ്ടാവാം. അവ പരിഹരിക്കാൻ ലഭിക്കുന്ന ഒരവസരംപോലും പാഴാകാതിരിക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. നാനാതരത്തിലുള്ള സഹായസഹകരണങ്ങൾ കൊണ്ടു ഞങ്ങളെ അനുഗ്രഹിച്ചവരോടും, വിശിഷ്യ ഗാനങ്ങൾ നൽകിയവരോടും * ഞങ്ങൾക്കു കടപ്പാടുണ്ടു്. മതപഠനരംഗത്തു നൂതനപാതകൾ തുറക്കുകയും പുതുവെളിച്ചം പരക്കുകയുംചെയ്യുക വലിയൊരാവശ്യമാണു്. നാളത്തെ തലമുറയെ നേതാവും ജേതാവുമായ ക്രിസ്തുവിലൂടെ സ്നേഹനിധിയായ പിതാവിങ്കലേയ്ക്കു നയിക്കുന്നതിനു പരിശുദ്ധാത്മാവിൻെറ പ്രകാശം നമുക്കപ്രാർത്ഥിക്കാം.

എന്നു്,

P. O. C.,                കമ്മിററിക്കുവേണ്ടി.
19-3-1969                ഫാ. ജോസഫ് കണ്ണത്തു്

---

* ഫാ. ഫോസ്റ്റിൻ കപ്പുച്ചിൻ (പാഠങ്ങൾ 19,20,21)
ഫാ. ആബേൽ സി. എം. ഐ. (പാഠങ്ങൾ 1,14,22)
''ദിവ്യബലിഗാനങ്ങൾ'' (പാഠങ്ങൾ 10,12)



1

# നമ്മുടെ നേതാവായ ക്രിസ്തു

ഈശോ ഗലീലയാക്കടലിൻെറ തീരത്തുക്കൂടെ നടക്കുകയായിരുന്നു. അപ്പോൾ ശിമയോനും സഹോദരൻ അന്ത്രയോസും കടലിൽ വലവീശിക്കൊണ്ടിരിക്കുന്നതായിക്കണ്ടു. അവർ മീൻ പിടിത്തക്കാരായിരുന്നു.

ഈശോ അവരോട്ട്, "എൻെറ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്നു പറഞ്ഞു. അവർ ഉടനെ വലകൾ ഉപേക്ഷിച്ച് അവിടുത്തോടുകൂടെ പോയി. അവിടുന്ന് കുറെക്കൂടി മുമ്പോട്ടു ചെന്നപ്പോൾ യാക്കോബും യോഹന്നാനും പിതാവായ സെബദിയോടൊരു

മിച്ചു് ഒരു പടവിലിരുന്നു വല നന്നാക്കുന്നതു കണ്ടു. ആ സഹോദരന്മാരേയും അവിടുന്നു വിളിച്ചു. അവരും ഉടനെ വലകൾ ഉപേക്ഷിച്ചു് അവിടുത്തെ അനുഗമിച്ചു (മത്തായി 4: 18—22).

ദൈവം തൻെറ തിരുക്കുമാരനെ ലോകത്തിലേയ്ക്കയച്ചു നമ്മോടുള്ള അതിരററ സ്നേഹം വെളിവാക്കി. ദൈവവും മനുഷ്യനുമായ ഈശോമിശിഹായാണു നമ്മുടെ രക്ഷകനും നേതാവും. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിങ്കലേയ്ക്കു നമ്മെ നയിക്കുവാൻ ക്രിസ്തുവിനുമാത്രമേ കഴിയൂ. അവിടുത്തെ അനുഗമിച്ചാൽ നമുക്കു സൗഭാഗ്യം ലഭിക്കും.

എല്ലാ നേതാക്കന്മാരിലും ശ്രേഷ്ഠനാണു് ഈശോ. സർവ്വശക്തനും നിത്യനും കരുണാവാരിധിയും സർവ്വജ്ഞനും ആണവിടുന്നു്. നിത്യജീവനിലേയ്ക്കുള്ള വഴിയും അവിടുന്നുതന്നെ.



ആദ്യം പന്ത്രണ്ടുപേരെയാണ് ഈശോ തൻെറ ശിഷ്യന്മാരായി തിരഞ്ഞെടുത്തതു്. തൻെറ സഭയെ നയിക്കുന്നതിനുവേണ്ട പരിശീലനം അവിടുന്നു് അവർക്കു നല്കി. ക്രിസ്തു പഠിപ്പിച്ചവ കത്തോലിക്കാസഭയിൽ നാം കാണുന്നു.

ക്രിസ്തു പഠിപ്പിച്ച സത്യങ്ങൾ വിശ്വസിക്കുവാൻ എല്ലാവർക്കും കടമയുണ്ടു്. ക്രിസ്തുവിനെപ്പോലെ അവരും സ്വർഗ്ഗീയ പിതാവിനെ അനുസരിക്കണം. ''ഞാൻ എപ്പോഴും എൻെറ പിതാവിനു് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നു'' എന്നു് ഈശോ അരുൾചെയ്തിട്ടുണ്ടു്.

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്നു്:

''ഞാനാകുന്നു വഴിയും സത്യവും ജീവനും. ഞാൻവഴിയല്ലാതെ ആരും പിതാവിൻെറ പക്കലെത്തുന്നില്ല.''

(യോഹ. 14 : 6)

''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശം ലഭിക്കും.'' (യോഹ. 8 : 12)

1. ഈശോയെ അനുഗമിക്കുവാൻ നിങ്ങൾ തയ്യാറാണോ?

2. നമ്മുടെ നേതാവായ ക്രിസ്തു നമ്മിൽനിന്നു് ആഗ്രഹിക്കുന്നതെന്താണു്? നാം തന്നെ അനുഗമിക്കണമെന്നാണു് അവിടുത്തെ ആഗ്രഹം.

3. ക്രിസ്തുവിനെ അനുഗമിക്കുവാൻ നാം എന്തുചെയ്യണം?

## പാടാൻ

മിശിഹാ കർത്താവേ,
മാനവരക്ഷകനേ,
നരന്നു വിമോചനമേകിട്ടവാൻ
നരനായ് വന്നുപിറന്നവനേ.

മിശിഹാ....

മാലാഖമാരൊത്തു ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ:
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ, നീ പരിശുദ്ധൻ.

മിശിഹാ....

## പ്രവർത്തിക്കാൻ


ഞാൻ വേദകാര്യങ്ങൾ പഠിപ്പിക്കുന്നവരെ ആദരിക്കും.

ഞാൻ മതകാര്യങ്ങൾ പഠിക്കുന്നതിൽ തൽപരനായിരിക്കും.

താഴെക്കൊടുത്തിരിക്കുന്ന വാക്കുകൾ ഉചിതമായവിധം ചേർത്ത് കോളം പൂരിപ്പിക്കുക:

ധീരനാണ്, സർവ്വദയാപരനാണ്, ശക്തനാണ്, നിത്യനാണ്, സർവ്വജ്ഞനാണ്, ബുദ്ധിമാനാണ്, സർവ്വശക്തനാണ്, ദയാലുവാണ്.

| ഒരു നല്ല നേതാവ് | നമ്മുടെ നേതാവായ ക്രിസ്തു |
|---|---|
| 1. ........................ | 1. ........................ |
| 2. ........................ | 2. ........................ |
| 3. ........................ | 3 ........................ |
| 4. ........................ | 4. ........................ |




2

# ദൈവമക്കൾക്കുള്ള നേട്ടങ്ങൾ

ഇസ്രായേൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. അവക്ക് ഒരു രാജാവിനെ അഭിഷേകം ചെയ്യുന്നതിനു തൻെറ ദാസനായ സാമുവേലിനെ ദൈവം ബെത്ലഹമിലേക്കു യച്ചു. ദാവീദ് എന്നൊരാളുടെ സമീപമെത്തിയപ്പോൾ സാമുവേലിനു്, ''ഇതാ ഇവൻതന്നെ. ഇവനെ നീ അഭിഷേകം ചെയ്യുക'' എന്നു ദൈവത്തിൽനിന്നു് അറിയിപ്പുണ്ടായി. അതനുസരിച്ചു ദാവീദിനെ അവൻെറ സഹോദരന്മാരുടെ മദ്ധ്യത്തിൽവച്ചു തൈലംപൂശി സാമുവേൽ അഭിഷേകംചെയ്തു. അതോടെ കത്താവിൻെറ അരൂപി ദാവീദിൻെറ മേലുണ്ടായി.''
(I രാജാക്കന്മാർ 16 : 12— 13)

ദാവീദ് ഒരു ഇടയച്ചെറുക്കനായിരുന്നു. എന്നാൽ, അഭിഷേകത്തോടെ ദൈവത്തിൻെറ അനുഗ്രഹം അവനിലുണ്ടായി. നാടു ഭരിക്കുന്നതിനുവേണ്ട അറിവും വിവേകവും അവനു ലഭിച്ചു.



മാമ്മോദീസ വഴി ദൈവമക്കളായിത്തീർന്നിരിക്കുന്ന നമ്മിൽ ദാവീദിലുണ്ടായതിനെക്കാൾ വലിയ മാററങ്ങളാണുണ്ടാകുന്നത്. ദൈവത്തിൻെറ ജീവനിലും സ്നേഹത്തിലും നമുക്കു പങ്കാളിത്തം ലഭിക്കുന്നു. ഈ ദൈവികജീവനെ ശുദ്ധീകരവരപ്രസാദമെന്നു വിളിക്കുന്നു. അതിനുംപുറമെ, ദൈവമക്കളായി ജീവിക്കുവാൻ വേണ്ട നല്ല പ്രേരണകളും സഹായങ്ങളും ദൈവം നമുക്കു തരുന്നു. ഈ പ്രത്യേക സഹായമാണു പ്രേരകവരപ്രസാദം. നമ്മുടെ മനസ്സിനെ പ്രകാശിപ്പിച്ചു നന്മതിന്മകൾ തിരിച്ചറിയുവാൻ ഇതു സഹായിക്കുന്നു. ഉത്തമമായി ജീവിക്കുന്നതിനാവശ്യകമായ മനക്കരുത്തും ഇതുവഴിയാണു ലഭിക്കുന്നത്.

ഈ പ്രേരണകളനുസരിച്ചു ജീവിച്ചെങ്കിലേ നമുക്കു സ്വർഗ്ഗത്തിലെത്തുവാൻ കഴിയൂ.

## ഓമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

''പിതാവിനു നമ്മോടു് എത്രമാത്രം സ്നേഹമുണ്ടെന്നു നോക്കുവിൻ! അവിടുന്നു നമ്മെ മക്കളെന്നു വിളിച്ചു. നാം മക്കൾ തന്നെയാണു്.'' ( I യോഹ: 3 : 1 )

1. പ്രസാദവരം നമ്മിൽ എന്തു മാററമുണ്ടാക്കുന്നു?

2. പ്രേരകവരപ്രസാദമെന്നാൽ എന്തു്?

3. ദൈവികപ്രേരണകളെ എപ്പോഴെങ്കിലും നിങ്ങൾ തള്ളിക്കളഞ്ഞിട്ടുണ്ടോ?

4. ഈ പ്രേരണകളനുസരിച്ചു ജീവിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ?

## പ്രവർത്തിക്കാൻ

നന്ദിയോടെ ഞാൻ താഴെ വരുന്ന പ്രാത്ഥന ചൊല്ലും:

''പിതാവേ, ഞങ്ങൾക്കുതന്ന പ്രസാദവരത്തിനായി അങ്ങേയ്ക്കു നന്ദി. ഈ അനുഗ്രഹംവഴി ഞങ്ങൾ അവിടുത്തെ മക്കളായിത്തീന്നിരിക്കുന്നു. ഞങ്ങൾ ചെയ്യുന്നതെല്ലാം അങ്ങേയ്ക്കിഷ്ടമുള്ളതും അങ്ങേയ്ക്കു യോജിച്ചതും ആവട്ടെ!''

പൂരിപ്പിക്കുക:–

മാമ്മോദീസ സ്വീകരിച്ചപ്പോൾ എനിക്കു പ്ര ................ ..................... ലഭിച്ചു. തന്റെ മക്കളായി ജീവിക്കാൻ പ്രേ.... ........................വഴി ദൈവം നമ്മെ സഹായിക്കുന്നു. ................................ ൽ പോകുന്നതിനു പ്രസാദവരം കൂടാതെ നിവൃത്തിയില്ല.



## 3

# സമരത്തിനുള്ള ഒരുക്കം

അന്തിയോക്കസ് എന്നൊരു രാജാവ് ഇസ്രായേൽ ജനത്തെ കീഴടക്കി. അന്ന് ഇസ്രായേലിൽ ഒരു കുടുംബത്തിൽ ഏഴ ജ്യേഷ്ഠാനുജന്മാർ ഉണ്ടായിരുന്നു. അവരിൽ ആറുപേരെ ദുഷ്ടനായ അന്തിയോക്കസ് രാജാവു പാപംചെയ്യുവാൻ പ്രേരിപ്പിച്ചു. വിസമ്മതിച്ചതിനാൽ അവരെ അദ്ദേഹം വധിച്ചു. അതിനുശേഷം അവരുടെ ഏററം ഇളയ സഹോദരനെ എങ്കിലും പാപത്തിനു സമ്മതിപ്പിക്കുവാൻ രാജാവു കൂടുതൽ ശ്രമംനടത്തി. സൗമ്യമായി സംസാരിച്ചു. പണവും പദവിയും കൊടുക്കാമെന്നു വാഗ്ദാനംചെയ്തു.

ആ ബാലനാകട്ടെ, ഈ പ്രലോഭനത്തിനൊന്നും വഴങ്ങിയില്ല. അവൻ ഇങ്ങനെ പറഞ്ഞു: "ദൈവകല്പനകൾക്കെതിരായി രാജകല്പനകളെ ഞാൻ അനുസരിക്കുകയില്ല" (2 മക്കബായർ 7 : 24—30). രാജാവിൻെറ ദുഷ്പ്രേരണകൾക്കു വശപ്പെടാതിരിക്കാൻവേണ്ട ഉപദേശം ആ ബാലനു് അവൻെറ അമ്മ നല്കിയിരുന്നു. രാജാവിൽനിന്നു കിട്ടുന്ന ഐശ്വര്യം നില നില്ക്കുന്നതല്ലെന്നും ദൈവത്തിനുമാത്രമേ നശിക്കാത്ത ഭാഗ്യം തരാൻ സാധിക്കുകയുള്ളു എന്നും അമ്മ മകനു പറഞ്ഞുകൊടുത്തിരുന്നു. രാജാവിൻെറ ദുഷ്പ്രേരണകൾക്കു് അവനെ വഴി തെററിക്കാൻ കഴിഞ്ഞില്ല. പാപത്തിനെതിരായ സമരത്തിൽ



പാപം ചെയ്യാൻ പ്രേരണ നമുക്കൊക്കെ ഉണ്ടാകും. ചീത്ത ക്കൂട്ടുകാരിൽനിന്നും ദുഷ്ടവിചാരങ്ങളിൽനിന്നും പിശാചിൽ നിന്നും ഈ പ്രലോഭനങ്ങൾ വരാവുന്നതാണു്. പാപത്തിനു കാരണമായ അവസരങ്ങൾ ഉപേക്ഷിക്കുവാൻ നാം ഉത്സാഹമുള്ള വരായിരിക്കണം.

പ്രലോഭനങ്ങളെ നേരിടുവാൻ പ്രേരകവരപ്രസാദംവഴി ദൈവം നമ്മെ സഹായിക്കുന്നു. നമ്മുടെ കഴിവുകളിൽക്കവിഞ്ഞ

പരീക്ഷ ഉണ്ടാകുവാൻ ദൈവം അനുവദിക്കുകയില്ല. പ്രലോഭനമുണ്ടാവുക ഒരു പാപമല്ല. അവയ്ക്കു മനഃപൂർവ്വം വഴങ്ങിയാലേ പാപമാകയുള്ളൂ.

പ്രലോഭനങ്ങളെ എങ്ങനെ നേരിടണമെന്നു തൻെറ മാതൃകയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചിരിക്കുന്നു. അവിടുന്നു പ്രാർത്ഥിക്കുകയും ഉപവസിക്കുകയുംചെയ്തു. പ്രാർത്ഥനയും കൂദാശകളുടെ സ്വീകരണവും പ്രലോഭനങ്ങളെ അകററുന്നതിനു വളരെ ഉപകരിക്കും. പ്രാർത്ഥന നമ്മെ ദൈവത്തോട്ട് അടുപ്പിക്കുന്നു. കൂദാശകൾ, പ്രത്യേകിച്ച്, കുമ്പസാരവും വിശുദ്ധ കുർബാനയും നമുക്കു ശുദ്ധിയും ശക്തിയും നല്കുന്നു.

പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ?

## ചേരുംപടി ചേർത്തു വരയ്ക്കുക:

| കോളം 1 | കോളം 2 |
|---|---|
| 1. തിന്മചെയ്യാനായി നമുക്കുണ്ടാകുന്ന പ്രേരണയാണ് | 1. ചീത്തക്കൂട്ടുകാരിൽനിന്നും ദുഷ്ടവിചാരങ്ങളിൽനിന്നും പിശാചിൽനിന്നും വരാവുന്നതാണ്. |
| 2. പ്രലോഭനങ്ങളെ ചെറുത്തുനിന്നുകൊണ്ട് | 2. പ്രലോഭനത്തിനു തയ്യാറായിരിക്കണം. |
| 3. ദൈവാനുഗ്രഹത്താൽ | 3. ദൈവത്തോട്ടു പ്രാൎത്ഥിക്കണം. |
| 4. പ്രലോഭനങ്ങൾ | 4. പ്രലോഭനങ്ങൾ അവസരമുണ്ടാക്കിത്തരുന്നു. |
| 5. ദൈവത്തെ സ്നേഹിക്കുന്നവർ | 5. നമുക്കു പ്രലോഭനങ്ങളെ നേരിടാം. |
| 6. ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കുവാൻ | 6. നമ്മൾ ദൈവത്തെ സന്തോഷിപ്പിക്കുന്നു. |
| 7. പ്രലോഭനങ്ങളിൽആദ്യമായിനാം | 7. പ്രലോഭനം. |

## ഓർമ്മിക്കാൻ

**വേദപുസ്തകത്തിൽനിന്നു്:**

"പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ." (ലൂക്കാ 22 : 46)

1. പ്രലോഭനങ്ങളെ എപ്പോഴും ചെറുത്തുനില്ക്കുവാൻ നമുക്കു കഴിയുമോ? എങ്ങനെ?

2. ദൈവാനുഗ്രഹം ലഭിക്കുന്നതിനു പ്രധാന മാർഗ്ഗങ്ങൾ ഏതെല്ലാം?

## പ്രവർത്തിക്കാൻ

**പ്രലോഭനങ്ങളെ നേരിടുന്നതിനു്:**

രാവിലെയും വൈകുന്നേരവും ഞാൻ കൃത്യമായി പ്രാർത്ഥിക്കും: കൂടെക്കൂടെ വിശുദ്ധകുർബാന സ്വീകരിക്കും.

ഞാൻ ചീത്തക്കുട്ടികളുമായി കൂട്ടുകൂടുകയില്ല. കൂട്ടുകൂടുന്നതിലും പുസ്തകം വായിക്കുന്നതിലും സിനിമ കാണുന്നതിലും ഞാൻ വിവേകം പാലിക്കും.





## 4

# ഏററവും വലിയ തിന്മ

മുപ്പത്തെട്ടുവർഷമായി രോഗിയായിരുന്ന ഒരാളെ ഈശോ ഒരിക്കൽ സുഖപ്പെടുത്തി. പിന്നീടു് അവനെ ദൈവാലയത്തിൽ വച്ചു കണ്ടപ്പോൾ ഈശോ അവനോടു് അരുൾചെയ്തു: ''ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ അനർത്ഥം നിനക്കു ണ്ടാകരുതല്ലോ. അതുകൊണ്ടു നീ മേലിൽ പാപംചെയ്യരുതു്'' (യോഹ. 5 : 14).

''ശരീരത്തെ ഹനിക്കുന്നതിൽക്കവിഞ്ഞു മററൊന്നും കഴി യാത്തവരെ ഭയപ്പെടേണ്ടാ എന്നു് എൻെറ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നു. ആരെയാണു ഭയപ്പെടേണ്ടതെന്നു ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. വധിച്ചതിനുശേഷം നരക

ത്തിലേക്കു തള്ളിക്കളയുവാൻ കഴിയുന്നവനെ ഭയപ്പെട്ടുവിൻ. അതേ, അവനെ ഭയപ്പെട്ടുകതന്നെവേണമെന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കാ 12 : 4, 5).

രോഗം, വേദന, മരണം ഇവയൊക്കെ നാം ഭയപ്പെട്ടുന്ന തിന്മകളാണ്. എന്നാൽ, ഇവയെക്കാൾ വലിയ തിന്മയാണു പാപം. എന്തുകൊണ്ടെന്നാൽ, ആത്മാവിലുള്ള പ്രസാദവരത്തെ അതു നശിപ്പിച്ചുകളയുന്നു. ക്രിസ്തുവിൻെറ ശിഷ്യന്മാരിൽ ഒരുവനായ യൂദാസ് പാപം ചെയ്യുന്നതിൽ ഭയമില്ലാത്തവനായിരുന്നു. അയാൾ ദിവ്യഗുരുവിനെ ഒററിക്കൊടുത്തു. അതൊരു വലിയ പാപമായിരുന്നു. അതുവഴി അയാൾ തന്നിലുണ്ടായിരുന്ന ദൈവികജീവൻ നഷ്ടപ്പെടുത്തി. ദൈവത്തെ ധിക്കരിച്ച്, ദൈവികജീവൻ നഷ്ടപ്പെടുത്തുന്ന പ്രവൃത്തിയെ മാരകപാപമെന്നു പറയുന്നു. മാരകം എന്ന വാക്കിൻെറ അർത്ഥം 'കൊല്ലുന്ന' എന്നാകുന്നു.

മാരകപാപമാണു ലോകത്തിലെ ഏററവും വലിയ തിന്മ. അതു് ആത്മാവിലുള്ള പ്രസാദവരത്തെ നശിപ്പിച്ചുകളയുന്നു; പരിശുദ്ധാത്മാവിനെ പുറത്താക്കുകയും ചെയ്യുന്നു.



ഗൗരവമുള്ള കാര്യങ്ങളിൽ ദൈവത്തിൻെറ ഇഷ്ടം നാം ധിക്കരിക്കുമ്പോൾ അതു മാരകപാപമാകും.

നമ്മുടെ രക്ഷയിൽ അത്യധികം താൽപര്യമുള്ളവനാണു ദൈവം. എങ്കിലും മാരകപാപത്തോടുകൂടെ മരിക്കുന്നുവെങ്കിൽ നരകശിക്ഷയായിരിക്കും ഫലം. എല്ലാപാപങ്ങളും ദൈവത്തിനു് അനിഷ്ടകരമാണു്. എന്നാൽ, എല്ലാപാപങ്ങളും മാരകപാപങ്ങളല്ല. ലഘുവായ പാപങ്ങളുമുണ്ടു്. ഇവ പ്രസാദവരം പൂർണ്ണമായി നഷ്ടപ്പെടുത്തുന്നില്ല. എന്നാലും ഇവ ദൈവത്തിനു് അനിഷ്ടം വരുത്തുന്നു; ക്രിസ്തുവിനെ അനുകരിക്കുന്നതിനുള്ള നമ്മുടെ ശുഷ്കാന്തി കുറയ്ക്കുന്നു; കൂടാതെ, ഇവ ക്രമേണ നമ്മെ മാരകപാപത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ലഘുവായ പാപങ്ങളെക്കുറിച്ചും നമുക്കു അനുതാപം ആവശ്യമാണു്. അവയിലുൾപ്പെടാതെ ജീവിക്കാൻ നാം കഴിവതും ശ്രമിക്കുകയും വേണം.

ഏതു പാപങ്ങളിലാണു നിങ്ങൾ കൂടെക്കൂടെ വീഴാറുള്ളതു്? അവയിൽ വീഴാതിരിക്കാൻ എന്താണു പോംവഴി?

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്നു്:

''ഒരുവൻ ലോകം മുഴുവൻ നേടിയാലും എന്തു പ്രയോജനം, തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ? അഥവാ, തന്റെ ആത്മാവിനുപകരം അവൻ എന്തുകൊടുക്കും?''

(മത്തായി 16 : 26)

I 1. മാരകപാപം എന്നാൽ എന്തു്?

2. ഈ പാപത്തെ എന്തുകൊണ്ടാണു മാരകം എന്നു വിശേഷിപ്പിക്കുന്നതു്?

3. ഒരു പാപം മാരകമാകുന്നതു് എപ്പോഴാണു്?

4. ലഘുവായ പാപം എന്നാൽ എന്താണു്?

5. എപ്പോഴാണു ദൈവപ്രമാണലംഘനം ലഘുവാകുന്നതു്?

## II ശരിയോ തെറേറാ എന്നു പറയുക:

1. എല്ലാപാപങ്ങളും ദൈവത്തിനു് അനിഷ്ടകരമാണു്.

2. മാരകപാപം ആത്മാവിലെ പ്രസാദവരം ഇല്ലാതാക്കുന്നു.

3. ലഘുവായ പാപം ചെയ്താലും നരകമായിരിക്കും ശിക്ഷ.

4. നമ്മുടെ അറിവും സമ്മതവും ഇല്ലെങ്കിലും നമ്മൾ മാരകപാപത്തിൽ വീഴും.

5. ലഘുപാപങ്ങൾ നമ്മുടെ ദൈവസ്നേഹത്തിൻെറ തീക്ഷ്ണത കുറയ്ക്കുന്നു.

6. പാപമാണു് ഏററവും വലിയ തിന്മ.

7. പാപംകൂടാതെ ജീവിക്കുവാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

## III ഉചിതമായ പദം ചേർത്തു പൂരിപ്പിക്കുക:

(തിന്മ, അറിവു്, സമ്മതം, പാപം)

1. മാരകപാപമാണു് ഏററവും വലിയ ______


2. പാപത്തെസ്സംബന്ധിച്ച ______ ഇല്ലാത്തിടത്തു പാപമില്ല.

3. ______ മാരകപാപം, ലഘുപാപം എന്നിങ്ങനെ രണ്ടുവിധത്തിലുണ്ടു്.

4. നമ്മുടെ ______ കൂടാതെ നാം ചെയ്യുന്നതു പാപമാവുകയില്ല.

## പ്രവർത്തിക്കാൻ

ഞാൻ ദുശ്ശീലങ്ങൾ മാററിക്കളയുന്നതിനു ശ്രമിക്കും.




# 5

## മക്കൾക്കുള്ള കല്പനകൾ

ദൈവം മോശയോട്ട് ഇങ്ങനെ പറഞ്ഞു: ''മലകയറി എൻെറ അടുക്കലേയ്ക്കു വരുക. പ്രമാണങ്ങൾ കല്ലലകകളിൽ എഴുതി നിനക്കു ഞാൻ തരുന്നുണ്ടു്...'' മലയിലേക്കു മോശ കയറിപ്പോയതോടെ ഒരു മേഘം വന്നു് ആ മലയെ മൂടി. ദൈവത്തിൻെറ തേജസ്സ് സീനാ മലയിൽ നിറഞ്ഞു. ദൈവം മോശയ്ക്കു രണ്ടു കല്ലലക കൊടുത്തു. അവയിൽ പത്തു പ്രമാണങ്ങൾ എഴുതപ്പെട്ടിരുന്നു.

1. നിൻെറ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറെറാരു ദൈവം നിനക്കുണ്ടാകരുതു്.

2. ദൈവത്തിൻെറ തിരുനാമം ആദരം കൂടാതെ ഉപയോഗിക്കരുതു്.

3. കർത്താവിൻെറ ദിവസം പരിശുദ്ധമായി ആചരിക്കണം.

4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.

5. കൊല്ലരുതു്.

6. വ്യഭിചാരം ചെയ്യരുതു്.

7. മോഷ്ടിക്കരുതു്.

8. കള്ളസ്സാക്ഷി പറയരുതു്.

9. അന്യൻെറ ഭാര്യയെ മോഹിക്കരുതു്.

10. അന്യൻെറ വസ്തുക്കൾ ആഗ്രഹിക്കരുതു്.

മോശ വന്നു ദൈവത്തിൻെറ കല്പനകളും താൽപര്യങ്ങളും ജനങ്ങളെ അറിയിച്ചു. അപ്പോൾ അവരെല്ലാവരും ഒരേ സ്വരത്തിൽ ഉദ്ഘോഷിച്ചു: യഹോവ പറഞ്ഞതുപോലെ ഞങ്ങൾ എല്ലാം ചെയ്യുന്നതാണു്. (പുറ: 24 : 2, 15, 3)



യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു ഇസ്രായേൽ. അവക്കു മോശവഴി അവിടുന്നു പത്തു പ്രമാണങ്ങൾ നല്കി. വേദപുസ്തകത്തിൽ ഈ പ്രമാണങ്ങളും അവയോടനുബന്ധിച്ചുള്ള കല്പനകളും കൊടുത്തിട്ടുണ്ട്. ദൈവഹിതം അറിയാനിടയായതിൽ ഇസ്രായേൽക്കാർ ദൈവത്തിനു നന്ദിപറഞ്ഞു; ദൈവഹിതമനുസരിച്ചു ജീവിക്കാൻ പഠിപ്പിക്കണമെന്നു മോശയോടാവശ്യപ്പെടുകയുംചെയ്തു.

നാമെല്ലാവരെയും സംബന്ധിച്ചുള്ള ദൈവഹിതം ഈ പത്തു പ്രമാണങ്ങളിലുണ്ട്. ദൈവസ്നേഹവും പരസ്നേഹവുമാണ് ഈ പ്രമാണങ്ങളുടെ ഉള്ളടക്കം. പ്രമാണങ്ങളനുസരിച്ചു ജീവിക്കുവാൻ നമുക്കൊക്കെ കടമയുണ്ട്. വാസ്തവത്തിൽ ഈ പ്രമാണങ്ങൾ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെയാണു കാണിക്കുന്നത്. പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടാണു നാം ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത്. ഈ പ്രമാണങ്ങളിൽ ഏതെങ്കിലുമൊന്നു ലംഘിക്കുമ്പോൾ നാം പാപത്തിൽ വീഴുന്നു.

നമ്മുടെ നന്മയ്ക്കുവേണ്ടിയാണു പ്രമാണങ്ങൾ. നമുക്കും മററുള്ളവക്കും ഉപദ്രവകരമായി ഒന്നും ചെയ്യരുതെന്നു പ്രമാണങ്ങൾ അനുശാസിക്കുന്നു. പ്രമാണങ്ങളനുസരിച്ച് എല്ലാവരും ജീവിച്ചിരുന്നെങ്കിൽ, ലോകത്തിനു സർവ്വത്ര സമാധാനവും സന്തുഷ്ടിയും കൈവരുമായിരുന്നു.

ദൈവപ്രമാണങ്ങൾ നിങ്ങൾ അനുസരിക്കാറുണ്ടോ? അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടോ?

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്ന്:

''നിത്യായുസ്സിൽ പ്രവേശിക്കുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കല്പനകൾ അനുസരിച്ചുകൊള്ളുക'' (മത്തായി 19 : 17).

ദൈവപ്രമാണങ്ങൾ എത്ര? ഏതെല്ലാം?

## വേദപുസ്തകത്തിൽനിന്നൊരു പ്രാർത്ഥന

"അങ്ങെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ. ഞാൻ അവയെല്ലാം പാലിച്ചുകൊള്ളാം. അങ്ങെ പ്രമാണം എൻെറ പാദങ്ങൾക്കു വിളക്കും, എൻെറ വഴികളിൽ പ്രകാശവുമാകുന്നു."
(സങ്കീർത്തനം 118 : 33, 105)

a) പൂരിപ്പിക്കുക:- പ്രമാണങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ

1. എല്ലാററിനും ഉപരിയായി ഞാൻ........................ സ്നേഹിക്കും.

2. ദൈവത്തിൻെറ തിരുനാമം ഞാൻ..................ക്കൂടെ മാത്രമേ ഉപയോഗിക്കൂ.

3. കർത്താവിൻെറ ദിവസം ഞാൻ..........................ആചരിക്കും.

4. എൻെറ മാതാപിതാക്കന്മാരെ ഞാൻ................


5. ഞാൻ എല്ലായ്പോഴും..................... പറയും.

b) ശരിയോ തെററോ എന്നു പറയുക:

1. രക്ഷപ്പെടുന്നതിനു നാം പ്രമാണങ്ങൾ അനുസരിക്കണം.

2. പത്തു പ്രമാണങ്ങൾ ഇസ്രായേൽ ജനതയെ ഉദ്ദേശിച്ചു മാത്രമാണു ദൈവം നല്കിയതു്.

3 നമ്മുടെ നന്മയ്ക്കുവേണ്ടിയാണു ദൈവം നമുക്കു പ്രമാണങ്ങൾ നല്കിയിരിക്കുന്നതു്.






# 6

## സ്നേഹത്തിൻെറ പ്രമാണം

ഒരിക്കൽ ഒരു നിയമജ്ഞൻ ഈശോയെ പരീക്ഷിക്കുവാൻ വേണ്ടി അവിടുത്തോടു ചോദിച്ചു: "ഗുരോ, നിയമത്തിലെ ഏററം വലിയ കല്പന ഏതാണ്?" ഈശോ ഉത്തരമരുളി: "നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. ഇതുപോലെതന്നെയത്രേ, നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക എന്ന രണ്ടാമത്തെ കല്പന." (മത്താ. 22 : 35–40)

ഒരു ദിവസം ജെറുസലത്തുനിന്നു ജെറിക്കോയിലേയ്ക്കു ഒരു യഹൂദൻ യാത്രചെയ്യുകയായിരുന്നു. വഴിയിൽവച്ചു കള്ളന്മാർ അയാളെ പിടികൂടി. കയ്യിലുണ്ടായിരുന്ന പണം അപഹരിച്ച തിനുശേഷം മരണാസന്നനിലയിൽ അവനെ വഴിയിൽ ഉപേക്ഷിച്ചിട്ട് കടന്നുകളഞ്ഞു. ആ വഴിവന്ന ഒരു യഹൂദപുരോഹിതൻ അയാളെ കണ്ടിട്ട് മനസ്സലിവില്ലാത്തവനെപ്പോലെ നടന്നകന്നു. പിന്നാലെവന്ന ഒരു ലേവ്യനും സഹായിക്കാതെ കടന്നുപോയി. ഒടുവിൽ ഒരു സമറിയാക്കാരൻ ആ വഴി വന്നു. അവശനായിക്കിടന്നിരുന്ന ആ ശത്രുയഹൂദനെ കണ്ടിട്ട് അയാൾക്കു ദയതോന്നി അടുത്തുചെന്നു. അയാളുടെ മുറിവുകൾ വച്ചുകെട്ടി. തന്റെ കഴുതയുടെ പുറത്തുകയററി ഒരു സത്രത്തിൽ കൊണ്ടുചെന്നാക്കി. അയാൾക്കു വേണ്ട ശുശ്രൂഷകൾ ചെയ്യാൻ സത്രക്കാരനോട്ട് ഏർപ്പാടുചെയ്തു; വേണ്ടിവരുന്ന ചെലവു കൊടുത്തുകൊള്ളാമെന്നും ഏററു... ഈ ഉപമ പറഞ്ഞതിനുശേഷം ഈശോ അരുൾചെയ്തു: "നീയും പോയി ഇങ്ങനെതന്നെ ചെയ്യുക." (ലൂക്കാ 10 : 30 37) മററുള്ളവരോടു നാം സ്നേഹപൂർവ്വം പെരുമാറണമെന്നു സാരം.



ഏററവും വലിയ പ്രമാണം സ്നേഹത്തിന്റെ പ്രമാണമാണ്‌ അതിൽ മറെറല്ലാ പ്രമാണങ്ങളും അടങ്ങിയിരിക്കുന്നു. ഇതനുസരിച്ച്‌ എല്ലാററിലും ഉപരിയായി നാം ദൈവത്തെ സ്നേഹിക്കണം. നമ്മെപ്പോലെ നാം മററുള്ളവരേയും സ്നേഹിക്കണം. കാണുന്ന നമ്മുടെ സഹോദരരെ സ്നേഹിക്കുമ്പോൾ കാണാത്ത ദൈവത്തെ നാം സ്നേഹിക്കുന്നു. ദൈവസ്നേഹവും പരസ്നേഹവുമാണു നമ്മുടെ ജീവിതത്തിൻെറ കാതൽ.

എങ്ങനെയാണ്‌ സ്നേഹത്തിൻെറ പ്രമാണം നിങ്ങൾ നിറവേററുന്നത്‌?

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്ന്‌:

"മക്കളേ, വാക്കുകൊണ്ടും നാക്കുകൊണ്ടും അല്ല, പിന്നെയോ, സത്യത്തിലും പ്രവൃത്തിയിലും നമുക്കു സ്നേഹിക്കാം."

(1 യോഹന്നാൻ 3 : 18)

ദൈവകല്പനകൾ മുഴുവനും അടങ്ങുന്ന രണ്ടു പ്രമാണങ്ങൾ ഏതെല്ലാമാണ്‌?

## പാടാൻ

പരിപാവന ജഗദീശ്വരാ,
മാമകാനന്ദ ദായകാ,
സ്നേഹിക്കും നിന്നെ സന്തതമെൻെറ
മനസ്സിൻ മണിക്കോവിലിൽ.

നിത്യനാം താതാ, സ്രഷ്ടാവാമീശാ,
സ്നേഹമാമഖിലേശ്വരാ,
സേവിക്കും നിന്നെ, ദർശിക്കും നിന്നെ
എൻസഹജരിൽനിത്യം ഞാൻ,

നിന്നിലേക്കെന്നെയാനയിക്കുന്ന
പാതയാണങ്ങേക്കല്പന;
നിത്യം ഞാനവ പാലിച്ചിട്ടങ്ങേ
ചേവടി ചേരാൻ തുണയ്ക്കു.

## പ്രവർത്തിക്കാൻ

ഞാൻ രോഗികളെക്കണ്ടു് ആശ്വസിപ്പിക്കും.
കുട്ടികൾക്ക് ആവശ്യമുള്ള സഹായം ചെയ്തുകൊടുക്കും.

ദൈവത്തോടുള്ള എൻെറ സ്നേഹം പ്രകടിപ്പിക്കുവാൻ പററിയ വഴികൾ:

1)........................2)....................3)....................

അന്യരോടുള്ള എൻെറ സ്നേഹം പ്രകടിപ്പിക്കുവാൻ പററിയ വഴികൾ:

1)........................2)....................3)....................






7

# "ഞാനാകുന്നു നിൻെറ ദൈവമായ കർത്താവ്"

"....എസ്തപ്പാനോസ് പരിശുദ്ധാത്മാവിനാൽ പൂരിതനായി സ്വർഗ്ഗത്തിലേക്കു നോക്കി. അപ്പോൾ ദൈവത്തിൻെറ മഹത്വവും അവിടുത്തെ വലത്തുവശത്തുനില്ക്കുന്ന ഈശോയേയും കണ്ടു. അദ്ദേഹം പറഞ്ഞു: 'ഇതാ, സ്വർഗ്ഗകവാടം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലത്തുഭാഗത്തുനില്ക്കുന്നതും ഞാൻ കാണുന്നു.' ഉടനെ അവരെല്ലാവരും (ശത്രുക്കൾ) ചെവി പൊത്തിക്കൊണ്ട് ആർത്തട്ടഹസിച്ച്, അദ്ദേഹത്തിൻെറ നേരെ

പാഞ്ഞുചെന്നു. അവർ അദ്ദേഹത്തെ പിടിച്ചു നഗരത്തിനു വെളിയിൽ കൊണ്ടുപോയി കല്ലെറിഞ്ഞു....അവർ കല്ലെറിഞ്ഞു കൊല്ലുമ്പോൾ എസ്തപ്പാനോസ് പ്രാർത്ഥിച്ചു:




''കർത്താവായ ഈശോ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ!'' അദ്ദേഹം മുട്ടുകുത്തി ഉച്ചത്തിൽ അപേക്ഷിച്ചു: 'കർത്താവേ, ഈ പാപം അവരുടെമേൽ ചുമത്തരുതേ!' ഇത്രയും പറഞ്ഞിട്ട് അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.''

(നടപടി 7 : 55–60)

ആദിമക്രിസ്ത്യാനികളുടെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന ഒരു ശമ്മാശ്ശനാണ് എസ്തപ്പാനോസ്. ക്രിസ്തുവിൽ വിശ്വസിക്കാതിരുന്ന യൂദന്മാരായിരുന്നു, അദ്ദേഹത്തിന്റെ ശത്രുക്കൾ. എസ്തപ്പാനോസിന്റെ വിശ്വാസം സജീവമായിരുന്നു. ദൈവത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട് ജനങ്ങളെ സത്യവിശ്വാസത്തിലേയ്ക്കു നയിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ദൈവത്തിൽ പ്രത്യാശയുണ്ടായിരുന്നതുകൊണ്ട് മരിക്കാൻ അദ്ദേഹത്തിനു ഭയമില്ലായിരുന്നു. സ്വർഗ്ഗസൗഭാഗ്യം നേടുന്നതിനു് ആവശ്യമായ അനുഗ്രഹങ്ങൾ ദൈവം തനിക്കു തരുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. സജീവമായിരുന്നു, അദ്ദേഹത്തിന്റെ ഉപവി. അദ്ദേഹം ശത്രുക്കളോടു ക്ഷമിക്കുകമാത്രമല്ല, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

കത്തോലിക്കാസഭ പഠിപ്പിക്കുന്നതെല്ലാം വിശ്വസിക്കുമ്പോൾ നമുക്കു വിശ്വാസമുണ്ടെന്നു പറയാം. മതപഠനത്തിൽ അനാസ്ഥ കാണിക്കുമ്പോഴും വിശ്വാസസത്യങ്ങളെ നിഷേധിക്കുമ്പോഴും നാം വിശ്വാസത്തിനെതിരായി പാപംചെയ്യുന്നു.

ദൈവമക്കളായി ജീവിക്കുന്നതിനും നിത്യരക്ഷ പ്രാപിക്കുന്നതിനും വേണ്ട അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നു നമുക്കു ലഭിക്കും എന്ന പ്രത്യാശയുള്ളപ്പോൾ നമുക്കു ശരണമെന്ന പുണ്യമുണ്ട്. ദൈവം സർവ്വശക്തനും പരമനന്മയും സർവ്വോപരി നമ്മുടെ പിതാവും ആയതുകൊണ്ടാണ്, ദൈവത്തിൽ നാം പ്രത്യാശവയ്ക്കുന്നത്. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയില്ലെന്നും അവിടുന്നു വാഗ്ദാനങ്ങൾ പാലിക്കുകയില്ലെന്നും വിചാരിക്കുന്നവർ ശരണത്തിനെതിരായി പാപം ചെയ്യുന്നു. ദൈവസഹായം കൂടാതെയോ നമ്മുടെ പരിശ്രമം കൂടാതെയോ സ്വർഗ്ഗത്തിലെത്താൻ സാധിക്കുമെന്നു കരുതുന്നവരും ശരണത്തിനെതിരായി പാപംചെയ്യുന്നു.

ഉപവി എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതു സ്നേഹമാണ്. ദൈവത്തെ എല്ലാററിലുമുപരിയായി സ്നേഹിക്കുകയും തന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ മററുള്ളവരേയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് ഉപവിയുണ്ട്. മടിമൂലം മററുള്ളവർക്കു നന്മചെയ്യാത്തവരുണ്ട്. ഇവർക്കു ഉപവിയില്ല. ദുർമ്മാതൃകമൂലം മററുള്ളവർക്കു പാപഹേതുവാകുന്നവരും ഉപവിക്കെതിരായ പാപം ചെയ്യുന്നു.

ദൈവത്തിൽ വിശ്വസിക്കുകയും ശരണംവയ്ക്കുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നവർ ഒന്നാംപ്രമാണംപാലിക്കുന്നു.

## ഓർമ്മിക്കാൻ

**വേദപുസ്തകത്തിൽനിന്നു്:**

''കർത്താവിനെ ബഹുമാനിക്കുന്ന നിങ്ങൾ കർത്താവിൽ പ്രതീക്ഷയുള്ളവരായിരിക്കുവിൻ. നിങ്ങളുടെ സമ്മാനം നിങ്ങൾക്കൊരിക്കലും ലഭിക്കാതിരിക്കയില്ല. എല്ലാ അനുഗ്രഹങ്ങളും നിത്യസൗഭാഗ്യവും നിസ്സീമമായ കരുണയും കർത്താവിനെ ബഹുമാനിക്കുന്ന നിങ്ങൾക്കു കർത്താവിൽനിന്നു പ്രതീക്ഷിക്കാം.''
(പ്രഭാ. 2 : 8,9)

1. വിശ്വാസമെന്നാൽ എന്ത്?
2 ശരണമെന്നാൽ എന്ത്?
3. എപ്പോഴാണ്, നമുക്ക് ഉപവിയുള്ളത്?

## പ്രവർത്തിക്കാൻ

വിശ്വാസം, ശരണം, ഉപവി ഇവയുടെ പ്രകരണങ്ങൾ ഞാൻ കൂടെക്കൂടെ ചൊല്ലും.

താഴെക്കൊടുത്തിരിക്കുന്നവ തെററോ ശരിയോ എന്നു പരിശോധിക്കുക:

1. ദൈവം നല്ലവനായിരിക്കെ, ഒരിക്കലും പ്രാർത്ഥിച്ചില്ലെങ്കിലും അവിടുന്നു തന്നെ കൈവിടുകയില്ലെന്നു ജോസ് വിചാരിക്കുന്നു.

2. പാപംചെയ്യതോടെ വളരെ മന:ക്ലേശങ്ങൾ അനുഭവിക്കാനിടയായ ശാന്തമ്മ നല്ല കുമ്പസാരം കഴിക്കുന്നു. തനിക്ക് ഇപ്പോൾ ഹൃദയസമാധാനം ഉണ്ടെന്നും ദൈവം നല്ലവനാണെന്നും അവൾ എല്ലാവരോടും പറയുന്നു.

3. ഈശോയെ അറിയാത്തവർക്ക് ഈശോയെ പരിചയപ്പെടുത്തിക്കൊടുക്കാൻ ലീനാമ്മ നിവൃത്തിയുള്ളപ്പോഴൊക്കെ പരിശ്രമിക്കുന്നു.

4. "ഞാനൊരുത്തരോടും എൻെറ മതത്തെപ്പററി പറയാറില്ല. ഇതൊക്കെ അവരവരുടെ ഇഷ്ടത്തിനു വിടണമെന്നാണ് എൻെറ അഭിപ്രായം" –ജയിംസ് പറയുന്നു.

5. ജോണിക്കു പന്തുകളി ഇഷ്ടമാണ്. എങ്കിലും വേദപാഠക്ലാസ്സ് വേണ്ടെന്നു വച്ചിട്ട് അവനൊരിക്കലും പന്തുകളിക്കു പോവുകയില്ല.

6. "എൻെറ പാപങ്ങൾ പൊറുക്കാൻപാടില്ലാത്തതുപോലെ കഠിനമാണ്" എന്നു പറഞ്ഞുകൊണ്ടു മാത്തുക്കുട്ടി കുമ്പസാരിക്കാൻ പോകാതിരിക്കുന്നു.

7. മററാരും ആവശ്യപ്പെടാതെ, നിർമ്മല തൻെറ കുഞ്ഞനുജനെ കുരിശുവരയ്ക്കാൻ പഠിപ്പിക്കുന്നു.


8. തൻെറ പ്രഥമദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞിരിക്കുന്നസ്ഥിതിക്ക് ഇനി വേദപാഠക്ലാസ്സിൽ പോകേണ്ടതില്ലെന്നാണ് ടോമിക്കു തോന്നുന്നത്.



# 4

# സർവ്വോപരി ദൈവം

''രക്ഷയും മഹത്വവും പ്രാബല്യവും നമ്മുടെ ദൈവത്തിന്റേതത്രേ....ദൈവത്തെ ഭയപ്പെടുന്ന ചെറിയവരും വലിയവരും ആയ സകല ദാസരും അവിടുത്തെ സ്തുതിക്കട്ടെ.... തത്സമയം ആരാധിക്കാനായി ഞാൻ (യോഹന്നാൻ) മാലാഖയുടെ പാദത്തിങ്കൽ വീണു. അപ്പോൾ മാലാഖ പറഞ്ഞു: ഞാൻ നിന്റേയും ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്ന നിന്റെ സഹോദരന്മാരുടേയും സഹസേവകനാകുന്നു. ദൈവത്തെ ആരാധിക്കുക''. (വെളിപാട് 19 : 1,5,10)



ദൈവമാണ് എല്ലാററിൻേറയും കർത്താവും യജമാനനും. എല്ലാററിൻേറയും സൃഷ്ടികത്താവ് അവിട്ടന്നാണ്. എല്ലാം അവിട്ടത്തേതുതന്നെ. പരിശുദ്ധനും സവ്വശക്തനുമാണ് അവിട്ടന്ന്. എല്ലാ സ്നേഹത്തിനും ബഹുമാനത്തിനും ആരാധനയ്ക്കും യോഗ്യനാണ ദൈവം. ദൈവത്തെ നമ്മുടെ കത്താവും നാഥനമായി അംഗീകരിച്ച സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ് ആരാധന. മാലാഖമാരുടേയും മനുഷ്യരുടേയും പ്രധാന ചുമതല പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തെ ആരാധിക്കുക എന്നതാണ്. പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആൾ മനുഷ്യനായി അവതരിച്ചു. അവിട്ടന്നാണ് ഈശോമിശിഹാ. അതിനാൽ, ഈശോമിശിഹായെ നാം ആരാധിക്കുന്നു.

ദൈവത്തേക്കാൾ അധികമായി മാലാഖമാരെയോ മനുഷ്യരെയോ, പണത്തെയോ പ്രതാപത്തെയോ, സുഖസന്തോഷങ്ങളെയോ സ്നേഹിക്കുന്നവൻ അവയെ ദൈവമാക്കുകയാണ്. അവൻ പാപം ചെയ്യുന്നു.

ശ്രദ്ധയോടുകൂടെ പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തെ ആരാധിക്കുകയാണ്. പ്രാർത്ഥനവഴി നാം നമ്മുടെ മനസ്സും ഹൃദയവും ഭക്തിപൂർവ്വം ദൈവത്തിങ്കലേയ്ക്കുയർത്തുന്നു. ദൈവത്തെ ആരാധിക്കാനും നമ്മുടെ സ്നേഹം അവിടുത്തെ അറിയിക്കാനും വേണ്ടിയാണു നാം പ്രാർത്ഥിക്കുന്നത്. നാം നമ്മുടേയും മററുള്ളവരുടേയും ആവശ്യങ്ങൾ ദൈവത്തെ അറിയിക്കുന്നതും, ചെയ്തുപോയ പാപങ്ങളെപ്പററി അനുതപിക്കുന്നതും, ദൈവത്തിനു നന്ദി പ്രകടിപ്പിക്കുന്നതും പ്രാത്ഥനവഴിതന്നെ.

വിശുദ്ധകുർബാന എന്ന ബലിയാണ് ശ്രേഷ്ഠവും ദൈവത്തിനേററം ഇഷ്ടപ്പെട്ടതുമായ ആരാധന.

## ഓർമ്മിക്കാൻ

''ലോകംമുഴുവൻ അങ്ങെ ആരാധിക്കുകയും
കീർത്തനം പാടി പുകഴ്ത്തുകയും ചെയ്യും;
അവർ അങ്ങെ നാമം പ്രകീർത്തിക്കും.''

(സങ്കീർത്തനം 65:4)

1. നമ്മുടെ സുപ്രധാനമായ കടമ എന്താണ്?
2. ദൈവത്തെ ആരാധിക്കുക എന്നാൽ എന്ത്?
3. ഏതാണ്, ദൈവപ്രമാണങ്ങളിൽ ഒന്നാമത്തേതു്?
4. എന്തിനുവേണ്ടിയാണു നാം പ്രാർത്ഥിക്കുന്നതു്?
5. പ്രാർത്ഥന എന്നാൽ എന്തു്?

## പ്രവർത്തിക്കാൻ

വിശുദ്ധകുർബാനയുടെ മുമ്പിൽ ആദരപൂർവ്വം ഞാൻ ആചാരംചെയ്യും. കുടുംബപ്രാത്ഥനകൾ ഭക്തിയോടെ ചൊല്ലും.

താഴെക്കൊടുത്തിരിക്കുന്ന സന്ദർഭങ്ങളിലെ ഉപയോഗത്തിനു നിങ്ങളുടേതായ ഓരോ ചെറിയ പ്രാർത്ഥന എഴുതുക.

1. രാവിലെ ഉണരുമ്പോൾ.
2. ആരെങ്കിലും ദൈവത്തിനു് അനിഷ്ടമായവിധം പ്രവർത്തിക്കുന്നതു കാണുമ്പോൾ.
3. ഉറങ്ങാൻ പോകുന്നതിനുമുമ്പ്.



9

# ദൈവത്തിൻെറ നാമം പരിശുദ്ധമാകുന്നു

"പത്രോസും യോഹന്നാനും ഒരു ദിവസം ദൈവാലയത്തിലേക്കു പോവുകയായിരുന്നു. തത്സമയം ജന്മനാ മുടന്തനായ ഒരു മനുഷ്യൻ ഭിക്ഷയാചിച്ചു. അയാളോട്ട്, തന്റെനേരെ നോക്കാൻ പത്രോസ് പറഞ്ഞു. വല്ലതും കിട്ടുമെന്ന വിചാരത്തോടെ അയാൾ ഉററുനോക്കി. 'ഞങ്ങളുടെ അട്ടക്കൽ സ്വർണ്ണവും വെള്ളിയുമില്ല. ഞങ്ങൾക്കുള്ളതു ഞങ്ങൾ നിനക്കു തരുന്നു: നസ്രായനായ ഈശോയുടെ നാമത്തിൽ എഴുന്നേററു നടക്കുക' എന്നു പറഞ്ഞുകൊണ്ടു പത്രോസ് അയാളെ വലതുകൈക്കു പിടിച്ചു



യത്തി. അതോടെ അയാളുടെ കാലുകൾക്കു ബലമുണ്ടാവുകയും അയാൾ ചാടിയെഴുന്നേററു നടക്കാൻ തുടങ്ങുകയുംചെയ്തു. അവരുടെകൂടെ ദൈവത്തെ സ്തുതിച്ചുകൊണ്ടും, തുള്ളിച്ചാടി നടന്നും, അവൻ ദൈവാലയത്തിലേക്കു പോയി'' (നടപടി 3 : 4–8).

ഈശോമിശിഹായുടെ നാമത്തിൽ പത്രോസ് ഒരത്ഭുതം പ്രവർത്തിച്ചു. ഈശോമിശിഹാ എന്ന നാമം പുത്രനായ ദൈവത്തിൻേറതായതുകൊണ്ട് ഏററവും പരിശുദ്ധമാകുന്നു.

ദൈവത്തിൻേറ തിരുനാമം ആദരത്തോടും ശ്രദ്ധയോടും സ്നേഹത്തോടുംകൂടിമാത്രമേ ഉപയോഗിക്കാവൂ എന്നു രണ്ടാം പ്രമാണം അനുശാസിക്കുന്നു. പ്രാർത്ഥിക്കുമ്പോഴും, ദൈവത്തെപ്പററി സംസാരിക്കുമ്പോഴും, ദൈവമില്ലെന്നു പറയുന്നവരോട് എതിരിടേണ്ടിവരുമ്പോഴും, ദൈവതിരുനാമം നാം ഉപയോഗിക്കുന്നതു ബഹുമാനത്തോടെയാവണം.

ദൈവത്തിൻേറ സവിശേഷസ്നേഹത്തിനു പാത്രീഭൂതരായിരിക്കുന്ന മാലാഖമാരും വിശുദ്ധരും നമ്മുടെ ബഹുമാനം അർഹിക്കുന്നു.

വേദപുസ്തകം, വിശുദ്ധവസ്തുക്കൾ മുതലായവയും ഭക്തിയോടെ കൈകാര്യംചെയ്യേണ്ടതാണ്.

ആദരപൂർവ്വമാണോ ദൈവതിരുനാമം നിങ്ങളുപയോഗിക്കുന്നതു്?

## ഓർമ്മിക്കാൻ

കർത്താവിന്റെ ദാസരേ, അവിടുത്തെ സ്തുതിക്കുവിൻ;

അവിടുത്തെ നാമം പ്രകീർത്തിക്കുവിൻ;

ആദിമുതലെന്നേയ്ക്കും

അവിടുത്തെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ!

(സങ്കീ: 112: 2, 3)

1. രണ്ടാമത്തെ ദൈവപ്രമാണം എന്താണ്?

2. ഈ പ്രമാണം അനുശാസിക്കുന്നതെന്തെല്ലാമാണ്?

താഴെക്കൊടുത്തിരിക്കുന്ന വാക്കുകളുപയോഗിച്ചു പൂരിപ്പിക്കുക:

| | | |
|---|---|---|
| ഈശോമിശിഹാ | ഈശോയുടെ | പരിശുദ്ധകന്യകാമറിയം |
| ഹൃദയം | ദൈവം | തിരുനാമം |
| വി. യൗസേപ്പ് | മാതാവും | വിശുദ്ധരിലും |
| വിശുദ്ധകുർബാനയിൽ | പരിശുദ്ധ | മഹത്വമേറിയ |
| ആശ്വാസദായകനായ | | |

1. ................................വാഴ്ത്തപ്പെട്ടവനാകട്ടെ.

2. അവിടുത്തെ .....................വാഴ്ത്തപ്പെട്ടതാകട്ടെ.

3. സത്യദൈവവും സത്യമനുഷ്യനുമായ ..................
വാഴ്ത്തപ്പെട്ടവനാകട്ടെ.

4. ........................തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

5. അവിടുത്തെ എത്രയും പരിശുദ്ധ..........................
വാഴ്ത്തപ്പെട്ടതാകട്ടെ.

6. ...........................................എഴുന്നള്ളിയിരിക്കുന്ന
ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ.

7. ......................... പരിശുദ്ധാത്മാവു വാഴ്ത്തപ്പെട്ടവ
നാകട്ടെ.

8. ദൈവമാതാവായ ........................................ വാഴ്ത്ത
പ്പെട്ടവളാകട്ടെ.

9. അവളുടെ ..............................അമലോത്ഭവം
വാഴ്ത്തപ്പെട്ടതാകട്ടെ.

10. അവളുടെ ............................ സ്വർഗ്ഗാരോഹണം
വാഴ്ത്തപ്പെട്ടതാകട്ടെ.

11. കന്യകയും......................... ആയ മറിയത്തിന്റെ
തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

12. അവളുടെ വിരക്തഭർത്താവായ........................
വാഴ്ത്തപ്പെട്ടവനാകട്ടെ.

13. ദൈവം തന്റെ മാലാഖമാരിലും.............................
വാഴ്ത്തപ്പെട്ടവനാകട്ടെ.

---



# 10

## കർത്താവിൻെറ ദിവസം

"യഹോവ മോശയോട്ട് ഇങ്ങനെ കല്പിച്ചു. ഇസ്രായേൽ മക്കളെ നീ ഒരു കാര്യം അറിയിക്കണം. ആഴ്ചയിൽ ആറുദിവസം അവർ ജോലിചെയ്തുകൊള്ളട്ടെ. ഏഴാം ദിവസം എൻെറ ദിവസമാണ്. അന്ന് സാബത്തായിരിക്കും. അന്നവർ വിശ്ര

മിക്കുകയും ഒന്നിച്ചുകൂടി പ്രാത്ഥിക്കുകയുംചെയ്യട്ടെ. നിങ്ങൾ എവിടെയായിരുന്നാലും സാബത്തു കത്താവിൻേറതായിരിക്കും.''
(ലേവി: 28: 1-3)

ഞായറാഴ്ച നാം കത്താവിൻെറ ദിവസം ആചരിക്കുന്നു. അതു പ്രാത്ഥനയുടേയും വിശ്രമത്തിൻേറയും സന്തോഷത്തിൻേറയും ദിനമാണ്. ഞായറാഴ്ച മററു ജോലികളിൽനിന്നു വിരമിച്ച്, ദൈവാരാധനയുടെ ദിവസമായി ആചരിക്കണം. വിശുദ്ധബലിയിൽ സംബന്ധിച്ചുകൊണ്ട് ദൈവത്തെ സമൂഹമായി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യണം. വേദപുസ്തകവായന, മതപഠനം, മററു ഭക്തകാര്യങ്ങൾ ഇവയിൽ പങ്കെടുത്തുകൊണ്ടു ഞായറാഴ്ച ആചരിക്കണം.



തൻെറ മക്കളായ നാം ഞായറാഴ്ച വിശ്രമിച്ചുകാണാൻ ദൈവം ആഗ്രഹിക്കുന്നു. തനിക്കിഷ്ടമായ രീതിയിൽ നാം ആനന്ദിക്കുന്നതിൽ അവിടുന്നു സന്തോഷിക്കുന്നു.

യഹൂദന്മാർ ശനിയാഴ്ചയാണ് സാബത്ത് ആചരിച്ചിരുന്നതു്. ഈജിപ്തിലെ അടിമത്തത്തിൽനിന്നു തങ്ങളെ രക്ഷിച്ച

തിനു സാബത്തുദിവസം അവർ ദൈവത്തിനു പ്രത്യേകം നന്ദി പറഞ്ഞിരുന്നു. ഞായറാഴ്ചയാണ് നാം വിശുദ്ധദിനമായി ആചരിക്കുക. ഈശോ ഉയിർത്തെഴുന്നേററതു ഞായറാഴ്ച ആയതിനാലാണ് ആ ദിനം നമ്മുടെ ആരാധനാദിവസമായിരിക്കുന്നതു്. പാപത്തിൻെറ ശിക്ഷയായ മരണത്തിൽനിന്നു നമ്മെ രക്ഷിച്ചതിനു് അന്നു നാം ദൈവത്തിനു പ്രത്യേകം നന്ദി പറയുന്നു.

ഞായറാഴ്ച ദൈവത്തിൻെറ ദിവസമായിട്ടാണോ നിങ്ങൾ പരിഗണിക്കുന്നതു്?

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

''വരുവിൻ, കർത്താവിനെ സ്തുതിക്കാം;
രക്ഷകനായ ദൈവത്തെ പ്രകീർത്തിക്കാം;
സ്തുതികളാലും സങ്കീർത്തനങ്ങളാലും
നമുക്കു് അവിടത്തെ വാഴ്ത്താം.''

(സങ്കീ. 94: 1, 6)

1. മൂന്നാം പ്രമാണം എന്താണ്?
2. ഈ പ്രമാണം എന്തനുശാസിക്കുന്നു?


## പാടാൻ

സർവ്വതും സൃഷ്ടിച്ചു പാലനം ചെയ്തിടും
സർവ്വേശ്വരാ ഞങ്ങൾ കൈതൊഴുന്നു.
കാൽവരിക്കുന്നിലെ സ്നേഹയാഗം ഞങ്ങൾ
കാഴ്ചയണയ്ക്കുവാൻ ചേർന്നിടുന്നു.

ആരാധിച്ചങ്ങയെ വാഴ്ത്തിപ്പുകഴ്ത്തുവാൻ,
നന്മകൾക്കായ് നന്ദിയേകിടുവാൻ,
പാപങ്ങൾക്കായങ്ങേ മാപ്പിരന്നീടുവാൻ,
സ്വർഗ്ഗീയദാനങ്ങൾ യാചിക്കുവാൻ.

## പ്രവർത്തിക്കാൻ

വേദപാഠക്ലാസ്സിൽ ഞാൻ പതിവായി സംബന്ധിക്കും.
ഞാൻ ദൈവാലയശുശ്രൂഷയിൽ പങ്കെടുക്കും.



# 11

# നമ്മുടെ സമപ്പ്ണം

''ആദത്തിൻെറ മക്കളായിരുന്നു, കായേനും ആബേലും. കായേൻ കൃഷിക്കാരനും ആബേൽ ആട്ടിടയനുമായിരുന്നു. കായേൻ കാഷികോൽപന്നങ്ങൾ ദൈവത്തിനു ബലി സമപ്പിച്ചു; ആബേൽ ആട്ടിൻകുട്ടികളേയും'' (ഉൽപത്തി 4: 2–4).

"മുൾച്ചെടികൾക്കിടയിൽ കുടുങ്ങിക്കിടക്കുന്ന ഒരു ആടിനെ അബ്രാഹം കണ്ടു. അതിനെ പിടിച്ചുകൊണ്ടുവന്നു്, ഇസഹാക്കിനു പകരം ദൈവത്തിനു ബലി സമപ്പിച്ചു'' (ഉൽപത്തി 22:13).

''പുരോഹിതനായ മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും ദൈവത്തിനു കാണിക്കവച്ചു'' (ഉൽപത്തി 14 : 18).

''ഈശോ തന്നെത്തന്നെ ഉത്തമബലിയായി സമപ്പിച്ചു.''
(എബ്രായർ 9 : 14)

എക്കാലവും മനുഷ്യൻ ദൈവത്തിനു ബലി സമർപ്പിച്ചിരുന്നതായിട്ടാണ് ചരിത്രം തെളിയിക്കുന്നതു്. പഴയനിയമകാലത്തെ ബലികൾ അപൂർണ്ണങ്ങളായിരുന്നു. മനുഷ്യരുടെ പാപങ്ങൾക്കു തക്ക പരിഹാരം ചെയ്യുന്നതിനു് അവയ്ക്കു കഴിഞ്ഞിരുന്നില്ല. നമ്മുടെ പേരിൽ സ്വർഗ്ഗസ്ഥനായ പിതാവിനു് അർഹമായ ഒരു ബലി സമർപ്പിക്കുവാൻ സാധിച്ചതു് മനുഷ്യനായി അവതരിച്ച ദൈവകുമാരനു മാത്രമാണ്.



കാൽവരിയിൽ തന്നെത്തന്നെ അവിടുന്നു ബലി സമർപ്പിച്ചു. പരിപൂർണ്ണമായ ഈ ബലി പാപത്തിൽനിന്നു നമ്മെ രക്ഷിക്കുകയും സ്വർഗ്ഗകവാടം നമുക്കു തുറന്നു തരുകയും ചെയ്തിരിക്കുന്നു. ഗാഗുൽത്തായിൽ ക്രിസ്തു സമർപ്പിച്ച ബലിയെ അൾത്താരയിൽ സന്നിഹിതമാക്കുന്നു, വിശുദ്ധ കുർബാന എന്ന ബലി.

അൾത്താരയിലെ ബലിക്കു മൂന്നു പ്രധാന ഭാഗങ്ങളുണ്ടു്: ബലിക്കുള്ള ഒരുക്കം, ബലിസമർപ്പണം, ദിവ്യകാരുണ്യസ്വീകരണം.

ആദ്യഭാഗത്തു്, ലേഖനം സുവിശേഷം ഇവയിലൂടെ ദൈവവചനം നാം കേൾക്കുന്നു. നമ്മുടെ വിശ്വാസം നവീകരിച്ചുകൊണ്ടു ബലി സമർപ്പണത്തിനായി നാം ഒരുങ്ങുന്നു.

രണ്ടാമത്തെ ഭാഗത്തിൽ, കാഴ്ചവയ്പും കൂദാശകർമ്മവും ഉൾപ്പെടുന്നു. കാഴ്ചവയ്പിന്റെ സമയത്തു് നമ്മുടെ ബലിവസ്തുക്കൾ ദൈവത്തിനു നാം സമർപ്പിക്കുന്നു. ദൈവം നല്കിയിട്ടുള്ള നിരവധി ദാനങ്ങൾക്കു നന്ദി പ്രകാശിപ്പിക്കുന്നു.

അപ്പവും വീഞ്ഞും, നമുക്കുവേണ്ടി അപ്പിക്കപ്പെടുന്ന ഈശോമിശിഹായുടെ ശരീരവും രക്തവും ആയി മാറുന്നു. നിത്യ പുരോഹിതനായ ക്രിസ്തു നമ്മുടെ സമപ്പ്ണവസ്തുവായി തന്നെ ത്തന്നെ സ്വഗ്ഗസ്ഥനായ പിതാവിനു് അപ്പിക്കുന്നു.

മൂന്നാംഭാഗം ദിവ്യകാരുണ്യസ്വീകരണമാണു്. ബലിവസ്തു വായ മിശിഹായുടെ തിരുശ്ശരീരം ഭക്തിപൂവ്വം നാം ഉൾക്കൊള്ളുന്നു.

ഇങ്ങനെ നാം ഈശോയെ നിത്യപിതാവിനു സമപ്പിക്കു കയും നിത്യപിതാവു ഈശോയെ നമുക്കു തിരികെത്തരുകയും ചെയ്യുന്നതോടെ ദിവ്യബലിപൂണ്ണമാകുന്നു.

## ഓമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്നു്:

“പ്രഭാതം മുതൽ പ്രദോഷംവരെ എൻെറ നാമം സ്തുതിക്ക പ്പെടുന്നു. എല്ലായിടത്തും എനിക്കു ബലി സമപ്പിക്കപ്പെടുന്നു.”
(മലാക്കി 1:11)

1. ഗാഗുൽത്തായിലെ ബലി എവിടെ ആവത്തിക്കപ്പെടുന്നു?
2. വിശുദ്ധ കർബാന ഏററവും വലിയ ആരാധനയായിരി ക്കുന്നതു് എന്തുകൊണ്ടാണു്?

## പാടാൻ

മിശിഹാകത്താവിൻ
തിരുമെയ്യ് നിണവുമിതാ
പാവനബലിപീഠേ
സ്നേഹഭയങ്ങളൊടണയുകനാ-
മഖിലരുമൊന്നായ് സന്നിധിയിൽ,
വാനവനിരയൊടുചേന്നേവം
പാടാം-ദൈവം പരിശുദ്ധൻ, പരിശുദ്ധൻ
നാഥൻ പരിശുദ്ധൻ.

## പ്രവർത്തിക്കാൻ

വിശുദ്ധ കർബാനയുടെ സമയത്തു ഞാൻ ക്രിസ്തുവിനോടു കൂടെ എന്നെ സ്വഗ്ഗീയപിതാവിനു സമപ്പിക്കും.

ഓരോ ദിവസത്തേയും സന്തോഷങ്ങളും സങ്കടങ്ങളും ദൈവ ത്തിൻെറ കയ്യിൽനിന്നെന്നവണ്ണം സ്വീകരിച്ചുകൊണ്ടു് ഞാൻ ഈസമപ്പണം സജീവമാക്കും.



# 12

# നമ്മുടെ കുർബാന

## A. മലബാർ ക്രമത്തിൽ

### 1. നാം ദിവ്യസന്നിധിയിൽ ഒന്നിച്ചുകൂടുന്നു

എല്ലാവരും നില്ക്കുന്നു.



കാർമ്മികൻ: 'പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ' എന്നു ചൊല്ലുമ്പോൾ സമൂഹം ആമ്മേൻ എന്നു പറയുന്നു. സസന്തോഷം ദൈവത്തിനു സമർപ്പിക്കുന്ന ബലി ദൈവസ്തുതിയോടുകൂടെ ആരംഭിക്കുന്നു: ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.'' സമൂഹം ആമ്മേൻ എന്നുത്തരം പറയുന്നു. തുടർന്നു കാർമ്മികനും സമൂഹവും ''സ്വർഗ്ഗസ്ഥനായ പിതാവേ,'' എന്ന ജപത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ബലി സമർപ്പണത്തിനാവശ്യകമായ വിശുദ്ധി, എളിമ, പരസ്നേഹം എന്നിവയെ ഓർമ്മിപ്പിക്കുന്ന, സങ്കീർത്തന വാചകങ്ങൾ (സങ്കീ. 15).



കൃതജ്ഞതാപ്രാത്ഥന, ത്രിസാഗിയോൻ എന്നു പറയുന്ന ത്രൈശുദ്ധകീത്തനം ഇവയാണു പിന്നീട്ടുള്ള പ്രാർത്ഥനകൾ.

## 2. നാം ദൈവവചനം ശ്രവിക്കുന്നു

ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും കാമ്മികൻ ദൈവസഹായം പ്രാർത്ഥിക്കുന്നു. സഹായി ലേഖനം വായിക്കുമ്പോൾ ഉത്തമ ക്രിസ്തീയ ജീവിതത്തിനുള്ള ആഹ്വാനമാണ് നാം കേൾക്കുന്നതു്. കാമ്മികൻ സുവിശേഷം വായിച്ചുകൊണ്ടു ദൈവവചനം നമുക്കു നല്കുന്നു. ലോകത്തിൻെറ പ്രകാശവും സകലത്തിൻേറയും ജീവനുമായ മിശിഹായുടെ വാക്കുകൾ തന്നെയാണു് നാം ശ്രവിക്കുക. സുവിശേഷപുസ്തകം കൊണ്ടു കുരിശാകൃതിയിൽ ജനങ്ങളെ ആശീവ്വദിച്ച് സമാധാനം ആശംസിച്ചാണു സുവിശേഷവായന ആരംഭിക്കുന്നതു്.



## 3. അനുഗ്രഹയാചന

സമസ്തലോകത്തിനും എല്ലാസഭകൾക്കും മാതൃരാജ്യത്തിനും പരിശുദ്ധ മാപ്പാപ്പയ്ക്കും മെത്രാനും അവരുടെ സഹപ്രവത്ത കക്കും വേണ്ടിയുള്ള പ്രാത്ഥന മനോഹരമാണ്. ആരാധനക്ര മത്തിൻെറ കാലാനുസൃതമായ മാററങ്ങളോട്ടകൂടെ ഈ പ്രാർത്ഥന കൂടുതൽ ആകഷകമായിത്തീരുന്നു. കരങ്ങൾ വിരിച്ചുപിടിച്ചു പ്രാർത്ഥിച്ചതിനുശേഷം കാമ്മികൻ കൈനീട്ടി ജനങ്ങളുടെമേൽ അനുഗ്രഹം യാചിക്കുന്നു.

## 4. വിശ്വാസപ്രഖ്യാപനം

കാമ്മികൻ വിശ്വാസപ്രമാണം ആരംഭിക്കുന്നു. അദ്ദേഹ ത്തോടൊന്നിച്ചു സമൂഹം അതു തുടരുന്നു. നിഖ്യായിലെ വിശ്വാ സപ്രമാണമോ സാധാരണ നാം ചൊല്ലുന്ന അപ്പസ്തോലിക വിശ്വാസപ്രമാണമോ ചൊല്ലാം.

## 5. ബലിവസ്തുക്കൾ ഒരുക്കുന്നു

ബലിപീഠത്തെ സമീപിക്കുന്ന കാമ്മികൻ ബലിയുടെ ശ്രേഷ്ഠതയും സ്വന്തം അയോഗ്യതയും ഏററുപറയുന്നു. ബലി പീഠം ചുംബിച്ചതിനുശേഷം വീഞ്ഞു ബലിപീഠത്തിൻെറ ഇട ത്തെ അററത്തും അപ്പം വലത്തെ അററത്തും തയ്യാറാക്കുന്നു. കാസയിലെ വീഞ്ഞിനോട്ട് ഒരു തുള്ളി വെള്ളം ചേക്കമ്പോൾ നമ്മുടെ കത്താവിൻെറ തിരുഹൃദയത്തിൽനിന്നു പുറപ്പെട്ട രക്ത വും വെള്ളവും അനുസ്മരിക്കപ്പെടുന്നു. തുടന്നു കാമ്മികൻ കൈ കഴുകുന്നു. മാമ്മോദീസ സ്വീകരിക്കുവാൻ ഒരുങ്ങുന്നവരുടെ കുർബാന ഇവിടംവരെയത്രേ. തുടന്നു വിശ്വാസികളുടെ ബലി ആരംഭിക്കുകയാണ്.

## 6. കാഴ്ചവയ്പ്പ്



കൈകൾ ബലിവസ്തുക്കളോട്ടുകൂടെ കുരിശാകൃതിയിൽ ഉയർത്തിക്കൊണ്ട് കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന ഹൃദയസ്പർശിയാണ്. ''നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തൻെറ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻേറയും ഓർമ്മ ആചരിക്കുവാൻനമ്മോട്ട കല്പിക്കുകയുംചെയ്ത മിശിഹാവഴി പിതാവായ ദൈവം തൻെറ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ'' എന്നു കാർമ്മികനും സമൂഹവുംചേർന്നു ചൊല്ലുന്നു.

## 7. കൃതജ്ഞതാപ്രാർത്ഥന

ഇവിടംമുതൽ കുർബാനയുടെ ബലിയർപ്പണഭാഗം ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ കുർബാനയിലെ ബലിയർപ്പണഭാഗം (അനാഫൊറ) ആണ് നാം താഴെക്കാണുന്നതു്.

കാർമ്മികൻ ഉയർന്നസ്വരത്തിൽ, 'അങ്ങേയ്ക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു' എന്നു ചൊല്ലുന്നു. തുടർന്നു ജനങ്ങളെ കുരിശാകൃതിയിൽ ആശീർവ്വദിച്ചുകൊണ്ട പറയുന്നു: 'നിങ്ങൾക്കു സമാധാനം.' 'അങ്ങേയ്ക്കും സമാധാനം' എന്നു സമൂഹം പ്രതിവചിക്കുന്നു. കാർമ്മികൻ പരിശുദ്ധത്രിത്വത്തെ അനുസ്മരിച്ചതിനുശേഷം ബലിവസ്തുക്കളെ ആശീർവ്വദിക്കുന്നു.

## 8. മുട്ടുകുത്തിക്കൊണ്ടുള്ള പ്രാർത്ഥന

ബലിസമർപ്പണത്തിനാവശ്യകമായ ആത്മധൈര്യം ലഭിക്കുന്നതിനു കാർമ്മികൻ മുട്ടുകുത്തിനിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു. സമൂഹവും മുട്ടുകുത്തുന്നു. ഇപ്പോൾ മുതൽ സമൂഹം മുട്ടിന്മേൽ നിന്നുകൊണ്ടു ബലിയിൽ സംബന്ധിക്കുന്നു.

## 9. കൂദാശകർമ്മത്തിനു് ഒരുക്കം

ദൈവത്തിൻെറ അനന്തമായ കാരുണ്യത്തേയും മഹത്വത്തേയും പ്രകീർത്തിക്കുന്നതിൽ കാർമ്മികനും ജനങ്ങളും പരിശുദ്ധരോടും മാലാഖമാരോടും യോജിക്കുന്നു. ഈ പ്രാർത്ഥന സവിശേഷം ശ്രദ്ധേയമാണു്.

മിശിഹായോടുകൂടെ നാം നമ്മുടെ കാഴ്ചവസ്തുക്കൾ സമർപ്പിക്കാൻ ആരംഭിക്കുന്നു. പ്രവാചകനായ ഇസയാസിൻേറയും പൂർവ്വപിതാവായ യാക്കോബിൻേറയും വാക്കുകളിൽ കാർമ്മികൻ സ്വന്തം അയോഗ്യതയേയും ദൈവത്തിൻെറ വിശുദ്ധിയേയും ഏററുപറയുന്നു.




തുടന്നു് "എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർത്തിയാകുവാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ" എന്നു സമൂഹത്തോടഭ്യർത്ഥിക്കുന്നു. "അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും അർപ്പിക്കപ്പെടുന്ന ഈ ബലിയിൽ മിശിഹാ സംപ്രീതനാകട്ടെ" എന്നു സമൂഹം പ്രത്യുത്തരം നല്കുന്നു.

മനുഷ്യാവതാരം, സമുദ്ധാരണം എന്നീ രഹസ്യങ്ങൾ വഴി ലഭിച്ച അതുല്യാനുഗ്രഹങ്ങളെ കാർമ്മികൻ കൃതജ്ഞതാനിർഭരനായി ഏററുപറയുന്നു.

## 10. കൂദാശകർമ്മം

ബലിയുടെ ഏററം പ്രധാന ഭാഗങ്ങളാണു തുടന്നുവരുക. മിശിഹാ നിർവഹിച്ച ബലിസമപ്പ്ണത്തോട്ട നാം യോജിക്കു കയാണിവിടെ. ഒട്ടവിലത്തെ അത്താഴത്തിൽ ഈശോ ചെ യ്തതു കാർമ്മികനും ചെയ്യുന്നു.



ഈശോ പറഞ്ഞ അതേ വാക്കു കൾ അദ്ദേഹവും ആവത്തിക്കു ന്നു. ''താൻ ഒററിക്കൊടുക്ക പ്പെട്ട രാത്രിയിൽ അവിടുന്നു നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു്, സ്വർഗ്ഗത്തിലേ ക്കു്, തൻെറ ആരാധ്യനായ പിതാവിൻെറ പക്കലേക്കു്, കണ്ണുകളുയത്തി, വാഴ്ത്തി, വിഭജിച്ചു്, ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുൾചെയ്തു:

**ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

സമൂഹം 'ആമ്മേൻ' എന്നുച്ചരിക്കുന്നു.

തിരുവോസ്തി ഉയർത്തിയതിനുശേഷം കാർമ്മികൻ നന്നായി കുനിഞ്ഞു് ആചാരം ചെയ്യുന്നു.

''അപ്രകാരംതന്നെ കാസയുമെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തു് അവർക്കു നല്കിക്കൊണ്ടു് അരുൾചെയ്തു:



**ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എൻെറ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നുവാങ്ങി പാനം ചെയ്യുവിൻ.''**

സമൂഹം 'ആമ്മേൻ' എന്നു പറയുന്നു.

കാസ ഉയർത്തിയതിനുശേഷം കാർമ്മികൻ മുമ്പിലത്തെപ്പോലെ ആചാരം ചെയ്യുന്നു.

## 11. കല്പനാനുസ്മരണപ്രാർത്ഥന (അനെംനേസിസ്)

''ഞാൻ ഈ ചെയ്തതു്, നിങ്ങൾ എൻെറ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ.'' മിശിഹായുടെ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻേറയും ജീവദായകമായ രഹസ്യത്തെ അനുസ്മരിപ്പിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുകയാണു്, കാർമ്മികൻ.

## 12. മദ്ധ്യസ്ഥപ്രാർത്ഥന (ഡിപ്റ്റിക്സ്)



കാർമ്മികൻ കൈകൾ വിരിച്ചുപിടിച്ചു് സഭ മുഴുവനുവേണ്ടിയും വിശുദ്ധരുടേയും രക്തസാക്ഷികളുടേയും ബഹുമാനത്തിനുവേണ്ടിയും എല്ലാ മനുഷ്യർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. മിശിഹായുടെ ശരീരരക്തങ്ങൾ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. ദൈവമാതാവായ പരിശുദ്ധകന്യകാമറിയത്തിൻേറയും വിശുദ്ധരായ എല്ലാ പിതാക്കന്മാരുടേയും പാവനസ്മരണ ആചരിക്കുന്നുണ്ടിവിടെ. മിശിഹാ നല്കിയ രക്ഷയുടെ മാർഗ്ഗം അനുസ്മരിപ്പിക്കുന്നതിനു ബലിപീഠത്തിൽ കാർമ്മികൻ കുരിശടയാളം വരയ്ക്കുന്നു.

## 13. പരിശുദ്ധാത്മാവു വരുന്നു (എപ്പിക്ലേസിസ്)



കാർമ്മികൻ കൈകൾ കുരിശാകൃതിയിൽ പരിശുദ്ധ രഹസ്യങ്ങളിന്മേൻ ഉയർത്തിപ്പിടിച്ചുകൊണ്ടു് പരിശുദ്ധാത്മാവിൻെറ വരവിനുവേണ്ടി പ്രാർത്ഥിക്കുന്നു: "നിൻെറ ദാസന്മാരുടെ ഈ കുർബാനയിൽ അവിടുന്നാവസിച്ചു് അതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യുമാറാകട്ടെ"

## 14. കൃതജ്ഞതാപ്രാർത്ഥന

കാർമ്മികൻ അനന്തരം കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയതും ലോകത്തിനുമുഴുവൻ ജീവൻ നല്കുന്നതുമായ വിശുദ്ധ കുർബാനയെ കാർമ്മികനും സമൂഹവും സ്തുതിക്കുന്നു. കാർമ്മികൻ തിരുവോസ്തി കരങ്ങളിലെടുത്തു്, പിതാവിൻെറ ഏററം വലിയ ദാനമാണു മിശിഹായെന്നു് ഏററുപറയുന്നു: "അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു് കർത്താവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു." തുടർന്നു തിരുവോസ്തി രണ്ടായി വിഭജിക്കുന്നു. മിശിഹായുടെ മരണത്തെയാണിതു സൂചിപ്പിക്കുന്നതു്. തിരുവോസ്തിയുടെ ഒരു ഭാഗംകൊണ്ടു തിരുരക്തത്തെ അടയാളപ്പെടുത്തുന്നു. ആ ഭാഗംകൊണ്ടു മറേറ ഭാഗത്തിലും കുരിശുവരയ്ക്കുന്നു. മിശിഹായുടെ ഉയിർപ്പിനെയാണിതു് സൂചിപ്പിക്കുക. തന്മൂലമാണു് ഭേദിക്കപ്പെട്ട കല്ലറയുടെ പ്രതീകമായി ശോശപ്പ ഉടനെ വിടർത്തിവയ്ക്കുന്നതു്.

## 15. നാം ക്രിസ്തുവിനെ സ്വീകരിക്കുന്നു

'കർത്താവേ, അങ്ങേ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ' എന്നു സമൂഹം ആവർത്തിച്ചു പ്രാർത്ഥിക്കുന്നു. അനന്തരം കാർമ്മികനും സമൂഹവുംചേർന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ജപം ചൊല്ലുന്നു. തുടർന്ന് കാർമ്മികൻ ജനങ്ങൾക്കു സമാധാനം ആശംസിച്ചുകൊണ്ട് വിശുദ്ധകുർബാനസ്വീകരണത്തിനു ജനങ്ങളെ ക്ഷണിക്കുന്നു.



പിന്നീടു കാർമ്മികൻ ബലിവസ്തുക്കൾ ഉൾക്കൊള്ളുന്നു. തിരുശ്ശരീരം ഉൾക്കൊള്ളുമ്പോൾ ''കർത്താവേ, അങ്ങയുടെ തിരുശ്ശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ'' എന്നു പറയുന്നു. തിരുരക്തം ഉൾക്കൊണ്ടതിനുശേഷം പ്രാർത്ഥിക്കുന്നു: ''അങ്ങയുടെ അമൂല്യമായ രക്തത്തിന്റെ കാസയിൽനിന്നു പാനംചെയ്യുവാൻ പാപിയായ എന്നേയും അനുവദിച്ചു. അങ്ങയുടെഅവർണ്ണനീയമായ സ്നേഹത്തിനു് എന്നേക്കും സ്തുതി.''



പിന്നെ ജനങ്ങളെ കാർമ്മികൻ ആശീർവ്വദിക്കുന്നു. പരിശുദ്ധ കുർബാന ജനങ്ങൾക്കു നല്കുമ്പോൾ ''മിശിഹായുടെ ശരീരവും രക്തവും നിത്യജീവൻ നല്കട്ടെ'' എന്നുച്ചരിക്കുന്നു.

## 16. സമാപനം

ദിവ്യകാരുണ്യസ്വീകരണം ശിക്ഷാവിധിക്കു കാരണമാകാതിരിക്കുന്നതിനും ദിവ്യനാഥന്റെ സന്തുഷ്ടിയും ശക്തിയും ലഭിക്കുന്നതിനുംവേണ്ടി കാർമ്മികനും സമൂഹവും പ്രാർത്ഥിക്കുന്നു. കാർമ്മികൻ കൃതജ്ഞത പ്രകാശിപ്പിക്കുകയും പരിശുദ്ധത്രിത്വത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. നിത്യസൗഭാഗ്യവും മിശിഹായുടെ അനുഗ്രഹവും ജനങ്ങൾക്കു നേർന്നുകൊണ്ടു കാർമ്മികൻ അവക്ക് ആശീർവ്വാദം നല്കുന്നു. ബലിപീഠത്തോടു വിടവാങ്ങുന്ന പ്രാർത്ഥനയോടെ കുർബാന സമാപിക്കുന്നു.






## B. ലത്തീൻ ക്രമത്തിൽ

### 1. വിശുദ്ധബലിയർപ്പണത്തിൽ പങ്കെടുക്കുന്നതിനു നാം ഒരുങ്ങുന്നു

"ഭൂമി മുഴുവനുമേ, കർത്താവിനെ സ്തുതിക്കുവിൻ. ആഹ്ലാദ



പൂർവ്വം കർത്താവിനെ ശുശ്രൂഷിക്കുവിൻ. ആമോദകീർത്തനങ്ങളോടെ അവിടുത്തെ സന്നിധിയിൽ അണയുവിൻ. കർത്താവു ദൈവമാണെന്നു ഗ്രഹിക്കുവിൻ. അവിടുന്നു നമ്മെ സൃഷ്ടിച്ചു. നാം അവിടുത്തെ സ്വന്തമാകുന്നു. കർത്താവിനു കൃതജ്ഞതാസ്തോത്രം പാടുവിൻ; അവിടുത്തെ നാമം വാഴ്ത്തുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, കർത്താവു നല്ലവനാകുന്നു.''

(സങ്കീ: 99)

### 2. നമ്മുടെ പാപങ്ങൾക്കു പൊറുതി അപേക്ഷിക്കുന്നു

സർവ്വശക്തനായ ദൈവത്തോടും നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും ......................... എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

### 3. ഈശോയോടുകൂടി നമ്മെയും ചേർക്കാൻ നാം പ്രാർത്ഥിക്കുന്നു

കർത്താവേ, കനിയേണമേ,
കർത്താവേ, കനിയേണമേ,
കർത്താവേ, കനിയേണമേ.
ക്രിസ്തുവേ, കനിയേണമേ,
ക്രിസ്തുവേ, കനിയേണമേ,
ക്രിസ്തുവേ, കനിയേണമേ.

## 4· നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും ........................................ പരിശുദ്ധാത്മാവിനോടുകൂടി പിതാവായ ദൈവത്തിന്റെ മഹത്വത്തിൽ. ആമ്മേൻ.

പുരോഹിതൻ: കർത്താവു നിങ്ങളോടുകൂടെ.

ജനം: അങ്ങയോടുകൂടെയും.

## 5· നാം ദൈവവചനം ശ്രവിക്കുന്നു

ലേഖനവായനയ്ക്കുശേഷം, ''ദൈവത്തിനു സ്തുതി'' എന്നു പറഞ്ഞുകൊണ്ട്, ലേഖനംവഴി നമ്മെ പഠിപ്പിച്ച ദൈവത്തിനു നാം കൃതജ്ഞത പ്രദർശിപ്പിക്കുന്നു.

സുവിശേഷം വായിച്ചുകഴിയുമ്പോൾ ''മിശിഹായേ, അങ്ങേയ്ക്കു സ്തുതി'' എന്നുച്ചരിച്ചുകൊണ്ടു രക്ഷയുടെ സദ്വാർത്ത നമ്മെ അറിയിച്ചതിന് ഈശോയ്ക്കു നാം നന്ദി പറയുന്നു.

## 6· നമ്മുടെ വിശ്വാസം നാം ഏററുപറയുന്നു

ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ആകാശത്തിന്റേയും ........................................ മരിച്ചവരുടെ ഉയിർപ്പും പരലോകജീവിതവും ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആമ്മേൻ.

പുരോഹിതൻ: കർത്താവു നിങ്ങളോടുകൂടെ.

ജനം: അങ്ങയോടുകൂടെയും.

## 7. കാഴ്ചവയ്പ്



പരിശുദ്ധനായ പിതാവേ, ഞങ്ങളുടെ കാഴ്ചവസ്തുക്കളായ അപ്പവും വീഞ്ഞും ഞങ്ങളുടെ പ്രതീകമായി അങ്ങു സ്വീകരിക്കണമേ. ഈ ദാനങ്ങൾ വഴി ഞങ്ങളുടെ സകല പ്രവൃത്തികളും സന്തോഷങ്ങളും ദുഃഖങ്ങളും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. വീഞ്ഞിനോടുകൂടി വെള്ളം എന്നപോലെ ഈശോയുടെ ഈ ബലിയോടു ഞങ്ങളേയും യോജിപ്പിക്കണമെന്നു വിനയപൂർവ്വം ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

## 8. പുരോഹിതനോടുകൂടി നാം പ്രാർത്ഥിക്കുന്നു

ദൈവത്തിന്റെ മഹത്വത്തിനും വിശുദ്ധ കത്തോലിക്കസഭയുടെ നന്മയ്ക്കുംവേണ്ടി ഞങ്ങളുടെ ഈ സമർപ്പണം ഞങ്ങളുടെ നിത്യപുരോഹിതനായ ഈശോമിശിഹായുടെ ബലിയായിത്തീരട്ടെ.

പുരോഹിതൻ: എന്നും എന്നേയ്ക്കും.

ജനം: ആമ്മേൻ.

പുരോ: കർത്താവു നിങ്ങളോടുകൂടെ.

ജനം: അങ്ങയോടുകൂടെയും.

പുരോ: നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുവിൻ.

ജനം: ഞങ്ങൾ കർത്താവിന്റെ പക്കലേയ്ക്കു് ഇതാ ഉയർത്തിയിരിക്കുന്നു.

പുരോ: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം.

ജനം: അതു് ഉചിതവും ന്യായവുമത്രേ.

## 9· മാലാഖമാരോടുചേൻ നാം ദൈവത്തെ സ്തുതിക്കുന്നു

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങേ മഹിമയാൽ നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഹോസാന്ന. കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന്ന.

[പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
സൈന്യങ്ങൾതൻ കർത്താവാം
ദൈവം പരിശുദ്ധൻ.

നിരുപമമങ്ങേ മഹിമകളാൽ
നിറഞ്ഞുമഹിയും വിണ്ടലവും;
ഹോസാനാ, ഹോസാനാ
അത്യുന്നതങ്ങളിൽ ഹോസാനാ.

കർത്താവിൻ തിരുനാമത്തിൽ
വരുവോനേററം ധന്യനുമാം;
ഹോസാനാ, ഹോസാനാ
അത്യുന്നതങ്ങളിൽ ഹോസാനാ ]

## 10· ദിവ്യബലിയുടെ പ്രധാന ഭാഗത്തേയ്ക്കു നാം പ്രവേശിക്കുന്നു

കാർമ്മികൻ: കാരുണ്യവാനായ പിതാവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ വിനയപൂർവ്വം അങ്ങയോട് അപേക്ഷിക്കുന്നു. ഈ കാണിക്കകൾ, ഈ ബലിവസ്തുക്കൾ സ്വീകരിച്ച് അനുഗ്രഹിക്കണമേ.

തുടർന്ന് കാർമ്മികൻ സഭയ്ക്കും മാർപ്പാപ്പയ്ക്കും മെത്രാനും ഗുരുക്കൾക്കും പ്രിയപ്പെട്ടവർക്കും ലോകസമാധാനത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു.

## 11. കൂദാശകർമ്മം



കാർമ്മികൻ: "ക്രിസ്തുനാഥൻ പീഡാനുഭവത്തിൻെറ തലേ നാൾ, പാവനമായ തൃക്കൈകളിൽ അപ്പമെടുത്തു്, സ്വർഗ്ഗത്തിലേയ്ക്കു്, സർവ്വശക്തനായ ദൈവവും തൻെറ പിതാവുമായ അങ്ങയുടെനേർക്ക് കണ്ണുകളുയർത്തി, കൃതജ്ഞതാസ്തോത്രംചൊല്ലി, ഭാഗിച്ച് ശിഷ്യന്മാർക്ക കൊടുത്തുകൊണ്ടു കല്പിച്ചരുളി: എല്ലാവരും ഇതു വാങ്ങി ഭക്ഷിക്കുവിൻ: എന്തുകൊണ്ടെന്നാൽ **ഇതു് എൻെറ ശരീരം ആകുന്നു."** (കാർമ്മികൻ തിരുശ്ശരീരം ഉയർത്തുന്നു. നാം ഈശോയുടെ തിരുശ്ശരീരത്തെ ആരാധിക്കുകയും ഈശോയെ ദൈവത്തിനു സമർപ്പിക്കുകയുംചെയ്യുന്നു.)



"അപ്രകാരംതന്നെ, അത്താഴം കഴിഞ്ഞു്, അവിടുന്നു് വിശിഷ്ടമായ ഈ പാനപാത്രം പാവനമായ തൃക്കൈകളിൽ എടുത്തു്, വീണ്ടും കൃതജ്ഞതാസ്തോത്രം ചൊല്ലി, ശിഷ്യന്മാർക്ക കൊടുത്തുകൊണ്ടു കല്പിച്ചരുളി: എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ: എന്തുകൊണ്ടെന്നാൽ **ഇതു് എൻെറ രക്തം ആകുന്നു,** നവീനവും സനാതനവുമായ ഉടമ്പടിയുടെ രക്തം, നിങ്ങൾക്കും എല്ലാവർക്കുംവേണ്ടി പാപമോചനത്തിനായി

ചിന്തുവാനിരിക്കുന്ന രക്തം. നിങ്ങൾ ഇതു ചെയ്യുമ്പോഴൊക്കെയും എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ.'' (കാർമ്മികൻ കാസ ഉയർത്തുന്നു. നാം തിരുരക്തത്തെ ആരാധിക്കുകയും ഈശോയെ ദൈവത്തിനു് അർപ്പിക്കുകയും ചെയ്യുന്നു.

## 12. ക്രിസ്തു നമുക്കുവേണ്ടി ചെയ്തതു നാം അനുസ്മരിക്കുന്നു

പുരോഹിതൻ: ''ആകയാൽ, പിതാവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിൻെറ ധന്യമായ പീഡാസഹനവും മരണവും മഹനീയമായ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും ഓർത്തുകൊണ്ടു്, അങ്ങയുടെ പരിചാരകന്മാരായ ഞങ്ങളും ... ഈ നിർമ്മലബലി ... അങ്ങയുടെ തിരുസന്നിധിയിൽ സമർപ്പിച്ചുകൊള്ളുന്നു.''

## 13. ക്രിസ്തുവഴി നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു

''...ദൈവമേ, സർവ്വശക്തനായ പിതാവേ, അങ്ങേയ്ക്കു ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽത്തന്നെ, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, എല്ലാ മഹിമയും ആരാധനയും എന്നും എന്നേയ്ക്കും.''

സമൂഹം: ''ആമ്മേൻ.''

## 14. ദിവ്യകാരുണ്യസ്വീകരണത്തിനു നാം ഒരുങ്ങുന്നു

''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......''പിതാവിന്റെ ഏററം വിശിഷ്ടദാനമായ ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു നാം പിതാവിനെ മഹത്വപ്പെടുത്തുകയും പിതാവിൻെറ ദാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 15. നമ്മുടെ രക്ഷകനായ ഈശോയോടു നാം പ്രാർത്ഥിക്കുന്നു

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങൾക്കു സമാധാനം നല്ലണമേ.

''പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലുമായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നാകുന്നതിനു...'' വേണ്ടി പ്രാത്ഥിച്ച ഈശോയേ, ഈ അപ്പം ഭക്ഷിക്കുന്ന എല്ലാവരും അങ്ങയുടെ സ്നേഹത്തിൽ ഒന്നായിത്തീരുന്നതിനു കൃപചെയ്യണമേ! ആമ്മേൻ.

## 16. ദൈവത്തിൻെറ ദാനമായ ഈശോയെ നാം സ്വീകരിക്കുന്നു



കർത്താവേ, അങ്ങു ഞങ്ങളിൽ എഴുന്നള്ളിവരുന്നതിനുവേണ്ട യോഗ്യത ഞങ്ങൾക്കില്ല. എന്നാൽ, അങ്ങ് ഒന്നു കല്പിച്ചാൽമതി ഞങ്ങളുടെ ആത്മാവു പാപവിമുക്തമാകും.

## 17. ക്രിസ്തുവാകുന്ന ദാനത്തിനു നാം ദൈവത്തിനു നന്ദിപറയുന്നു



ദൈവമായ കർത്താവേ, അങ്ങു ഞങ്ങൾക്കു നല്കിയ ഈ ദിവ്യദാനത്തിനു ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു. അങ്ങയുടെ കാരുണ്യത്താൽ ഞങ്ങൾ സ്വീകരിച്ച ഈ കുദാശയ്ക്കു ഞങ്ങളെ അർഹരാക്കണമേ. അങ്ങയോടുകൂടി പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി എന്നും എന്നേയ്ക്കും ആമ്മേൻ.

## 18. ദിവ്യബലി സമാപിച്ചു

ദിവ്യബലി പൂർത്തിയായി. നമുക്കു പോയി ക്രിസ്തുവിനോടുകൂടിയുള്ള ഐക്യത്തിൽ ജീവിക്കാം.

പുരോ: കർത്താവു നിങ്ങളോടുകൂടെ.


ജനം: അങ്ങയോടുകൂടെയും.

പുരോ: ദിവ്യബലി സമാപിച്ചു. നിങ്ങൾക്കു പോകാം.

ജനം: ദൈവത്തിനു നന്ദി.

## C. മലങ്കര ക്രമത്തിൽ

### 1. കമ്മി പ്രാർത്ഥനാസഹായം അപേക്ഷിക്കുന്നു



കമ്മി: ജീവപ്രദമായ വിശുദ്ധ ബലി സഭയ്ക്കു മുഴുവനും വേണ്ടി അർപ്പിക്കുന്നതിനു ഞാൻ യോഗ്യനാകുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

ജനം: കർത്താവ് അവിടുത്തെ പ്രാർത്ഥനകൾ കേട്ടു ബലിയിൽ സംപ്രീതനാകട്ടെ. അങ്ങയുടെ കുർബാന സ്വീകരിച്ച് അങ്ങയോടൊപ്പം ഞങ്ങളെയും അതിൽ സംബന്ധിപ്പിക്കട്ടെ.

(ദിവ്യബലിയുടെ ആരംഭത്തിൽ അപ്പവും വീഞ്ഞും ബലിപീഠത്തിൽ ഒരുക്കിവയ്ക്കുന്ന ക്രമത്തിനുമുമ്പും അപ്പവും വീഞ്ഞും വാഴ്ത്തുന്ന ക്രമം ആരംഭിക്കുന്നതിനുമുമ്പും വിശുദ്ധ കുർബാന സ്വീകരണത്തിനുമുമ്പും ജനങ്ങളിൽനിന്നു പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു. കാഴ്ചവെപ്പിനുശേഷം വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുന്നു. "ദൈവമേ, നീ പരിശുദ്ധനാകുന്നു" എന്ന പ്രാർത്ഥനയ്ക്കുശേഷം വേദവായനകൾ നടത്തുന്നു. ഈ വചനശുശ്രൂഷസമയത്തു ദൈവം നമ്മോടു സംസാരിക്കുന്നു.)



കർമ്മി: ജീവൻ നല്കുന്ന വചനമായ നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ; ലോകത്തിനു ജീവനും രക്ഷയും അറിയിച്ച ................ എഴുതിയ സുവിശേഷത്തിൽനിന്നു്.

ജനം: വന്നവനും വരുവാനിരിക്കുന്നവനും അനുഗൃഹീതനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ചവനു് സ്തുതികളും നാം എല്ലാവരുടെയും മേൽ തൻെറ അനുഗ്രഹങ്ങളും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

## 2. പാപപരിഹാരപ്രാർത്ഥനകൾ



(സുവിശേഷവായനയും പ്രസംഗവും കഴിഞ്ഞു് കർമ്മി പാപപരിഹാര പ്രാർത്ഥനകൾ നടത്തുന്നു.)

കർമ്മി: ................ പാപപരിഹാരം നല്കുന്നവനും, വെടിപ്പാക്കുന്നവനും, ഞങ്ങളുടെ തിന്മകൾ ക്ഷമിക്കുന്നവനും വിസ്മരിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ സ്നേഹാർദ്രതയാൽ എന്റെ എണ്ണമററ പാപങ്ങളും നിന്നിൽ വിശ്വസിക്കുന്ന ജനം മുഴുവന്റെയും പാപങ്ങളും മായിച്ചു്, ഉത്തമനേ, ദയതോന്നി ഞങ്ങളോട്ടു കരുണചെയ്യണമേ.

## 3· സമാധാനപ്രാർത്ഥന

കമ്മി: കത്താവേ, നിൻെറ സഭസ്സും ആട്ടകൾക്കും ഇടവ കസ്സും ശാശ്വതമായ ഐക്യവും സമാധാനവും സ്നേഹവും നിരന്ത രമായി നല്ലണമെ.......... ..............

കമ്മി: നിങ്ങൾക്കെല്ലാവക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം: അവിട്ടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.



ശുശ്രൂഷി: നമ്മുടെ ദൈവ മായ കത്താവിൻെറ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവു മായ ചുംബനത്താൽ ഓരോരു ത്തനും അവനവൻെറ അട്ടത്ത വനു് തമ്മിൽത്തമ്മിൽ സമാ ധാനം കൊട്ടക്കണം.

ജനം: ദൈവമായ കത്താ വേ, ഞങ്ങളുടെ ആയുസ്സുകാലം മുഴവനും ഈ സമാധാനത്തിനു ഞങ്ങളെ യോഗ്യരാക്കണമെ.

## 4· ഒന്നാമത്തെ ആശീർവാദം



അപ്പവും വീഞ്ഞും വാഴ്ത്തു ന്നതിനുള്ള ക്രമത്തിൻെറ ആ രംഭത്തിലും വി. കർബാനാനു ഭവത്തിനുള്ള ഒരുക്കത്തിൻെറ ആരംഭത്തിലും ദിവ്യബലിയു ടെ ഏററവും ഒട്ടവിലും (ഇ ങ്ങനെ നാലുപ്രാവശ്യം) കമ്മി വിശ്വാസികളുടെനേരെ തിരി ഞ്ഞു് ആശീർവദിക്കുന്നുണ്ടു്.

കമ്മി: പിതാവായ ദൈവ ത്തിൻെറ സ്നേഹവും ഏകജാ തൻെറ കൃപയും പരിശുദ്ധാ ത്മാവിൻെറ സംസർഗ്ഗവും ആ വാസവും എൻെറ സഹോദര ങ്ങളേ, നിങ്ങൾ എല്ലാവ രോടുംകൂടെ എന്നേയ്ക്കും ഉണ്ടാ യിരിക്കട്ടെ.

ജനം: ആമ്മീൻ. അവിടുത്തെ ആത്മാവോടുംകൂടെ ഉണ്ടായിരിക്കട്ടെ.

## 5. അപ്പവും വീഞ്ഞും വാഴ്ത്തുന്നതിനുമുമ്പുള്ള പ്രാർത്ഥന



കമ്മി: ഈ സമയത്തു നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം.


ജനം: ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു.

കമ്മി: ഭയത്തോടുകൂടി കർത്താവിനു നമുക്കു സ്തോത്രം ചെയ്യാം.

ജനം: ഭയത്തോടുകൂടി കർത്താവിനു സ്തോത്രംചെയ്യുന്നതു് യുക്തവും ന്യായവുമാകുന്നു.

(തുടൎന്നു മാലാഖമാരോടുകൂടി ''പരിശുദ്ധൻ'' എന്ന പ്രാൎത്ഥന നടത്തുന്നു. അപ്പവും വീഞ്ഞും വാഴ്ത്തി കൎത്താവിൻെറ തിരുശ്ശരീരരക്തങ്ങളാക്കി മാററുന്നു.)


## 6. പരിശുദ്ധാത്മാവിന്റെ ആവാസത്തിനായുള്ള പ്രാർത്ഥന



കർമ്മി: ഒരു പ്രാർത്ഥന.

ശുശ്രൂഷി: വാത്സല്യമുള്ളവരേ, ജീവപ്രദനായ പരിശുദ്ധാത്മാവ് സ്വർഗ്ഗീയ ഉന്നതങ്ങളിൽനിന്ന് ഇറങ്ങിവന്ന് വയ്ക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധകുർബാനമേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും കൂടി പ്രാർത്ഥിക്കുവിൻ.

ജനം: ഞങ്ങൾ എല്ലാവരോടുംകൂടെ സമാധാനവും ഞങ്ങൾക്കെല്ലാവർക്കും സംപ്രീതിയുമുണ്ടാകണമെ.




കർമ്മി: കർത്താവേ, എന്നോട് ഉത്തരമരുളണമെ. കർത്താവേ, എന്നോട് ഉത്തരമരുളണമെ. കർത്താവേ, എന്നോട് ഉത്തരമരുളി എന്നോടു കരുണ ചെയ്യണമെ.

ജനം: കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.



കമ്മി: പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ✠✠✠ ശരീരമാക്കി പൂത്തീകരിക്കട്ടെ.

ജനം: ആമ്മീൻ.



കമ്മി: ഈ കാസായെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ✠✠✠ രക്തമാക്കി പൂത്തീകരിക്കട്ടെ.

ജനം: ആമ്മീൻ.

## 7. മാദ്ധ്യസ്ഥ പ്രാർത്ഥന




ജീവിച്ചിരിക്കുന്ന സഭാധികാരികൾക്കും വിശ്വാസികൾക്കും ലൗകികാധികാരികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. മരിച്ചുപോയ വിശുദ്ധരേയും പ്രത്യേകിച്ചു വി. കന്യകാമറിയാമിനേയും സഭയിലെ പിതാക്കന്മാരേയും രക്തസാക്ഷികളേയും മല്പാന്മാരേയും പരേതരായ എല്ലാ വിശ്വാസികളേയും ഓക്കുന്നു.

(ആകെ ആറു മാദ്ധ്യസ്ഥ്യ പ്രാർത്ഥനകളാണുള്ളത്. അവയിൽ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവരേയും മൂന്നെണ്ണം മരിച്ചുപോയവരേയും സ്മരിച്ചുകൊണ്ടുള്ളവയാണ്.)

## 8. ഖണ്ഡന ശുശ്രൂഷ

(കർത്താവിന്റെ പീഡാനുഭവത്തേയും കുരിശുമരണത്തേയും അനുസ്മരിച്ചുകൊണ്ടുള്ള ഒരു ശുശ്രൂഷയാണിത്.)



കശ്ശീ: നിത്യജീവനുവേണ്ടി ഈ സ്വർഗ്ഗീയ അപ്പം ഞങ്ങൾ മുറിക്കുന്നു. പിതാവിന്റെ ✠ നാമത്തിലും, പുത്രന്റെ ✠ നാമത്തിലും, ജീവനുള്ള പരിശുദ്ധ റൂഹായുടെ ✠ നാമത്തിലും ആമ്മീൻ.

ജനം: ''അൻപുടയോനെ'' എന്ന ഗീതം ചൊല്ലുന്നു.

ശുശ്രൂഷി: കാരുണ്യവാനായ കർത്താവിന്റെ തൃക്കയ്യിൽ നമ്മുടെ ജീവനെ നാം ഭരമേല്പിച്ച് കരുണ യാചിക്കണം.

ജനം: കാരുണ്യവാനായ കർത്താവേ, നിൻെറ കയ്യിൽ ഞങ്ങളുടെ ജീവനെ ഞങ്ങൾ ഭരമേല്പിക്കുന്നു. നല്ലവനേ, ഞങ്ങളോടു കരുണ ചെയ്യണമെ

## 9. വിശുദ്ധകുർബാന സ്വീകരണത്തിനൊരുക്കം




കർമ്മി: കരുണയുള്ള പിതാവായ ദൈവമേ, തിരുമുമ്പാകെ അപേക്ഷാപൂർവ്വം ഉച്ചത്തിൽ പ്രാർത്ഥിപ്പാനായി ഞങ്ങളുടെ അധരങ്ങളെയും വായ്കളെയും തുറക്കണമേ. ഞങ്ങൾ എല്ലാവരുടേയും ആത്മശരീരങ്ങളെ ശുദ്ധീകരിക്കുകയും ബുദ്ധിയെയും മനസ്സിനെയും നിർമ്മലമാക്കുകയും ചെയ്യണമേ. ഞങ്ങളിതാ, പ്രാർത്ഥിച്ചു പറയുന്നു: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

ജനം: നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ ...
...............ആമ്മീൻ.

(പീലാസായും കാസായും ഉയർത്തുന്നു. പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നു. വി. കുർബാന നല്കുന്നു. അതിനുശേഷം കർമ്മി കൃതജ്ഞതാപ്രാർത്ഥന നടത്തുന്നു.)

## 10. കൃതജ്ഞതാപ്രാർത്ഥന

കർമ്മി: നിൻെറ ഏകജാതൻെറ തിരുശ്ശരീരരക്തങ്ങളായ ദാനത്തിനു ഞങ്ങളെ യോഗ്യരാക്കിയ പിതാവേ, നശ്വര ഭക്ഷണം



ശീലിച്ച ഞങ്ങളുടെ വാസ്സൾ നിൻെറ കൃപയ്ക്കു സ്തോത്രം ചെയ്യുന്നു ........................


ജനം: ആമ്മീൻ.

കമ്മി: നാശമില്ലാത്ത ഭക്ഷണമായിത്തീരുവാൻ ഇറങ്ങിവന്ന സ്വർഗ്ഗീയഅപ്പമായ മിശിഹായേ, ഞങ്ങൾ നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിൽ, കെട്ടുപോകാത്ത അഗ്നിയ്ക്കു് ഇരയാകുവാൻ ഇടയാക്കരുതേ..............

ജനം: ആമ്മീൻ.

(വിശുദ്ധ കുർബാനയുടെ അവസാനത്തിൽ വൈദികൻ ബലിപീഠത്തിന്മേൽ ചുംബിച്ചുകൊണ്ടു് അതിനോടു യാത്ര പറയുന്നു.)





## 13

# മാതാപിതാക്കളെ ബഹുമാനിക്കണം

"ഈശോയ്ക്കു പന്ത്രണ്ടുവയസ്സായപ്പോൾ അവർ (ഈശോയും മറിയവും യൗസേപ്പും) പതിവുപോലെ തിരുനാളിനു ജെറുസലത്തെത്തി. അവർ തിരുനാൾ കഴിഞ്ഞു മടങ്ങിപ്പോന്നു. എന്നാൽ, ബാലനായ ഈശോ ജെറുസലത്തുതന്നെ താമസിച്ചു. മാതാപിതാക്കന്മാർ അതറിഞ്ഞതുമില്ല. അവിടുന്നു സഹയാത്രക്കാരോടുകൂടെ ഉണ്ടാകുമെന്നു കരുതി അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. അപ്പോഴാണു", അവർ ചാർച്ചക്കാരുടേയും പരിചയക്കാരുടേയും ഇടയിൽ അവിടുത്തെ അന്വേ

ഷിച്ചതു്. അവരുടെ ഇടയിൽ അവിടുത്തെ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ അവർ അവിടുത്തെ അന്വേഷിച്ച് ജെറുസലത്തേക്കുതന്നെ മടങ്ങി. മൂന്നു ദിവസത്തിനുശേഷം ദൈവാലയത്തിൽവച്ച് അവർ അവിടുത്തെ കണ്ടെത്തി. അവിടുന്ന് ഉപദേഷ്ടാക്കളുടെ ഇടയിൽ ഇരുന്നു്, അവർ പറയുന്നവ ശ്രവിക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയുമായിരുന്നു. ഇവ കേട്ടുകൊണ്ടിരുന്നവരെല്ലാം അവിടുത്തെ വിജ്ഞാനത്തിലും പ്രത്യുത്തരങ്ങളിലും അത്ഭുതപ്പെട്ടു. അവിടുത്തെ കണ്ടപ്പോൾ മാതാപിതാക്കന്മാർക്കും ആശ്ചര്യം തോന്നി. അമ്മ അവിടുത്തോടു ചോദിച്ചു. "എന്റെ മകനേ, നീ എന്തുകൊണ്ടാണു് ഞങ്ങളോടു് ഇങ്ങനെ ചെയ്തതു്? നിന്റെ പിതാവും ഞാനും സങ്കടത്തോടെ നിന്നെ അന്വേഷിക്കയായിരുന്നു." അവിടുന്നു് അവരോടു ചോദിച്ചു: "എന്തിനാണു നിങ്ങൾ എന്നെ അന്വേഷിച്ചതു്? ഞാൻ എന്റെ പിതാവിന്റെ ജോലിയിൽ വ്യാപൃതനായിരിക്കണമെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?" അവിടുന്നു് അരുൾചെയ്ത വാക്കുകളുടെ അർത്ഥം അവർക്കു മനസ്സിലായില്ല. അനന്തരം അവിടുന്നു് അവരോടുകൂടെ നസ്രത്തിലെത്തി അവർക്കു കീഴ്പെട്ടു ജീവിച്ചു" (ലൂക്കാ 2 : 42–51).



ആദ്യത്തെ മൂന്നു പ്രമാണങ്ങളിലൂടെ, എല്ലാററിലും ഉപരിയായി തന്നെ സ്നേഹിക്കാനും തൻെറ നാമം ആദരവോടെ ഉപയോഗിക്കാനും സാബത്തു പരിശുദ്ധമായി ആചരിക്കാനും ദൈവം നമ്മോടു കല്പിക്കുന്നു. നാലാം പ്രമാണംവഴിയാകട്ടെ, നമ്മുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കാനാണു ദൈവം നമ്മോടു കല്പിക്കുന്നതു്.

നമ്മുടെ നേതാവായ ഈശോതന്നെ ഇക്കാര്യത്തിൽ നമുക്കു നല്ല മാതൃക തരുന്നുണ്ടു്. തൻെറ അമ്മയായ മറിയത്തേയും വളർത്തുപിതാവായ യൗസേപ്പിനേയും അനുസരിച്ചാണു് അവിടുന്നു ജീവിച്ചതു്. അവർക്കു കീഴ്‌വഴങ്ങുക സ്വർഗ്ഗസ്ഥനായ പിതാവിനു കീഴ്‌വഴങ്ങുന്നതായി അവിടുന്നു കണക്കാക്കി. അവരെ അവിടുന്നു ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്തു.

മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു. അവരാണു നമുക്കു ജീവൻ നല്കിയതു്. നമ്മെ വളർത്തുന്നതും അവരാണു്. അതിനാൽ, നാം നമ്മുടെ മാതാവിനേയും പിതാവിനേയും ബഹുമാനിക്കണമെന്നാണു ദൈവനിശ്ചയം.

നല്ല മാതാപിതാക്കന്മാർ മക്കളെ എന്തുമാത്രം സ്നേഹിക്കുന്നു! മക്കളെ അവർ സംരക്ഷിക്കുകയും നേർവഴിക്കു നടത്തുകയും കഴിവുള്ള എല്ലാ വിധത്തിലും സഹായിക്കുകയും ചെയ്യുന്നു. മക്കൾക്കുവേണ്ടി അവർ സഹിക്കുന്ന ത്യാഗങ്ങൾ നിസ്സാരങ്ങളല്ല. നല്ല കുട്ടികൾ മാതാപിതാക്കന്മാരെ സ്നേഹിക്കുന്നു. അവരെ അനുസരിക്കുന്നതിലും ബഹുമാനിക്കുന്നതിലും സഹായിക്കുന്നതിലും അവർ ഒരിക്കലും മടികാണിക്കുന്നില്ല.

മാതാപിതാക്കന്മാർക്കു പുറമെ നമ്മുടെ വളർച്ചയിൽ തൽപരരായ മേലധികാരികൾ, ഗുരുനാഥന്മാർ, ഉപകാരികൾ, നേതാക്കൾ മുതലായവരേയും നാം ആദരിക്കണം.

മാതാപിതാക്കന്മാരെ നിങ്ങൾ അനുസരിക്കാറുണ്ടോ?

അവരെ നിങ്ങൾ ബഹുമാനിക്കാറുണ്ടോ?

അവരെ നിങ്ങൾ സഹായിക്കാറുണ്ടോ?

## ഓർമ്മിക്കാൻ

**വേദപുസ്തകത്തിൽനിന്നു്:**

"പിതാവിൻെറ അനുഗ്രഹം നിന്നിലുണ്ടാകാൻ വേണ്ടി വാക്കിലും പ്രവൃത്തിയിലും നീ നിൻെറ പിതാവിനെ ബഹുമാനിക്കണം" (പ്രഭാ. 3 : 8).

"നിൻെറ മാതാപിതാക്കന്മാരെ ബഹുമാനിക്കണം"— ഇതാണു നാലാം പ്രമാണം.

ഈ പ്രമാണംവഴി ദൈവം എന്തു വിലക്കുന്നു?

## പ്രവർത്തിക്കാൻ

ഞാൻ മാതാപിതാക്കന്മാരെ അനുസരിക്കുകയും സഹായിക്കുകയും ചെയ്യും.

മാതാപിതാക്കന്മാരോടും അദ്ധ്യാപകരോടും ബഹുമാനപുരസ്സരം സംസാരിക്കും.

നിങ്ങളുടെ മാതാപിതാക്കന്മാരെ സന്തോഷിപ്പിക്കാനായി നിങ്ങൾക്കു ചെയ്യാവുന്ന മൂന്നു കാര്യങ്ങൾ എഴുതുക:

1.

2.

3.

താഴെക്കൊടുത്തിരിക്കുന്ന ബൈബിൾവാചകങ്ങൾ മുഴുവനാക്കുക:

"കുട്ടികളേ, നിങ്ങളുടെ പിതാവിനെ ബ.................. എങ്കിലേ നിങ്ങൾക്കു ദീർഘാ.........ഉണ്ടായിരിക്കൂ. .........മാണു മാതാപിതാക്കന്മാർക്കു് അവരുടെ കുട്ടികളുടെമേൽ അധികാരം കൊടുത്തിരിക്കുന്നതു്. ദൈവത്തെ ഭയപ്പെടുന്നവൻ .................... ബഹുമാനിക്കുന്നു. (പ്രഭാ. 3 : 7, 2, 8).



## 14

# “നിൻെറ സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കുക”

‘‘....സഹോദരന്മാരെ അന്വേഷിച്ചു പുറപ്പെട്ട യൗസേപ്പ് അവരെ ദൊത്തേയിനിൽവച്ചു കണ്ടു. അകലെനിന്ന് അവൻ വരുന്നതുകണ്ടു് അവൻെറ സഹോദരന്മാർ അവനെ കൊന്നുകളയുന്നതിനു ഗൂഢാലോചന നടത്തി. ‘അതാ, ആ സ്വപ്നക്കാരൻ വരുന്നു. അവനെ നമുക്കു കൊല്ലണം. അവൻെറ സ്വപ്നങ്ങൾ നിറവേറുന്നതു നമുക്കൊന്നു കാണാം’ എന്നവർ തമ്മിൽത്തമ്മിൽ പറഞ്ഞു. അതിനു റൂബൻ അനുകൂലനല്ലായിരുന്നു. അവനെ രക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാൾ ഇങ്ങനെ പറഞ്ഞു: ‘നാം അവനെ കൊല്ലുന്നതു ശരിയല്ല. അവൻെറ രക്തം കൊണ്ടു നമ്മുടെ കൈകളൊരിക്കലും മലിനമാകരുത്. വിജനസ്ഥലത്തുള്ള കിണറ്റിൽ നമുക്കവനെ തള്ളിയിട്ടുകളയാം. അതു

മതി.' പിന്നീട്ട്, അവിടെനിന്നു് അവനെ പിതാവിൻെറ അടുക്കൽ കൊണ്ടുചെന്നാക്കണമെന്നായിരുന്നു റൂബൻെറ ഉദ്ദേശം. അടുക്കലെത്തിയ യൗസേപ്പിനെ അവർ പിടികൂടുകയും വസ്ത്രങ്ങൾ അഴിച്ചെടുത്തതിനുശേഷം ആ പൊട്ടക്കിണററിൽ തള്ളിയിടുകയും ചെയ്തു''. (ഉൽപത്തി 37; 17-24)



പിതാവു മററു മക്കളെക്കാൾ കൂടുതൽ യൗസേപ്പിനെ സ്നേഹിച്ചിരുന്നു. അക്കാരണത്താൽ മററുള്ളവർക്കു് യൗസേപ്പിനോടു വിരോധമുണ്ടായി. അസൂയനിമിത്തം അവനെ കൊല്ലാൻ പോലും അവർ തയ്യാറായി. ദൈവഗത്യാ അവർ അവനെ കൊന്നില്ലെന്നേയുള്ളു. വിദേശികൾക്കു് അവനെ അവർ വിറ്റു. യൗസേപ്പാകട്ടെ, അവരോടു ക്ഷമിക്കുകയും, പില്ക്കാലത്തു് അവർക്കുണ്ടായ ദയനീയസ്ഥിതിയിൽ അവരെ സഹായിക്കുകയും ചെയ്തു.

നമ്മുടെ എല്ലാവരുടേയും പിതാവാണു ദൈവം. തൻെറ ഛായയിലാണു് അവിടുന്നു നമ്മെ സൃഷ്ടിച്ചതു്. നാം പരസ്പരം സ്നേഹിക്കണമെന്നാണു് ദൈവത്തിൻെറ ആഗ്രഹം.

ലോകത്തിൽ ദൈവഹിതമനുസരിച്ചു ജീവിച്ചു് സ്വർഗ്ഗഭാഗ്യം അനുഭവിക്കേണ്ടവരാണു നാമെല്ലാവരും.

നമ്മുടെ ആത്മാവിൻേറയും ശരീരത്തിൻേറയും കാര്യത്തിൽ നാം വേണ്ടത്ര ശ്രദ്ധപതിക്കണം. അതോടൊപ്പം മററുള്ളവ

രുടെ ആത്മശരീരങ്ങളെ ആദരിക്കുകയുംവേണം. ഇതാണ് അഞ്ചാം പ്രമാണം അനുശാസിക്കുന്നത്.

ആരോഗ്യനിയമങ്ങളനുസരിച്ചു ജീവിച്ചാൽ നമ്മുടെ ശരീരത്തിൻെറ കാര്യത്തിൽ നമുക്കു വേണ്ടുവോളം ശ്രദ്ധയായി. ആരോഗ്യമുള്ള ശരീരം സേവനത്തിനു സഹായകമാണ്. നാം മററുള്ളവരെ ഉപദ്രവിക്കാതിരിക്കുകയും അവരുടെ ആരോഗ്യപരമായ വളർച്ചയ്ക്കു കഴിയുംവിധം സഹായിക്കുകയും ചെയ്യണം. ഇങ്ങനെ ചെയ്യുമ്പോൾ മററുള്ളവരുടെ ശാരീരികനന്മയിൽ നാം താൽപര്യം പ്രദർശിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുകൊണ്ടു ദൈവത്തോടും നമ്മുടെ സഹോദരരോടുമുള്ള സ്നേഹം നാം പ്രകടിപ്പിക്കുന്നു.

ശ്രദ്ധയോടുകൂടെ പ്രാർത്ഥിച്ചും കൂദാശകൾ സ്വീകരിച്ചും പ്രമാണങ്ങൾ പാലിച്ചും വിശ്വാസസത്യങ്ങൾ പഠിച്ചും ആണ് ആത്മാവിൻെറ കാര്യത്തിൽ നാം താൽപര്യം കാണിക്കുന്നത്. ഇങ്ങനെ ചെയ്യുകൊണ്ട് ആത്മാവിലുള്ള പ്രസാദവരത്തെ നാം വർദ്ധിപ്പിക്കുന്നു. തന്നെയുമല്ല, മററുള്ളവർക്ക് നാം നല്ല മാതൃക കാണിച്ചുകൊടുക്കുകയുംചെയ്യുന്നു. നല്ല മാതൃകവഴി ജീവിതത്തിനു പ്രേരണ നല്കിക്കൊണ്ട് മററുള്ളവരുടെ ആത്മാവിൻെറ കാര്യത്തിലും ശ്രദ്ധപതിക്കാൻ നമുക്കു സാധിക്കും.

നിങ്ങൾക്കു നിങ്ങളുടെ ആത്മാവിൻേറയും ശരീരത്തിൻേറയും കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടോ?

## ഓർമ്മിക്കാൻ

**വേദപുസ്തകത്തിൽനിന്ന്:**

"നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുകയും നിങ്ങളെ വെറുക്കുന്നവർക്ക് നന്മചെയ്യുകയുംവേണം. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. ........................... ക്ഷമിക്കുവിൻ. എന്നാൽ നിങ്ങളോടും ക്ഷമിക്കപ്പെടും..."

(ലൂക്കാ 6: 27, 36, 37)

1. എന്താണ് അഞ്ചാം പ്രമാണം?

2. ഈ പ്രമാണം എന്തു് അനുശാസിക്കുന്നു?

## പാടാൻ

''വത്സലരേ, നിങ്ങൾക്കായ് ഞാൻ
നൽകുന്നു പുതിയൊരുനിയമം:
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

അവനിയിലെൻ ശിഷ്യഗണത്തെ
അറിയാനുള്ളടയാളമിതാ,
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ.

സ്നേഹിതനെ രക്ഷിപ്പതിനായ്
ജീവൻ ബലിചെയ്‌വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ
മറെറന്തുണ്ടുലകിൽ?


ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിട്ടമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും:
സ്നേഹിതരായ് ത്തീരും.''

## പ്രവർത്തിക്കാൻ

എന്നെ ഉപദ്രവിക്കുന്നവരോടു ഞാൻ ക്ഷമിക്കും.

ഞാൻ ക്ലാസ്സിൽ ശല്യമുണ്ടാക്കാതെ മററുള്ളവർക്കു മാതൃക നല്കും.

---



15

# ശുദ്ധതയുടെ ശക്തി

**ബലവാന്റെ വീട്ടിൽകയറി കൊള്ള നടത്തണമെങ്കിൽ, ആദ്യം അയാളെ ബന്ധിക്കണം. പിന്നീട് ആ വീട് കവർച്ചചെയ്യാം (മർക്കോ. 3: 7).**

മാമ്മോദീസ സ്വീകരിച്ചതോടെ നാം ത്രിയേകദൈവത്തിന്റെ ആലയമായിത്തീർന്നിരിക്കുകയാണ്.

ആത്മാവും ശരീരവും ശുദ്ധമായി സൂക്ഷിക്കണമെന്ന് ആറും ഒൻപതും പ്രമാണങ്ങൾ നമ്മോടാവശ്യപ്പെടുന്നു. ഒരു വലിയ നിധിതന്നെയാണു ശുദ്ധത. അതു നമ്മെ ശക്തരും നിർമ്മലരും ദൈവത്തിനു പ്രിയങ്കരരുമാക്കുന്നു.




അടക്കവും വിനയവും ഉള്ളവരാണെങ്കിലേ ശുദ്ധതയോടു കൂടെ ജീവിക്കാൻ നമുക്കു സാധിക്കൂ. വിചാരങ്ങളിലും വികാരങ്ങളിലും വാക്കുകളിലും നിയന്ത്രണം വേണം. ശുദ്ധതയ്ക്കു നിരക്കാത്ത കാഴ്ചകൾ കാണാതിരിക്കാനും, സംഭാഷണത്തിൽ പങ്കു ചേരാതിരിക്കാനും, സ്പർശനം ഉണ്ടാവാതിരിക്കാനും നാം സൂക്ഷിക്കണം. വസ്ത്രധാരണത്തിൽ അടക്കം ശീലിക്കേണ്ടതാണ്. തനിയെ ആയിരുന്നാലും, മററുള്ളവരോടുകൂടെ ആയിരുന്നാലും ദൈവത്തിൻെറ ആലയമെന്ന നിലയ്ക്ക് നമ്മുടെ ശരീരത്തെപ്പററി നമുക്ക് ആദരമുണ്ടായിരിക്കണം.

നമ്മോടുള്ള സ്നേഹം നിമിത്തമാണ് ദൈവം നമുക്ക് ഈ പ്രമാണങ്ങൾ തന്നതു്. ഇവ കാത്താൽ നാം ശുദ്ധരായിരിക്കും; കുടുംബവും മാതൃപിതൃബന്ധങ്ങളും സുരക്ഷിതമാകും; നല്ല ശീലങ്ങൾ അഭ്യസിക്കാൻ പററും; പ്രായത്തിൽ വളരുന്തോറും നൈർമ്മല്യത്തിൽ നിലനില്ക്കുകയും ചെയ്യും.

പെരുമാററങ്ങളിൽ നാം അടക്കവും ശുദ്ധതയും ഉള്ളവരായിരിക്കണമെന്ന് ആറാം പ്രമാണം കല്പിക്കുന്നു. തനിച്ചോ അന്യരോടുകൂടെയോ ആയിരിക്കുമ്പോൾ വാക്കിലും നോട്ടത്തിലും പ്രവൃത്തിയിലും അടക്കത്തിനോ ശുദ്ധതയ്ക്കോ ചേരാത്ത യാതൊന്നും ചെയ്യരുതെന്ന് അതു വിലക്കുന്നു.

ഒമ്പതാംപ്രമാണമാകട്ടെ, വിചാരത്തിലും ആഗ്രഹത്തിലും ശുദ്ധത പാലിക്കണമെന്നു കല്പിക്കുന്നു.

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്നു്:

''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു. അവർ ദൈവത്തെ കാണും'' (മത്തായി 5 : 8).

''ദൈവാത്മാവിൻെറ ആലയമാണു നിങ്ങളുടെ ശരീരമെന്നും, നിങ്ങൾ വലിയ വിലകൊടുത്തു വാങ്ങപ്പെട്ടവരാകയാൽ, നിങ്ങൾ നിങ്ങളുടെ സ്വന്തമല്ലെന്നും നിങ്ങൾക്കറിഞ്ഞുകൂടേ?'' (1 കൊറി. 6: 19)

1. ആറും ഒമ്പതും പ്രമാണങ്ങൾ കല്പിക്കുന്നതെന്താണു്?

2. നമ്മുടെ ശരീരത്തോട്ട് എന്തുകൊണ്ടു നമുക്കു് ആദരമുണ്ടായിരിക്കണം.

## പ്രവർത്തിക്കാൻ

ഞാൻ വസ്ത്രധാരണത്തിൽ അടക്കവും വിനയവും പാലിക്കും. ശുദ്ധതയുടെ കാര്യത്തിൽ നിഷ്കർഷയില്ലാത്തവരുമായി കൂട്ടുകൂടുകയില്ല. നല്ല പുസ്തകങ്ങളേ വായിക്കൂ; വെടിപ്പുള്ള സിനിമയേ കാണൂ. ഞാൻ കൂടെക്കൂടെ വി. കുർബാന സ്വീകരിക്കയും എന്നെ കന്യാമാതാവിൻെറ സംരക്ഷണത്തിനർപ്പിക്കയും ചെയ്യും.





16

# വസ്തുക്കളുടെ വിനിയോഗം

"......................സക്കേവൂസ് ഈശോയോടിങ്ങനെ പറഞ്ഞു: 'കർത്താവേ, എൻെറ സമ്പത്തിൽ പകുതി ഞാൻ ദരിദ്രൎക്കു കൊടുക്കുന്നു. ഞാൻ ആരിൽനിന്നെങ്കിലും എന്തെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ ഒന്നിനു നാലായി തിരികെക്കൊടുക്കുന്നു.' ഈശോ അയാളോടരുൾചെയ്തു: 'ഇന്നു് ഈ കുടുംബത്തിനു രക്ഷ കൈവന്നിരിക്കുന്നു. ഇയാളും അബ്രാഹത്തിൻെറ പുത്രനാണു്. നഷ്ടപ്പെട്ടുപോയതു കണ്ടുപിടിച്ചു രക്ഷിക്കാനാണു് മനുഷ്യപുത്രൻ ആഗതനായതു്'......"

(ലൂക്കാ 19: 8-10)

"ഒരു ധനികൻ ഇങ്ങനെ പറഞ്ഞു: 'ഞാൻ എന്റെ കളപ്പുരകൾ പൊളിച്ചു് കൂടുതൽ വലുപ്പത്തിൽ പണിയും. എൻെറ ധാന്യം മുഴുവനും മററു വസ്തുക്കളും അതിൽ സംഭരിക്കും. പിന്നീടു ഞാൻ എന്നോടുതന്നെ പറയും: നിനക്കു് അനേകവൎഷത്തേക്കു

വേണ്ട നല്ല സാധനങ്ങൾതന്നെ സംഭരിച്ചുവച്ചിരിക്കുന്നു. ഇനി വിശ്രമിച്ചുകൊള്ളൂ; തിന്നുകുടിച്ച് ആനന്ദിച്ചുകൊള്ളൂ.' എന്നാൽ, ദൈവം അവനോടരുൾചെയ്തു: 'മൂഢാ, ഈ രാത്രിയിൽ നിന്റെ ജീവനെടുക്കപ്പെടുന്നപക്ഷം നിന്റെ സമ്പാദ്യമെല്ലാം ആരുടേതായിരിക്കും?' ദൈവത്തിന്റെ മുമ്പാകെ സമ്പന്നനാകാതെ തനിക്കുവേണ്ടിത്തന്നെ സമ്പത്തുണ്ടാക്കുന്നവന്റെ സ്ഥിതി ഇതായിരിക്കും.'' (ലൂക്കാ 21: 18-21)



ബുദ്ധിമാനും സ്നേഹസമ്പന്നനുമായ പിതാവാണു ദൈവം. നമുക്കുള്ളതെല്ലാം അവിടുത്തെ ദാനങ്ങളാണ്. അവ ദൈവത്തെ സ്നേഹിക്കുന്നതിനും മററുള്ളവരെ സഹായിക്കുന്നതിനുംവേണ്ടിയാണു നാമുപയോഗിക്കേണ്ടതു്. നമ്മുടെ അനുവാദംകൂടാതെ നമ്മുടെ വസ്തുവകകൾ മററുള്ളവർക്കെടുക്കാൻ അവകാശമില്ല. അതുപോലെ, മററുള്ളവരുടെ സാധനങ്ങൾ അവരുടെ അനുവാദംകൂടാതെ എടുക്കാൻ നമുക്കും അവകാശമില്ല.

എല്ലാവരുടെയും വസ്തുവകകളുടെ പരിരക്ഷയ്ക്കുവേണ്ടിയുള്ളതാണ് ഏഴും പത്തും പ്രമാണങ്ങൾ. മോഷണം ഏഴാം പ്രമാണത്തിനെതിരാണ്. അതുപോലെതന്നെ സാധനങ്ങൾ നഷ്ടപ്പെടുത്തുന്നതും നശിപ്പിക്കുന്നതും ഈ പ്രമാണത്തിനെതിരാണ്. അന്യരുടെ സാധനങ്ങൾ മോഷ്ടിക്കുകയോ നശിപ്പിക്കുകയോ അവയ്ക്കു കേടുപാടുവരുത്തുകയോ ചെയ്താൽ അവയ്ക്കു നഷ്ടപരിഹാരം ചെയ്യാൻ നാം കടപ്പെട്ടിരിക്കുന്നു.

പത്താം പ്രമാണംവഴി, മററുള്ളവരുടെ സാധനങ്ങൾ കയ്യടക്കാനുള്ള നമ്മുടെ ദുരാഗ്രഹത്തെ ദൈവം നിരോധിക്കുന്നു. നമുക്ക് ഇഷ്ടമുള്ള സാധനങ്ങൾ ലഭിച്ചാൽ കൊള്ളാമെന്നാഗ്രഹിക്കുന്നതിൽ തെററില്ല. എന്നാൽ, മററുള്ളവരിൽനിന്നു് ഈ സാധനങ്ങൾ ഏതെങ്കിലും തരത്തിൽ തട്ടിയെടുക്കാൻ ശ്രമിക്കുന്നതു ശരിയല്ല.

ന്യായമായ രീതിയിൽ സമ്പാദിക്കുന്നവകൊണ്ടു് നമ്മൾ തൃപ്തരാകണമെന്നാണു ദൈവത്തിൻെറ ഉദ്ദേശം. ദൈവത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും സേവിക്കുവാനും അവ ഉപകരിക്കണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. ഈ ലോകത്തിലെ വസ്തുവകകളുടെ പേരിൽ അമിതമായ താൽപര്യം നാം ഒരിക്കലും കാണിക്കരുതു്. അങ്ങനെയുള്ള താൽപര്യം ദൈവത്തിൽനിന്നു നമ്മെ അകററുന്നു.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

"ആത്മനാ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാർ; ദൈവരാജ്യം അവരുടേതത്രേ" (മത്തായി 5: 3).

1. ഏഴാം പ്രമാണം എന്തു കല്പിക്കുന്നു?

2. ഏഴാം പ്രമാണത്തിനു് എന്തെല്ലാം എതിരാണു്?

3. മോഷ്ടിച്ച സാധനങ്ങളോ അവയുടെ വിലയോ ഉടമസ്ഥനു കൊടുക്കുവാൻ നമുക്കു കടമയുണ്ടോ?

## പ്രവർത്തിക്കാൻ

അന്യരുടെ സാധനങ്ങൾ അനുവാദം ചോദിക്കാതെ ഞാൻ എടുക്കുകയില്ല. കളഞ്ഞുകിട്ടിയ സാധനങ്ങൾ ഉടമസ്ഥനെ തേടിപ്പിടിച്ചേല്പിക്കും.

എനിക്കുള്ളവയിൽനിന്നു് അന്യർക്കുകൂടി ഞാൻ കൊടുക്കും.

അന്യരുടേയും എൻേറയും സാധനങ്ങൾ ശ്രദ്ധയോടെ ഞാൻ ഉപയോഗിക്കും.

---



17

# സത്യസന്ധത


''കുതിരകളുടെ വായിൽ കടിഞ്ഞാണിട്ടാൽ അവ നമ്മെ അനുസരിച്ചുകൊള്ളും. അങ്ങനെ അവയെ നമുക്കു നിയന്ത്രിക്കാൻ കഴിയുന്നു. കപ്പലുകളുടെ കാര്യം തന്നെ പരിശോധിക്കുക. അതു് എത്ര വലുതായിരുന്നാലും, കൊടുങ്കാററുകൊണ്ടു പായുകയാണെങ്കിലും, അമരക്കാരൻ തീരെ ചെറിയ ഒരു ചുക്കാൻകൊണ്ടു് അതിനെ തനിക്കിഷ്ടപ്പെട്ട ദിക്കിലേക്കു തിരിക്കുന്നു. അതുപോലെ, ഒരു ചെറിയ അവയവമായ നാവു് അങ്ങേ അററം ഔദ്ധത്യം കാണിക്കുന്നു. നിസ്സാരമായ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണു ചാമ്പലാക്കുന്നതെന്നു നോക്കുക.''

(യാക്കോബു് 3 : 2–5)

ദൈവം സത്യമാകുന്നു. സത്യം പറയുന്നവരെ അവിടുന്നു സ്നേഹിക്കുന്നു. അന്യോന്യം വിശ്വസിക്കുന്നതിനും സ്നേഹിക്കുന്ന

തിനും സത്യസന്ധത കൂടിയേതീരൂ. അതുകൊണ്ടാണു നാം സത്യസന്ധതയുള്ളവരായിരിക്കണമെന്നു് അവിടുന്നു് അനുശാസിക്കുന്നതു്.

ദൈവമാണു നമുക്കു സംസാരശക്തി നല്കിയിരിക്കുന്നതു്. നമുക്കറിയാവുന്ന സത്യം മററുള്ളവരെ അറിയിക്കുമ്പോഴാണു സംസാരശക്തി വേണ്ടരീതിയിൽ നാമുപയോഗിക്കുക. സത്യം പാലിക്കാത്തപ്പോൾ നാം എട്ടാം പ്രമാണത്തിനെതിരായി പാപം ചെയ്യുന്നു.



അസത്യം പറയുന്നതു വലിയ തെററാണു്. അതു നമ്മുടെ സ്വഭാവത്തെ ദുഷിപ്പിക്കുന്നു. അതു നമുക്കും മററുള്ളവർക്കും ഉപദ്രവം വരുത്തുന്നു. മററുള്ളവരെ സഹായിക്കുന്നതിനു വേണ്ടിപ്പോലും നാമൊരിക്കലും കള്ളം പറയരുതു്.

നമ്മുടെ സൽകീർത്തി നിലനിർത്തുന്നതിൽ നാം വളരെ ശ്രദ്ധാലുക്കളാണു്. അതുപോലെ മററുള്ളവർക്കും തങ്ങളുടെ സൽപേരിൽ താൽപര്യമുണ്ടെന്നു നാമോർക്കണം. നമ്മുടെ സൽപേരിൻെറ കാര്യത്തിൽ നമുക്കു താൽപര്യമുള്ളതുപോലെതന്നെ മററുള്ളവരുടെ സൽപേരിൻെറ കാര്യത്തിലും നാം താൽപര്യമുള്ള

വരായിരിക്കണം. മററുള്ളവരെക്കുറിച്ച് നാം നന്നായി വിചാരിക്കുകയും നല്ലതു സംസാരിക്കുകയും ചെയ്യണം. അവരുടെ കുററങ്ങളേയും കുറവുകളേയും സംബന്ധിച്ച് നാം സംസാരിക്കരുത്. അസത്യം പറഞ്ഞു് അന്യക്കു നാശം വരുത്തരുതു്.

എപ്പോഴും സത്യം പറയുന്നതിനാവശ്യകമായ ധൈര്യവും ശക്തിയും ലഭിക്കുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കണം. ''എൻെറ നാവുപയോഗിച്ചു് ആരെയും ഉപദ്രവിക്കാതിരിക്കാൻ, കർത്താവേ, എന്നെ സഹായിക്കണേ!'' എന്നു നമുക്കു പ്രാർത്ഥിക്കാം.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

''ആകയാൽ വ്യാജം വെടിഞ്ഞു് ഓരോരുത്തരും അയൽക്കാരനോടു സത്യം പറയട്ടെ. നാം പരസ്പരം അവയവങ്ങളാകുന്നുവല്ലോ.'' (എഫേ. 4 : 25)

''സൽകീർത്തിയാണു ധനത്തെക്കാൾ വലുതു്.''
(സുഭാഷിതങ്ങൾ 22 : 1)


1. എന്താണു് എട്ടാം പ്രമാണം?
2. ഈ പ്രമാണം വഴി ദൈവം എന്തു കല്പിക്കുന്നു?
3. ഈ പ്രമാണം എന്തെല്ലാം മുടക്കുന്നു?

## പ്രവർത്തിക്കാൻ

ഞാൻ എപ്പോഴും സത്യമേ പറയൂ: 'സത്യമേവ ജയതേ.'

മററുള്ളവരുടെ തെററുകളെപ്പററി ഞാൻ സംസാരിക്കുകയില്ല; നന്മയെ പ്രശംസിക്കും.

എപ്പോഴും സത്യം പറയേണ്ടതാണെന്നു വ്യക്തമാക്കാൻ ഒരു ഖണ്ഡിക എഴുതുക.




18

# സഭയുടെ കൽപനകൾ

“നിങ്ങൾ കർത്താവേ, കർത്താവേ, എന്നു് എന്നെ വിളിക്കയും ഞാൻ പറയുന്നതു പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നതു് എന്തുകൊണ്ടു്”? എൻെറ അടുക്കൽവന്നു് എൻെറ വാക്കുകൾ കേട്ടു പ്രവർത്തിക്കുന്ന ഏവനും എന്തിനോടു സദൃശനാകുന്നു എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. ആഴത്തിൽ കുഴിച്ചു പാറമേൽ അടിസ്ഥാനംവച്ചു വീടുപണിത മനുഷ്യനോടു് അവൻ സദൃശനാകുന്നു. വെള്ളപ്പൊക്കമുണ്ടായപ്പോൾ ഒഴുക്കു് ആ വീടിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അതിനെ ഇളക്കുവാൻ കഴിഞ്ഞില്ല. എന്തെന്നാൽ അതിൻെറ അടിസ്ഥാനം പാറമേൽ വയ്ക്കപ്പെട്ടിരുന്നു. എൻെറ വാക്കുകൾ കേട്ടിട്ടു് അതനുസരിച്ചു പ്രവർത്തിക്കാത്തവൻ അടിസ്ഥാനമില്ലാതെ പൂഴിമേൽ തൻെറ

വീട്ട പണിത മനുഷ്യനോട്ട സദൃശനാകുന്നു. നദി അതിന്മേൽ പാഞ്ഞു. ഉടനെ അതു വീണു. ആ വീടിൻെറ വീഴ്ച വലുതു മായിരുന്നു'' (ലൂക്ക 6: 46-49).

സഭാധികാരികൾവഴി ഈശോ നമ്മോട്ട സംസാരിക്കുന്നു. സഭയെ ഭരിക്കുന്നതിനുള്ള അധികാരം ക്രിസ്തു മാർപ്പാപ്പക്കും മെത്രാന്മാർക്കും കൊടുത്തു. അവരുടെ കീഴിൽ വൈദികർ നമ്മുടെ ആത്മപരിപാലനം നടത്തുന്നു. ''നിങ്ങളെ കേൾക്കുന്ന വൻ എന്നെ കേൾക്കുന്നു. നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്ന തൊക്കെയും സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടിരിക്കും'' എന്നു പറ ഞ്ഞുകൊണ്ട് ഈശോ അവർക്കു സഭയിൽ അധികാരം നല്കി.



കാലോചിതമായ നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് അവർ നമ്മെ സ്വർഗ്ഗീയപിതാവിങ്കലേക്കു നയിക്കുന്നു. താഴെപ്പറയുന്ന വയാണ്, സഭ നല്കിയിരിക്കുന്ന പ്രധാന കല്പനകൾ.

1. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുർബാന യിൽ സംബന്ധിക്കുക.

2. നിർദ്ദിഷ്ട ദിവസങ്ങളിൽ നോമ്പും ഉപവാസവും അനുഷ്ഠിക്കുക.

3. വർഷത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കുക; പെസഹാക്കാലത്തു കുർബാന സ്വീകരിക്കുക.

4. സഭയ്ക്കു് ആവശ്യകമായ ഓഹരി നല്കുക.

5. വിവാഹത്തെസ്സംബന്ധിച്ചുള്ള സഭയുടെ നിയമങ്ങൾ പാലിക്കുക.

ദൈവത്തിൻെറ തിരുമനസ്സു നിറവേററാൻ സഭയുടെ കല്പനകൾ നമ്മെ സഹായിക്കുന്നു.

സഭയെ അനുസരിക്കുന്നവർ ഈശോയെത്തന്നെയാണു് അനുസരിക്കുന്നതു്. നല്ല അടിസ്ഥാനമിട്ടു് വീട്ടുപണിയുന്ന മനുഷ്യനു സദൃശരാണവർ. ദൈവത്തിൻെറ മക്കളെന്ന നിലയ്ക്കു സഭയുടെ കല്പനകൾ അനുസരിക്കാനും സഭയുടെ ആരാധനയിൽ സജീവമായി പങ്കുചേരാനും നമുക്കു കടമയുണ്ടു്. സഭയുടെ പ്രവർത്തനങ്ങളിൽ നാം ആവുന്നത്ര സഹകരിക്കണം. സഭയ്ക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും, നല്ല ജീവിതം നയിച്ചുകൊണ്ടും സഭയെ നമുക്കു സഹായിക്കാം.

സഭയിൽ കൂട്ടതൽ ആളുകൾ ചേരുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ?

## ഓർമ്മിക്കാൻ

''ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും.''

(മത്തായി 18:18)

സഭയുടെ പ്രധാന കല്പനകൾ ഏതെല്ലാമാണു്?

## പ്രവർത്തിക്കാൻ

സഭയുടെ പ്രവർത്തനങ്ങളിൽ സന്തോഷത്തോടെ ഞാൻ സഹകരിക്കും.

താഴെക്കൊടുത്തിരിക്കുന്ന പ്രവൃത്തികൾവഴി സഭയുടെ ഏതേതു കല്പനകളുടെ നിർവ്വഹണമാണു നടക്കുന്നതെന്നെഴുതുക:

1. മാത്യൂസ് മുളകുപെറുക്കി വിററുകിട്ടിയ പണത്തിൽനിന്നു് അൻപതുപൈസ വേദപ്രചാരണഫണ്ടിലേക്കു കൊടുക്കുന്നു.

..........................................................................................

2. കുമ്പസാരവും കുർബാനയും ഇല്ലാതെ ജീവിക്കുന്ന തൻെറ പിതാവിൻെറ മാനസാന്തരത്തിനുവേണ്ടി ത്രേസ്യാമ്മ പ്രാർത്ഥിക്കുന്നു.

..........................................................................................

3. എട്ടുമണിക്കുള്ള കുർബാന കണ്ടിട്ടാകട്ടെ ചൂണ്ടയിടാൻ പോകാനെന്നു് ജോർജ്ജുകുട്ടിയും കൂട്ടുകാരും തീരുമാനിക്കുന്നു.

..........................................................................................

4. ആനിയുടെ സഹോദരിയുടെ കല്യാണമാണു്. ഒരു നല്ല കത്തോലിക്ക യുവാവുമായിട്ടാണു് അവളുടെ വിവാഹം. പള്ളിയിൽവെച്ചായിരിക്കും അതു നടക്കുന്നതു്.

..........................................................................................

5. ടാജ് ഹോട്ടലിൽ നല്ല ആട്ടിറച്ചി പാകപ്പെടുത്തിവച്ചിരിക്കുന്നു. വെള്ളിയാഴ്ചയാണല്ലൊ എന്നോർത്തു കുര്യൻ അതു വാങ്ങാതെ രണ്ടു ദോശകൊണ്ടു തൃപ്തിപ്പെടുന്നു.

..........................................................................................

6. സ്വർഗ്ഗാരോഹണദിവസം രാവിലെ ക്ലാസ്സുണ്ടായിരുന്നതുകൊണ്ടു് ലീനയ്ക്കു് പള്ളിയിൽ പോകാൻ കഴിഞ്ഞില്ല. അവൾ വൈകുന്നേരത്തെ കുർബാനയ്ക്കു പോകുന്നു.

..........................................................................................

7. ഇരുപത്തൊന്നുവയസ്സായ റാഹേൽ ദുഃഖവെള്ളിയാഴ്ച അത്താഴം കഴിക്കാതെ കിടക്കുന്നു.

..........................................................................................



## 19

# പഠനവും ജോലിയും

"ദൈവം മനുഷ്യനെ തന്റെ ഛായയിൽ സൃഷ്ടിച്ചു; തന്റെ സാദൃശ്യത്തിൽത്തന്നെ അവിടുന്ന് അവരെ സൃഷ്ടിച്ചു. പുരുഷനും സ്ത്രീയുമായി അവിടുന്ന് അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. 'പെരുകി വർദ്ധിക്കുവിൻ; ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ; സമുദ്രത്തിലെ മത്സ്യങ്ങളുടേയും, വായുവിലെ പക്ഷികളുടേയും, കന്നുകാലികളുടേയും, ഭൂമിയിൽ ഇഴയുന്ന ജന്തുക്കളുടേയും മേൽ ആധിപത്യം വഹിക്കുവിൻ'—അവിടുന്ന് അരുൾചെയ്തു. ദൈവം പിന്നെയും അരുൾ



ചെയ്യ: 'ഭൂമിയിൽ വളരുന്ന വിത്തുള്ള എല്ലാ ചെടികളും, വിത്തുള്ള കനികൾ പുറപ്പെടുവിക്കുന്ന എല്ലാത്തരം ഫലവൃക്ഷങ്ങളും ഞാൻ നിങ്ങൾക്കു ഭക്ഷണത്തിനായി തരുന്നു.''

''ഏദെൻ തോട്ടത്തിൽ കൃഷി ചെയ്യുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും ദൈവമായ കർത്താവു മനുഷ്യനെ അവിടെ പാർപ്പിച്ചു.'' (ഉൽപത്തി 1 : 27–29, 2 : 15)

ആദത്തെ സൃഷ്ടിച്ച ദൈവം, വേലചെയ്തു വിളവുണ്ടാക്കാൻ അവനോടു് കല്പിക്കുന്നു. മനുഷ്യൻ വേലചെയ്തു ലോകത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നാണു് ദൈവത്തിൻെറ നിശ്ചയം. അദ്ധ്വാനംവഴി ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ പങ്കുചേരാൻ മനുഷ്യനു സാധിക്കുന്നു.

ആദത്തിൻെറ പാപത്തിനുമുമ്പു്, വേല ഇന്നത്തെപ്പോലെ ശ്രമകരമായിരുന്നില്ല. മറിച്ചു്, അതു് ആനന്ദകരമായിരുന്നു. ഇന്നു് വേലചെയ്യാതെ ജീവിക്കണമെന്നാണു് പലരുടേയും മോഹം. നമ്മുടെ ജോലി ശരിയായി നിർവ്വഹിക്കുന്നതിൽനിന്നു് നമുക്കു ലഭിക്കാവുന്ന സന്തോഷത്തേയും കൃതാർത്ഥതയേയുംപററി ഇവർക്കു ഒരു രൂപവുമില്ല. നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനു് ജോലി വളരെ ആവശ്യകമാണു്.

പ്രലോഭനങ്ങളിൽനിന്നു രക്ഷനേടുന്നതിനും, കൂടുതൽ ശ്രമകരങ്ങളായ ജോലികൾ ചെയ്യാൻ വേണ്ട ശക്തി സംഭരിക്കുന്നതിനും അധ്വാനശീലം സഹായിക്കുന്നു.

ജോലി നമ്മെസ്സംബന്ധിച്ചുള്ള ദൈവപരിപാലനയുടെ ഒരു ഭാഗമാണ്. നിത്യസൗഭാഗ്യം നേടുന്നതിനുവേണ്ടി നാം ശാരീരികമായും മാനസികമായും അദ്ധ്വാനിക്കണം എന്നാണ് ദൈവത്തിൻെറ നിശ്ചയം. ഈശോ തൻെറ മാതൃകവഴി വേലയുടെ മഹത്വം നമുക്കു കാണിച്ചുതന്നിട്ടുണ്ട്.

വീട്ടിലും സ്കൂളിലും നമ്മുടെ ജോലി നാം കൃത്യമായി നിവ്വഹിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ ഭാവിയിൽ വലിയ കാര്യങ്ങൾ ശരിയായി നിവ്വഹിക്കാൻ വേണ്ട പരിചയം നമുക്കു ലഭിക്കും. കൃത്യനിവ്വഹണം വഴി നമുക്കു അനുഭവപ്പെടുന്ന ആനന്ദം വലുതാണ്. തന്നെയുമല്ല, ദൈവഹിതമനുസരിച്ചുള്ള ജോലിചെയ്തുകൊണ്ട് നാം നിത്യസൗഭാഗ്യത്തിന്നർഹരാവുകയും ചെയ്യുന്നു.

ദൈവം കൊടുത്തിരിക്കുന്ന അനുഗ്രഹങ്ങളെ അലസന്മാർ, നശിപ്പിക്കുകയാണ്. അവരുടെ ജീവിതം ഒരു പരാജയമാകുന്നെങ്കിൽ, ഉത്തരവാദികൾ അവർ തന്നെയാണ്.

നിങ്ങളുടെ മാതാപിതാക്കന്മാരെ കഴിവതും നിങ്ങൾ സഹായിക്കാറുണ്ടോ?

## ഓർമ്മിക്കാൻ

"നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർക്കു വേണ്ടിയല്ല, കർത്താവിനുവേണ്ടിയെന്നതുപോലെ ഹൃദയപൂർവ്വം ചെയ്യുവിൻ. എങ്കിൽ, നമ്മുടെ കർത്താവു പൈതൃകാവകാശമെന്നതുപോലെ നിങ്ങൾക്കു പ്രതിഫലം തരുമെന്നു് മനസ്സിലാക്കുവിൻ. ആകയാൽ, കർത്താവായ മിശിഹായെ സേവിക്കുവിൻ."

(കൊളൊ. 3 : 23–24)

1) നാം പഠിക്കണമെന്നും ജോലി ചെയ്യണമെന്നും നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവു നിശ്ചയിച്ചിരിക്കുന്നതു് എന്തുകൊണ്ടാണ്?

2) ആരിൽനിന്നാണ് വേലയുടെ മഹത്വത്തേയും വില യേയുംപററി നാം പഠിക്കുന്നത്?

## പാടാൻ

വാനിലെ വാരൊളിത്താരകളത്രയും
വാരിവിതറിയ ദൈവപുത്രൻ
മാനുഷനായപ്പോൾ വേലചെയ്യുന്നത്
മാനക്കേടെന്നു കരുതിയില്ല.

കൊച്ചുളി, ചുററിക, വരകോലുകൊണ്ടെല്ലാം
കൊച്ചുന്നാൾതൊട്ടു പണിചെയ്തില്ലേ?
അമ്മയാം മേരിക്ക് സമ്മോദമന്നവൻ
വെള്ളവുംകോരി കൊടുത്തതില്ലേ? (വാനിലെ....

വിറകു മുറിക്കുവാൻ, പാത്രം കഴുകുവാൻ,
വിമലരിൽ വിമലൻ മടിച്ചതില്ല;
വിയപ്പിൻെറ വിലയായൊരപ്പം കഴിക്കുവാൻ
വിശ്വൈകനാഥൻ വെറുത്തതില്ല. (വാനിലെ....

## പ്രവർത്തിക്കാൻ

ഞാൻ നന്നായിപഠിക്കും. ഏതു ജോലിയും ഉത്സാഹ ത്തോടെ ചെയ്യും. എൻെറ തല പിശാചിൻെറ പണിപ്പുരയാവു കയില്ല.

പൂരിപ്പിക്കുക:

ഞാനെൻെറ ജോലി ശ്രദ്ധാപൂർവ്വം ചെയ്യണം; കാരണം,
..........................................................................................
..........................................................................................
..........................................................................................

എനിക്കു മടി പിടിച്ചുകൂടാ; കാരണം,..............................
..........................................................................................
..........................................................................................
..........................................................................................



20


# പ്രകാശത്തിൻെറ മക്കൾ

''ഈശോ പിന്നെയും അവരോട്ട് അരുൾചെയ്തു: 'ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എൻെറ പിന്നാലെ വരുന്ന വൻ അന്ധകാരത്തിൽ നടക്കുന്നില്ല. പ്രത്യുത, ജീവൻെറ വെളിച്ചം അവനുണ്ടാകും.....നിങ്ങൾ പ്രകാശത്തിൻെറ മക്കൾ ആകേണ്ടതിനു നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ പ്രകാശത്തിൽ വിശ്വസിക്കുവിൻ.' '' (യോഹ. 8: 12; 12: 36)

നല്ല മനുഷ്യർക്ക് തങ്ങളുടെ പ്രവൃത്തികൾ അന്യർ അറിയുന്നതിൽ ഭയമില്ല. അവരുടെ ജീവിതത്തിൽ വക്രതയൊന്നുമില്ല.

അവർ വെളിച്ചത്തിലാണു വ്യാപരിക്കുന്നതു്. എന്നാൽ, തിന്മ ചെയ്യുന്നവർ തങ്ങളുടെ പ്രവൃത്തികൾ മറച്ചുവയ്ക്കുന്നതിനു ശ്രമിക്കുന്നു. അവർ എപ്പോഴും അസന്തുഷ്ടരായിരിക്കും.

പ്രകാശത്തിൻെറ മക്കളായി എങ്ങനെയാണു നാം ജീവിക്കേണ്ടതെന്നു്, തൻെറ മാതൃകയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചിരിക്കുന്നു. വാക്കിലും പ്രവൃത്തിയിലും വിചാരത്തിലും ഈശോ പിതാവിനെ അനുസരിച്ചിരുന്നു. ഈശോയെ അനുകരിച്ചു് നമ്മുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും എപ്പോഴും ദൈവത്തിനിഷ്ടമുള്ളവയാക്കുവാൻ നാം പരിശ്രമിക്കണം.



ദൈവത്തിൻെറ ഇഷ്ടമനുസരിച്ചുവേണം നാം ജീവിക്കാൻ. നന്മതിന്മകൾ തിരിച്ചറിഞ്ഞു്, ദൈവത്തിനിഷ്ടമായതുമാത്രം ചെയ്യുന്നതിനു് അവിടുന്നു നമുക്കു മനസ്സാക്ഷി നൽകിയിരിക്കുന്നു. ഈശോയുടെ പ്രബോധനങ്ങൾ അനുസരിച്ചു നാം മനസ്സാക്ഷിയെ രൂപവൽക്കരിക്കണം. ഈ പ്രബോധനങ്ങളെ വിശദീകരിച്ചു തരാൻ നമുക്കു തിരുസ്സഭയുണ്ടു്.

നന്മയെന്നു മനസ്സാക്ഷി പറയുന്നതു പ്രവർത്തിക്കുമ്പോഴാണു്, നാം ദൈവത്തിൻെറ സ്വതന്ത്രരായ മക്കളായി ജീവിക്കു

ന്നതു്. തിന്മയെന്നു മനസ്സാക്ഷി പറയുന്നതു പ്രവർത്തിക്കുമ്പോൾ നാം പാപം പിഴയ്ക്കുകയും ദൈവത്തെ അനാദരിക്കുകയും ചെയ്യുന്നു. മനസ്സാക്ഷിയനുസരിച്ചു ജീവിതം നയിക്കുമ്പോൾ ദൈവം നമുക്കു സന്തോഷവും സമാധാനവും തരുന്നു.

മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു നന്മ ചെയ്തതിനു ശേഷം അനുഭവിച്ചിട്ടുള്ള ഹൃദയസമാധാനത്തെപ്പററി ഓർക്കുക. മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കാതിരുന്നതുകാരണം അസമാധാനവും അസന്തുഷ്ടിയും അനുഭവിക്കേണ്ടിവന്നിട്ടുള്ളതിനെപ്പററിയും അനുസ്മരിക്കുക.

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്നു്:

''കർത്താവിനിഷ്ടമുള്ളതു ചെയ്തുകൊണ്ടു് പ്രകാശത്തിൻെറ മക്കളെന്ന രീതിയിൽ വ്യാപരിക്കുവിൻ. പ്രകാശത്തിൻെറ ഫലമാകട്ടെ, നന്മയും നീതിയും സത്യവുമാകുന്നു.''

(എഫേ. 5: 8–10)

1. മനസ്സാക്ഷി നമ്മോടെന്തു പറയുന്നു?

2. നമ്മുടെ മനസ്സാക്ഷിയെ എപ്രകാരം രൂപപ്പെടുത്തണം?

## പാടാൻ

കത്തിച്ച ദീപവും കൈകളിലേന്തി
കാത്തിരിക്കുന്നു ഞാൻ;
കർത്താവേ, നീ വരുമോ-വേഗം
നീ വരുമോ? (കത്തിച്ച...)

കരളിൻെറ മണിയറയ്ക്കുള്ളിൽ നിനക്കൊരു
മലർമഞ്ചവുമൊരുക്കി,
എരിയുന്ന സ്നേഹമാം കുന്തുരുക്കത്തിൻെറ
പരിമളവും പരത്തി. (കത്തിച്ച...)

ഇരുളിൻെറ പാതയിൽ, ചൊരിയുന്ന മാരിയിൽ
മാരുതനാഞ്ഞടിച്ചിടുമ്പോൾ
ഈ ദീപനാളമണയാതിരിക്കുവാൻ
നീതന്നെ കാത്തരുളേണമേ! (കത്തിച്ച...)

## പ്രവർത്തിക്കാൻ

ഞാൻ പ്രധാനകാര്യങ്ങൾ ചെയ്യുന്നതിനുമുമ്പ് ശാന്തമായി—ആലോചിച്ച്—തീരുമാനമെടുക്കും.

ഞാൻ മനസ്സാക്ഷിയുടെ (അന്തക്കരണത്തിൻെറ) സ്വരം കേട്ട് തദനുസരണം പ്രവർത്തിക്കും.

## കുമ്പസാരത്തിനുമുമ്പ് ആത്മശോധനയ്ക്കുള്ള കാര്യങ്ങൾ

ഓരോന്നിൻേറയും അർത്ഥം ഓരോ വാചകത്തിലെഴുതുക.

1. പ്രാർത്ഥന ..............................
2. ദൈവത്തോടുള്ള ബഹുമാനം ..............................
3. ഞായറാഴ്ച ..............................
4. മാതാപിതാക്കന്മാർ ..............................
5. സഹോദരർ ..............................
6. അടക്കവും വിനയവും ..............................
7. വസ്തുവകകൾ ..............................
8. സത്യം ..............................
9. പഠനവും ജോലിയും ..............................
10. ആത്മനിയന്ത്രണം ..............................




## 21

# പാപമോചനവും ഹൃദയസമാധാനവും

''ഈശോ ഒരു ഫ്രീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞ് ആ നഗരത്തിലെ ഒരു പാപിനി ഒരു കുപ്പി സുഗന്ധദ്രവ്യം എടുത്ത് അവിടെ എത്തി. അവൾ അവിടുത്തെ കാല്ക്കൽനിന്നു കരഞ്ഞു. കണ്ണുനീർകൊണ്ട് അവിടുത്തെ പാദങ്ങൾ കഴുകി, തലമുടികൊണ്ടു തുടച്ചു. അവൾ ആ പാദങ്ങൾ ചുംബിക്കുകയും സുഗന്ധദ്രവ്യംകൊണ്ട് പൂശുകയുംചെയ്തു. ശീമോൻ ഇതു കണ്ട് വിസ്മയിച്ച്, ഇവൾ പാപിനിയാണല്ലോ എന്ന് ഉള്ളിൽ പറഞ്ഞു. അപ്പോൾ ഈശോ അരുൾചെയ്തു: 'അവൾ അധികം സ്നേഹിച്ചതുകൊണ്ട് അവളുടെ നിരവധി

യായ പാപങ്ങൾ അവളോട്ട് ക്ഷമിക്കപ്പെട്ടിരിക്കുന്നു. കുറച്ചു സ്നേഹിക്കുന്നവരോട്ട കുറച്ചുമാത്രം ക്ഷമിക്കുന്നു.' പിന്നെ അവൻ ആ സ്ത്രീയോട്ട്: 'നിൻെറ പാപങ്ങൾ നിന്നോട്ട് ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നരുൾചെയ്തു. വിരുന്നിനിരുന്നവർ, പാപങ്ങൾ പോലും ക്ഷമിക്കുന്ന ഇവൻ ആരാകുന്നു എന്നു തങ്ങളിൽ പറയുവാൻ തുടങ്ങി. ഈശോ ആ സ്ത്രീയോട്ട്: 'നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക.' എന്നരുൾചെയ്തു.'' (ലൂക്കാ 7: 37, 38, 47, 50)

നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതിനു്, പിതാവായ ദൈവം എപ്പോഴും സന്നദ്ധനാണു്. ചെയ്തുപോയ പാപങ്ങളെക്കുറിച്ചു് ഹൃദയംഗമമായ മനസ്താപവും മേലിൽ പാപംചെയ്കയില്ലെന്നു ദൃഢമായ നിശ്ചയവും ഉണ്ടായിരിക്കണം. ശിക്ഷയെക്കുറിച്ചുള്ള ഭയം മാത്രമായിരിക്കരുതു്, പാപത്തെപ്പററിയുള്ള നമ്മുടെ മനസ്താപത്തിനു കാരണം. സർവ്വനന്മയായ, സ്നേഹനിധിയായ പിതാവിനെ പാപംമൂലം ധിക്കരിച്ചുപോയല്ലോ എന്ന വിചാരമായിരിക്കണം മനസ്താപത്തിൻെറ അടിസ്ഥാനം.



മാരകപാപങ്ങളെല്ലാം കുമ്പസാരത്തിൽ നാം ഏററുപറയണം. അവ എത്രപ്രാവശ്യം ചെയ്തിട്ടുണ്ടെന്നും ഏററുപറ

യണം. മാരകപാപങ്ങളിൽ ഏതെങ്കിലും മനഃപൂർവ്വം പറയാതിരുന്നാൽ നമ്മുടെ കുമ്പസാരം ശരിയായിരിക്കയില്ല. അതു കള്ളക്കുമ്പസാരമാണ്.

മനസ്താപപ്പെട്ടു കുമ്പസാരിക്കുന്നതോടെ നമുക്കു പാപമോചനം ലഭിക്കുന്നു. അതോടുകൂടെ ഈശോ വീണ്ടും നമുക്കു പ്രസാദവരം തരുന്നു. ലഘുവായ പാപങ്ങൾ കുമ്പസാരത്തിൽ പറയണമെന്നില്ല. എങ്കിലും പറയുന്നതു നല്ലതാണ്. ഈ പാപങ്ങളിൽ വീഴാതെ ജീവിക്കാനുള്ള അനുഗ്രഹം കുമ്പസാരംവഴി നമുക്കു ലഭിക്കുന്നു.

കുമ്പസാരിക്കുന്നതിനുമുമ്പ് ആത്മശോധന ചെയ്യണം. കഴിഞ്ഞ കുമ്പസാരം എന്നായിരുന്നെന്നും അതിനുശേഷം ചെയ്തുപോയ പാപങ്ങൾ ഏവയെല്ലാമെന്നും നാമോർക്കണം.

നമ്മുടെ പാപങ്ങൾ വൈദികനെ അറിയിക്കാൻ ഭയപ്പെടരുത്. അദ്ദേഹം ഈശോയുടെ സ്ഥാനത്തിരുന്നുകൊണ്ടു നമ്മെ സഹായിക്കുന്നു. ഈശോതന്നെയാണ് വൈദികൻവഴി നമ്മുടെ പാപങ്ങൾ മോചിക്കുന്നത്.

## ഓർമ്മിക്കാൻ

### വേദപുസ്തകത്തിൽനിന്ന്:

''സ്നേഹാധിക്യംനിമിത്തം പാപങ്ങളിൽനിന്ന് അവൾ മോചനം നേടിയിരിക്കുന്നു എന്നു നീ മനസ്സിലാക്കിയാലും.''

(ലൂക്കാ 7: 47)

1. നമ്മുടെ മനസ്താപത്തിന്റെ അടിസ്ഥാനം എന്തായിരിക്കണം?

2 പാപമോചനം ലഭിക്കാൻ നാം എന്തുചെയ്യണം?

3. കുമ്പസാരത്തിൽ ലഘുവായ പാപങ്ങൾ പറയുന്നതുകൊണ്ടു ലഭിക്കുന്ന പ്രയോജനമെന്ത്?

## പാടാൻ

കനിവിൻ കടലേ, കന്യാകുമാരാ!
കരയുവോക്കാശാദീപം കൊളുത്തിയ
കരുണതൻ മണിവിളക്കേ!-
കരുണതൻ മണിവിളക്കേ! (കനി....)

കരളിൽനിന്നിരുളാകെ ദൂരിതമാക്കും
കതിരൊളി വീശുന്ന ദീപമേ!
അലയുമൊരഗതി ഞാനലയാഴി മീതേ!
അലിവാന്നു നോക്കണേ! ദയാനിധേ! (കനി....)

നീലഗലിലേയ നീരാഴി മീതേ
നീ നടന്നല്ലോ!
നീട്ടിത്തരില്ലയോ നിൻ കരവല്ലികൾ
നീർച്ചുഴിയിൽനിന്നുമേററുവാൻ, ദയാനിധേ!
(കനി....)

## പ്രവർത്തിക്കാൻ

പാപത്തിൽ വീണുപോയാൽ മഗ്ദലേനമറിയത്തെപ്പോലെ ഈശോയോടു ഞാൻ മാപ്പുചോദിക്കും.





## 22

# നിത്യസമ്മാനം

DHARMARAM COLLEGE LIBRARY, BANGALORE. 34022

''മനുഷ്യപുത്രൻ തന്റെ സകല പരിശുദ്ധദൂതന്മാരുമായി പ്രതാപത്തോടെ വന്നു മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും. അവന്റെ മുൻപിൽ സകല ജനങ്ങളും കൂട്ടപ്പെടും. ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ, അവൻ അവരെ തമ്മിൽ വേർതിരിക്കയും ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാടുകളെ ഇടത്തുഭാഗത്തും നിറുത്തുകയുംചെയ്യും. അപ്പോൾ രാജാവു വലത്തുഭാഗത്തുള്ളവരോട് അരുൾചെയ്യും: 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ, എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നുകണ്ടു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽവന്നു.'

അപ്പോൾ ആ നീതിമാന്മാർ അവനോടു ചോദിക്കും: 'കർത്താവേ, ഞങ്ങൾ നിന്നെ വിശന്നിരിക്കുന്നവനായിക്കണ്ടു് നിനക്കു ഭക്ഷണം തരുകയോ, നിന്നെ ദാഹിച്ചിരിക്കുന്നവനായിക്കണ്ടു് നിനക്കു കുടിക്കുവാൻ തരുകയോ ചെയ്തതു് എപ്പോൾ? ഞങ്ങൾ നിന്നെ പരദേശിയായിക്കണ്ടു് സ്വീകരിക്കയോ, നഗ്നനായിക്കണ്ടു ഞങ്ങൾ നിന്നെ ഉടുപ്പിക്കയോ ചെയ്തതു് എപ്പോൾ? നിന്നെ രോഗിയായിട്ടോ, കാരാഗൃഹത്തിലോ കണ്ടു് നിന്റെ അടുക്കൽ ഞങ്ങൾ വന്നതും എപ്പോൾ?' രാജാവു് ഉത്തരമായി അവരോടു്, 'ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' എന്നു പറയും.''

(മത്തായി 5: 31-40)



ഒരിക്കൽ ഈ ലോകം അവസാനിക്കും. അവസാനദിവസം നമ്മുടെ എല്ലാ പ്രവൃത്തികളെയും വിധിക്കുന്ന നിത്യവിധികർത്താവായി ഈശോ പ്രത്യക്ഷപ്പെടും. അന്നു നമ്മുടെ എല്ലാ

പ്രവൃത്തികളും പരസ്യമാക്കപ്പെടും. പൊതുവിധിയുടെ ആ ദിവസത്തിൽ എല്ലാവരും ഈശോയുടെ മുമ്പിലേയ്ക്ക് ആനയിക്കപ്പെടും. നമ്മുടെ എല്ലാ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും അവയുടെ തനിനിറത്തിൽ അവിടെ വെളിവാകും. അവിടെവച്ച് ഈശോ നമ്മെ എല്ലാവരേയും വിധിക്കും.

ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും മാനദണ്ഡം വച്ചായിരിക്കും ഈശോ നമ്മെ വിധിക്കുക. ജീവിതകാലത്തു ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിച്ചവർക്ക് ഈശോയുടെ വലത്തുവശത്തും അല്ലാത്തവർക്ക് ഇടത്തുവശത്തും ആയിരിക്കും സ്ഥാനം. തൻെറ വലത്തുവശത്തുള്ളവർക്കു നിത്യസൗഭാഗ്യവും ഇടത്തുവശത്തുള്ളവർക്ക് നിത്യശിക്ഷയും അവിടുന്നു നല്കും.

ദൈവം സർവ്വസത്യവും സർവ്വനന്മയും സർവ്വനീതിയും ആണെന്ന് പൊതുവിധിദിവസത്തിൽ എല്ലാവർക്കും ബോധപ്പെടും. ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയുംചെയ്ത ദൈവമക്കൾക്ക് എന്നേയ്ക്കുമുള്ള സൗഭാഗ്യം ദൈവത്തോടുകൂടെ അനുഭവിക്കാനിടയാകും.

## ഓർമ്മിക്കാൻ

**വേദപുസ്തകത്തിൽനിന്ന്:**

"തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം തയ്യാറാക്കിയിട്ടുള്ള കാര്യങ്ങൾ, മനുഷ്യൻ കണ്ടിട്ടോ കേട്ടിട്ടോ ചിന്തിച്ചിട്ടോ ഇല്ലാത്തതാണ്." (കൊറി 2: 9)

1. ഏതു മാനദണ്ഡം വച്ചുകൊണ്ടായിരിക്കും, ഈശോ പൊതുവിധിദിവസത്തിൽ എല്ലാവരേയും വിധിക്കുന്നത്?

2. നല്ലവരോടു വിധികർത്താവ് എന്തുപറയും?

3. അവർക്കു ലഭിക്കുന്ന സമ്മാനം എന്തായിരിക്കും?

## പാടാൻ

''ഞാനെൻ പിതാവിൻെറ പക്കൽ
പോകുന്നിതാ, യാത്രചൊൽവൂ;
വീണ്ടുംവരും ഞാനൊരിക്കൽ
നിങ്ങളെപ്പൂവിണ്ണിലേററാൻ.

ഞാനാണു നിങ്ങൾക്കുമാർഗ്ഗം,
നേരായകൈവല്യമാർഗ്ഗം;
ഞാനാണു നിങ്ങൾക്കു ജീവൻ,
ഞാനാണുനിങ്ങൾക്കു സത്യം.

എന്നെപ്പിതാവെന്നപോലെ
സ്നേഹിച്ചു നിങ്ങളെ ഞാനും;
നിങ്ങളെൻ സൗഭാഗ്യമേറും
സ്നേഹത്തിലെന്നും വസിപ്പിൻ.''

## പ്രവർത്തിക്കാൻ

ഞാൻ അന്യരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കും.

വാക്കിലും പ്രവൃത്തിയിലും ഞാൻ മററുള്ളവരോടു സ്നേഹത്തോടെ പെരുമാറും.

അനുകമ്പാർദ്രമായ ഒരു ഹൃദയം എനിക്കുണ്ടാകുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും.

ദൈവത്തോടും സഹോദരരോടും സ്നേഹം കാണിക്കുന്നതിനു തകിയ ഏതാനും കാര്യങ്ങൾ കുറിക്കുക ...............................................

...............................................................................................

# ഏതാനും നമസ്കാരങ്ങൾ

## വിശ്വാസപ്രകരണം

എൻെറ ദൈവമേ, കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സത്യങ്ങളെല്ലാം ഞാൻ ദൃഢമായി വിശ്വസിക്കുന്നു; എന്തെന്നാൽ, വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും കഴിയാത്തവനായ അങ്ങുതന്നെയാണ് അവ വെളിപ്പെടുത്തിയിരിക്കുന്നത്.

## പ്രത്യാശാപ്രകരണം (ശരണപ്രകരണം)

എൻെറ ദൈവമേ, അങ്ങു സർവ്വശക്തനും അനന്തദയാലുവും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണ്; ആകയാൽ, ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ യോഗ്യതകളാൽ പാപമോചനവും, അങ്ങയുടെ പ്രസാദവരത്തിൻെറ സഹായവും, നിത്യജീവിതവും എനിക്കു ലഭിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

## സ്നേഹപ്രകരണം

എൻെറ ദൈവമേ, അങ്ങ് അനന്തനന്മയും പരമസ്നേഹത്തിനു യോഗ്യനുമാണ്; ആകയാൽ, പൂർണ്ണഹൃദയത്തോടെ സർവ്വോപരി അങ്ങയെ ഞാൻ സ്നേഹിക്കുന്നു; അങ്ങയോടുള്ള സ്നേഹംനിമിത്തം മററുള്ളവരേയും എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നു. എന്നെ ഉപദ്രവിച്ച എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു; ഞാൻ ഉപദ്രവിച്ച എല്ലാവരോടും ഞാൻ മാപ്പപേക്ഷിക്കുകയും ചെയ്യുന്നു.

## സുവിശേഷഭാഗ്യങ്ങൾ എട്ട്

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

2. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

3. ദുഃഖിതർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും.

4. നീതിയെക്കുറിച്ചു വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ തൃപ്തരാകും.

5. കരുണയുള്ളവർ ഭാഗ്യവാന്മാർ: എന്തുകൊണ്ടെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.

6. ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തെ കാണും.

7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റെ പുത്രരെന്നു വിളിക്കപ്പെടും.

8. നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

## സത്യതിരുസ്സഭയുടെ പ്രധാന ലക്ഷണങ്ങൾ നാല്

1. തിരുസ്സഭ ഏകമാകുന്നു.

2. തിരുസ്സഭ വിശുദ്ധമാകുന്നു.

3. തിരുസ്സഭ കത്തോലിക്കമാകുന്നു (സാർവ്വത്രികമാകുന്നു).

4. തിരുസ്സഭ ശ്ലൈഹികമാകുന്നു.

## മൗലികപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും

1. നിഗളം × എളിമ
2. ദ്രവ്യാഗ്രഹം × ഔദാര്യം
3. മോഹം × അടക്കം
4. കോപം × ക്ഷമ
5. കൊതി × മിതഭോജനം
6. അസൂയ × ഉപവി
7. മടി × ഉത്സാഹം

## മൗലികസുകൃതങ്ങൾ നാല്

1. വിവേകം 2. നീതി
3. ആത്മശക്തി 4. മിതത്വം

## പ്രധാന പുണ്യപ്രവൃത്തികൾ മൂന്ന്

1. നോമ്പ് 2. പ്രാർത്ഥന 3. ദാനധർമ്മം.

## പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ്

1. ജ്ഞാനം
2. ബുദ്ധി
3. ആലോചന
4. ആത്മശക്തി
5. അറിവ്
6. ഭക്തി
7. ദൈവഭയം

## പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ പന്ത്രണ്ട്

| | | | | | |
|---|---|---|---|---|---|
| 1. | ഉപവി | 2. | ആനന്ദം | 3. | സമാധാനം |
| 4. | ക്ഷമ | 5. | സഹനശക്തി | 6. | നന്മ |
| 7. | കനിവ് | 8. | സൗമ്യത | 9. | വിശ്വാസം |
| 10. | അടക്കം | 11. | ആത്മസംയമനം | 12 | ബ്രഹ്മചര്യം (കന്യാവ്രതം) |

## പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ ആറ്

1. മോക്ഷം കിട്ടുകയില്ലെന്നുള്ള വിചാരം (നിരാശ).
2. സൽപ്രവൃത്തികൾ കൂടാതെ മോക്ഷം പ്രാപിക്കാമെന്ന വിചാരം (മിഥ്യാപ്രതീക്ഷ).
3. ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നത്.
4. അന്യരുടെ നന്മയിലുള്ള അസൂയ.
5. പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽത്തന്നെ ജീവിക്കുന്നത്.
6. അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടു കൂടി മരിക്കുന്നത്.

## ദൈവത്തിൻെറ ലക്ഷണങ്ങൾ ആറ്

1. തന്നാൽത്താനായിരിക്കുന്നു.
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ്വനന്മസ്വരൂപിയായിരിക്കുന്നു
5. എങ്ങും വ്യാപിച്ചിരിക്കുന്നു.
6. സകലത്തിനും ആദികാരണമായിരിക്കുന്നു.

## ദൈവികപുണ്യങ്ങൾ മൂന്ന്

1. വിശ്വാസം 2. ശരണം 3. ഉപവി.

## സാന്മാർഗ്ഗികപുണ്യങ്ങൾ നാല്

1. വിവേകം 2. നീതി


3. മനഃസ്ഥൈര്യം 4. സംയമനം

## ദൈവസന്നിധിയിൽ പ്രതികാരത്തിനായി നിലവിളിക്കുന്ന പാപങ്ങൾ നാല്.

1. മനഃപൂർവ്വം കൊലപാതകം ചെയ്യുന്നതു്.
2. പ്രകൃതിവിരുദ്ധമായ മോഹപാപം ചെയ്യുന്നതു്.
3. ദരിദ്രരേയും, വിധവകളേയും, മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളേയും പീഡിപ്പിക്കുന്നതു്.
4. വേലക്കാർക്കു ശരിയായ കൂലി കൊടുക്കാതിരിക്കുന്നതു്.

## സുവിശേഷത്തിലെ വിശിഷ്ടോപദേശങ്ങൾ മൂന്ന്

1. ദൈവത്തെപ്രതി സ്വമനസാ നേരുന്ന അനുസരണം.
2. ദൈവത്തെപ്രതി സ്വമനസാ നേരുന്ന ബ്രഹ്മചര്യം.
3. ദൈവത്തെപ്രതി സ്വമനസാ നേരുന്ന ദാരിദ്ര്യം.



## പരിശുദ്ധ ദൈവമാതാവിൻെറ ജപമാല

അളവില്ലാത്ത സകലനന്മസ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ, കർത്താവേ,എളിയവരും നന്ദിയററ പാപികളുമായ ഞങ്ങൾ നിസ്സീമപ്രതാപനായ അങ്ങേ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും, അങ്ങേ അനന്തമായ ദയയിൽ ശരണപ്പെട്ടുകൊണ്ടു് പരിശുദ്ധദൈവമാതാവിൻെറ സ്തുതിക്കായി ജപമാലയർപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അർപ്പണം ഭക്തിയോടും ശ്രദ്ധയോടുംകൂടെ ചെയ്യുന്നതിനു കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

(വിശ്വാസപ്രമാണം: സർവ്വശക്തനായ പിതാവും.........)

സ്വർഗ്ഗസ്ഥനായ......

പിതാവായ ദൈവത്തിൻെറ മകളായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലംചെയ്യുന്നതിനു് അങ്ങേ തിരുക്കുമാരനോടു് അപേക്ഷിക്കണമേ. 1 നന്മ.

പുത്രനായ ദൈവത്തിൻെറ മാതാവായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിനു് അങ്ങേ തിരുക്കുമാരനോടു് അപേക്ഷിക്കണമേ. 1 നന്മ.

പരിശുദ്ധാത്മാവായ ദൈവത്തിനു് ഏററവും പ്രിയമുള്ള പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിനു് അങ്ങേ തിരുക്കുമാരനോടു് അപേക്ഷിക്കണമേ. 1 നന്മ.

ത്രിത്വസ്തുതി

## സന്തോഷമായ ദൈവരഹസ്യങ്ങൾ

1. പരിശുദ്ധ ദൈവമാതാവു് ഗർഭം ധരിച്ചു് ഈശോമിശിഹായെ പ്രസവിക്കുമെന്ന മംഗളവാർത്ത ഗബ്രിയേൽ മാലാഖ ദൈവകല്പനയാൽ അറിയിച്ചുവെന്നു ധ്യാനിക്കുക.

1 സ്വ. 10 നന്മ. 1 ത്രി.

2. പരിശുദ്ധ ദൈവമാതാവ് ഏലീശ്വാ ഗർഭിണിയായ വിവരം കേട്ടപ്പോൾ ആ പുണ്യവതിയെ ചെന്നു കണ്ടു മൂന്നുമാസം വരെ അവൾക്കു ശുശ്രൂഷചെയ്തുവെന്നു ധ്യാനിക്കുക.
1 സ്വ. 10 നന്മ. 1 ത്രി.

3. പരിശുദ്ധ ദൈവമാതാവ് തൻെറ ഉദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിപ്പാൻ കാലമായപ്പോൾ ബെസ്ലഹം നഗരിയിൽ പാതിരാത്തു പ്രസവിച്ച് ഒരു തൊഴുക്കൂട്ടിൽ കിടത്തിയെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

4. പരിശുദ്ധ ദൈവമാതാവ് തന്റെ ശുദ്ധീകരണത്തിന്റെ നാൾ വന്നപ്പോൾ ഈശോമിശിഹായെ ദൈവാലയത്തിൽ കൊണ്ടുചെന്നു ദൈവത്തിനു കാഴ്ചവച്ച് ശെമഓൻ എന്ന മഹാത്മാവിൻെറ കരങ്ങളിൽ ഏല്പിച്ചുവെന്നു ധ്യാനിക്കുക.
1 സ്വ. 10 നന്മ. 1 ത്രി.

5. പരിശുദ്ധ ദൈവമാതാവ് തൻെറ ദിവ്യകുമാരനു പന്ത്രണ്ടുവയസ്സായിരിക്കേ, മൂന്നു ദിവസം അവിടുത്തെ കാണാതെ അന്വേഷിച്ചിട്ട്, മൂന്നാംനാൾ ദൈവാലയത്തിൽവച്ചു വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അവിടുത്തെ കണ്ടെത്തിയെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

## ദുഃഖമായ ദൈവരഹസ്യങ്ങൾ

1. നമ്മുടെ കർത്താവീശോമിശിഹാ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ ചോര വിയർത്തുവെന്നു ധ്യാനിക്കുക.
1 സ്വ. 10 നന്മ. 1 ത്രി.

2. നമ്മുടെ കർത്താവീശോമിശിഹാ പീലാത്തോസിൻെറ വീട്ടിൽവച്ച് ചമ്മട്ടികളാൽ അടിക്കപ്പെട്ടുവെന്നു ധ്യാനിക്കുക.
1 സ്വ. 10 നന്മ. 1 ത്രി.

3. നമ്മുടെ കർത്താവീശോമിശിഹായെ യൂദന്മാർ മുൾമുടി ധരിപ്പിച്ചുവെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

4. നമ്മുടെ കർത്താവീശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടതിനുശേഷം അധികം അപമാനവും വ്യാകുലവുമുണ്ടാകുവാൻവേണ്ടി അവിടുത്തെ തിരുത്തോളിന്മേൽ ഭാരമുള്ള കുരിശുമരം ചുമത്തപ്പെട്ടുവെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ 1 ത്രി.

5. നമ്മുടെ കർത്താവീശോമിശിഹാ ഗാഗുൽത്താമലയിൽ ചെന്നപ്പോൾ, വ്യാകുലസമുദ്രത്തിൽ മുഴുകിയ പരിശുദ്ധ മാതാവിൻെറ മുമ്പാകെ, തിരുവസ്ത്രങ്ങളുരിഞ്ഞെടുക്കപ്പെട്ട് കുരിശിന്മേൽ തറയ്ക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1 സ്വ. 10 നന്മ. 1 ത്രി.

## മഹിമയ്ക്കടുത്ത ദൈവരഹസ്യങ്ങൾ

1. നമ്മുടെ കർത്താവീശോമിശിഹാ പീഡസഹിച്ചു മരിച്ചതിൻെറ മൂന്നാംനാൾ ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നള്ളിയെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

2. നമ്മുടെ കർത്താവീശോമിശിഹാ തൻെറ ഉയിർപ്പിൻെറ ശേഷം നാല്പതാംനാൾ അത്ഭുതകരമായ മഹിമയോടും ജയത്തോടുംകൂടെ തൻെറ ദിവ്യമാതാവും ശിഷ്യരും കണ്ടുകൊണ്ടു നിൽക്കുമ്പോൾ സ്വർഗ്ഗാരോഹണംചെയ്തുവെന്നു ധ്യാനിക്കുക.

1 സ്വ. 10 നന്മ. 1 ത്രി.

3. നമ്മുടെ കർത്താവീശോമിശിഹാ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തെഴുന്നള്ളിയിരിക്കുമ്പോൾ, സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിൻെറമേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അയച്ചുവെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

4. നമ്മുടെ കർത്താവീശോമിശിഹാ ഉയിർത്തെഴുന്നള്ളി കുറെക്കാലം കഴിഞ്ഞപ്പോൾ, കന്യകാമാതാവ് ഈ ലോകത്തിൽനിന്നു മാലാഖമാരാൽ സ്വർഗ്ഗത്തിലേക്ക് കരേററപ്പെട്ടുവെന്നു ധ്യാനിക്കുക. 1 സ്വ. 10 നന്മ. 1 ത്രി.

5. പരിശുദ്ധ ദൈവമാതാവ് പരലോകത്തിൽ കരേറിയ ഉടനെ തൻെറ ദിവ്യകുമാരനാൽ സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ടുവെന്നു ധ്യാനിക്കുക.

1 സ്വ. 10 നന്മ. 1 ത്രി.

## ജപമാലസമപ്പ്ണം

മുഖ്യദൂതനായ വി. മിഖായേലേ, ദൈവദൂതന്മാരായ വി. ഗബ്രിയേലേ, വി. റപ്പായേലേ, ശ്ലീഹന്മാരായ വി. പത്രോസേ, വി. പൗലോസേ, വി. യോഹന്നാനേ, മഹാത്മാവായ വി. യൗസേപ്പേ, ഞങ്ങളുടെ പിതാവായ വി. തോമ്മാ, ഞങ്ങൾ വലിയ പാപികളാണെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തനങ്ങളോടുകൂടെ ഒന്നായിച്ചേർത്തു പരിശുദ്ധ ദൈവമാതാവിൻെറ തൃപ്പാദത്തിങ്കൽ കാഴ്ചവയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

## ദൈവമാതാവിൻെറ ലുത്തനിയ

കർത്താവേ, അനുഗ്രഹിക്കണമേ-കർത്താവേ....
മിശിഹായേ, അനുഗ്രഹിക്കണമേ-മിശിഹാ....
കർത്താവേ, അനുഗ്രഹിക്കണമേ-കർത്താവേ...
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ-മിശിഹാ....
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ-
മിശിഹാ....

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,

(ഞങ്ങളെ അനുഗ്രഹിക്കണമേ.)

പരിശുദ്ധ മറിയമേ,
ദൈവത്തിൻെറ പരിശുദ്ധ ജനനീ,
കന്യകകൾക്കു മകുടമായ നിർമ്മലകന്യകേ,
മിശിഹായുടെ മാതാവേ,
ദൈവപ്രസാദവരത്തിൻെറ മാതാവേ,
ഏററവും നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമററ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിനു ഏററം യോഗ്യയായ മാതാവേ,
അത്ഭുതത്തിനു വിഷയമായ മാതാവേ,
സദുപദേശത്തിൻെറ മാതാവേ,

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.)

സ്രഷ്ടാവിൻെറ മാതാവേ,
രക്ഷകൻെറ മാതാവേ,
ഏററം വിവേകവതിയായ കന്യകേ,
വണക്കത്തിനു് ഏററം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാവല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏററം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിൻെറ സിംഹാസനമേ,
ഞങ്ങളുടെ ആനന്ദത്തിൻെറ കാരണമേ,
ആദ്ധ്യാത്മികപാത്രമേ,
ബഹുമാനത്തിൻെറ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപ്പുഷ്പമേ,
ദാവീദിൻെറ കോട്ടയേ,
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിൻെറ പേടകമേ,
സ്വർഗ്ഗത്തിൻെറ വാതിലേ,
ഉഷഃകാലത്തിലെ നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞീ,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞീ,
ദീർഘദർശികളുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
വേദസാക്ഷികളുടെ രാജ്ഞീ,
വന്ദകരുടെ രാജ്ഞീ,
കന്യകകളുടെ രാജ്ഞീ,
സകല വിശുദ്ധരുടേയും രാജ്ഞീ,
അമലോത്ഭവയായ രാജ്ഞീ,

ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.

സ്വർഗ്ഗാരോപിതയായ രാജ്ഞീ,
പരിശുദ്ധ ജപമാലയുടെ രാജ്ഞീ.
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ,
സമാധാനത്തിൻെറ രാജ്ഞീ,

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ!

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ!

ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ!

സർവ്വേശ്വരൻെറ പുണ്യപൂർണ്ണയായ മാതാവേ, ഇതാ ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകാമാതാവേ, സകല ആപത്തുകളിൽനിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമേ.

മു: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു
ഞങ്ങൾ യോഗ്യരാകുവാൻ,

സ: സർവ്വേശ്വരൻെറ പരിശുദ്ധ മാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണമനസ്സോടുകൂടെ സാഷ്ടാംഗം വീണുകിടക്കുന്ന ഈ കുടുംബത്തെ (കൂട്ടത്തെ) തൃക്കൺപാർത്തു്, നിത്യകന്യകയായ പരിശുദ്ധ മറിയത്തിൻെറ അപേക്ഷയാൽ സകല ശത്രുക്കളുടേയും ഉപദ്രവങ്ങളിൽനിന്നു രക്ഷിച്ചുകൊള്ളണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്കു തരണമേ.

ആമ്മേൻ.

പരിശുദ്ധ രാജ്ഞീ... (ശേഷവും)

മു: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു
ഞങ്ങൾ യോഗ്യരാകുവാൻ

സ: സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ ആദിയിൽ അങ്ങു നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവളുടെ ശക്തിയുള്ള അപേക്ഷയാൽ ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലുംനിന്നു് രക്ഷിക്കപ്പെടുവാൻ കൃപ ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്കു തരണമേ. ആമ്മേൻ.

N. B. കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞു് ചൊല്ലുന്ന ഫാത്തിമാ സുകൃതജപം

എന്റെ ഈശോയേ, എന്റെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽനിന്നു് എന്നെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളേയും, പ്രത്യേകം അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗ്ഗത്തിലേക്കാനയിക്കണമേ.



# This is to Certify that

---------------------------------------------

has faithfully completed the

## Fourth Year of Religion

Signed ---------------------------------------------

TEACHER

# പിതാവിൻ പക്കലേക്കു് – 4

